ജി. ചേടിയത്ത്

# മാർ അപ്രേം
# സഭാഗീതങ്ങൾ

കോട്ടയം
2009

ജി. ചേടിയത്ത്    മാർ അപ്രേം - സഭാഗീതങ്ങൾ

OIRSI
310

ജി. ചേടിയത്ത്

## മാർ അപ്രേം

# സഭാഗീതങ്ങൾ

OIRSI
No. 310

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2009

www.malankaralibrary.com

**G.CHEDIATH, MAR APREM, Sabhageethangal (Hymns on the Church)**

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G. Chediath, 2009

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 60 /-

ISBN : 978 - 81 - 88456 - 35 -2

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | - | 5 |
| മാർ അപ്രേം | - | 6 |
| ഗ്രന്ഥസൂചിക | - | 8 |
| **സഭാഗീതങ്ങൾ** | **-** | **9** |
| ഗീതം 1 | - | 9 |
| ഗീതം 2 | - | 12 |
| ഗീതം 3 | - | 15 |
| ഗീതം 4 | - | 17 |
| ഗീതം 5 | - | 19 |
| ഗീതം 6 | - | 22 |
| ഗീതം 7 | - | 24 |
| ഗീതം 8 | - | 27 |
| ഗീതം 9 | - | 29 |
| ഗീതം 10 | - | 34 |
| ഗീതം 11 | - | 35 |
| ഗീതം 12 | - | 37 |

| | | പേജ് |
|---|---|---|
| ഗീതം 13 | - | 39 |
| ഗീതം 14 | - | 41 |
| ഗീതം 15 | - | 43 |
| ഗീതം 16 | - | 44 |
| ഗീതം 17 | - | 46 |
| ഗീതം 19 | - | 47 |
| ഗീതം 20 | - | 48 |
| ഗീതം 21 | - | 49 |
| ഗീതം 22 | - | 50 |
| ഗീതം 23 | - | 52 |
| ഗീതം 24 | - | 54 |
| ഗീതം 25 | - | 57 |
| ഗീതം 26 | - | 61 |
| ഗീതം 27 | - | 63 |
| ഗീതം 28 | - | 66 |
| ഗീതം 29 | - | 70 |


www.malankaralibrary.com

| | | |
|---|---|---|
| ഗീതം 30 | - | 72 |
| ഗീതം 31 | - | 75 |
| ഗീതം 32 | - | 77 |
| ഗീതം 33 | - | 79 |
| ഗീതം 34 | - | 81 |
| ഗീതം 35 | - | 83 |
| ഗീതം 36 | - | 85 |
| ഗീതം 37 | - | 87 |
| ഗീതം 38 | - | 88 |
| ഗീതം 39 | - | 91 |
| ഗീതം 40 | - | 94 |
| ഗീതം 41 | - | 95 |
| ഗീതം 42 | - | 97 |
| ഗീതം 43 | - | 99 |
| ഗീതം 44 | - | 101 |
| ഗീതം 45 | - | 104 |
| ഗീതം 46 | - | 108 |
| ഗീതം 47 | - | 111 |
| ഗീതം 48 | - | 113 |
| ഗീതം 49 | - | 115 |
| ഗീതം 50 | - | 117 |
| ഗീതം 51 | - | 119 |
| ഗീതം 52 | - | 121 |
| അനുബന്ധം | - | 123 |
| മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ | - | 125 |
| ഫാ.ഗീവർഗീസ് ചേടിയത്ത് | - | 129 |
| ,, മലയാളം പുസ്തകങ്ങൾ | - | 131 |
| ,, ഇംഗ്ലീഷ് പുസ്തകങ്ങൾ | - | 133 |
| ,, ലേഖനങ്ങൾ | - | 133 |


www.malankaralibrary.com

# ആമുഖം

ഭാഗ്യവാനായ മാർ അപ്രേമിന്റെ സഭാഗീതങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. 52 ഗീതങ്ങളുടെ ഒരു സമാഹാരമാണിത്. സഭയെപ്പറ്റിയാണ് പ്രതിപാദനം എന്ന സൂചന ശീർഷകം നൽകുന്നെങ്കിലും, ഇതിൽ വിവിധ വിഷയങ്ങൾ ചർച്ചചെയ്യുന്നു. സഭയെപ്പറ്റി കാര്യമായി ചർച്ചചെയ്യുന്നുമില്ല. ഒരുപക്ഷേ സഭയെപ്പറ്റിയുള്ള ഭാഗം നഷ്ടപ്പെട്ടു പോയതാകാം. ഏതാണ്ട് 'കന്യാത്വഗീതങ്ങൾ' എന്ന സമാഹാരത്തിന്റെ തലക്കെട്ടു പോലെയാണിത്. കന്യാത്വത്തെപ്പറ്റിയാണ് ചർച്ചയെന്ന് തലക്കെട്ട് സൂചിപ്പിക്കുന്നെങ്കിലും ചർച്ച ചെയ്യുന്നത് വിവിധ വിഷയങ്ങളാണ്.

ഇതിനോടകം മാർ അപ്രേമിന്റെ പതിനൊന്നു കൃതികൾ ഏഴ് വാല്യങ്ങളിലായി ദൈവകൃപയാൽ ഞാൻ പ്രസിദ്ധീകരിച്ചു. ഇത് പന്ത്രണ്ടാമത്തെ കൃതിയാണ്. ഇത് എട്ടാം വാല്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. "ഉറവിടങ്ങളിലെക്കു മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനിസഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ. മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര മേജർ സെമിനരി,
നാലാഞ്ചിറ, തിരുവനന്തപുരം. 695015.
മാർച്ച് 28, 2009.

www.malankaralibrary.com

# മാർ അപ്രേം (306-373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326-നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാനമായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോവായ് (338-350), മാർ വൊളൊഗേസ് (350-361), മാർ അബ്രഹാം (361-?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309-379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയപ്പെട്ട് പിന്മാറി. എന്നാൽ 363-ലെ റോമൻ പരാജയത്തിനുശേഷം റോമാക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമുഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9-ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ അദ്ദേഹത്തെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തിലാണ്. അവയിലൊന്നാണ് സഭാഗീതങ്ങൾ. മാർ അപ്രേമിനെപ്പറ്റി കുടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം,* തിരുവനന്തപുരം, 2008, പേജ്, 8-32 കാണുക.

www.malankaralibrary.com

## സഭാഗീതങ്ങൾ-രീതികൾ

അക്കാലത്തെ മനുഷ്യർക്ക് മനസ്സിലാകുന്ന സാധാരണരീതികളാണ് അദ്ദേഹം തന്റെ കൃതികളിൽ സ്വീകരിച്ചിട്ടുള്ളത്. ആളുകൾ ആ ഗീതങ്ങൾ പാടി അവയിലെ ആശയങ്ങൾ സ്വായത്തമാക്കിയിരുന്നു. എന്നാലിന്ന് പലർക്കും ആ രീതികൾ വശമില്ല. ഇവിടെ ഗദ്യരൂപത്തിലാണ് വിവർത്തനം നടത്തിയിരിക്കുന്നത്. എങ്കിലും മൂലകൃതിയിൽ കാണുന്ന തലക്കെട്ടുകൾ അതേപടി കൊടുത്തിരിക്കുന്നു എന്നു മാത്രം. ഈ കൃതിയിൽ 15 രീതികളിലായിട്ടാണ് 52 ഗീതങ്ങൾ രചിച്ചിട്ടുള്ളത്. അവ താഴെ ചേർക്കുന്നു:

1. "എന്റെ കർത്താവേ, നിന്നിൽ ഞാൻ ലജ്ജാരഹിതനാണ്":ഗീതം 1.
2. "ക്ഷമയുള്ളവൻ ആരാണ്?": ഗീതം 2-5.10.35-37.43-44.49-50.
3. "ഈ ദിനം": ഗീതം 6.
4. "ഞാൻ വിജ്ഞാനത്തിൽ എന്റെ വായ് തുറക്കും": ഗീതം 7-9.11.22.
5. "ദൈവം തന്റെ കാരുണ്യത്താൽ": 12.52
6. "നമ്മുടെ കർത്താവ് ജറുസലേമിന്": ഗീതം 13.
7. "തന്റെ സ്നേഹത്താൽ അവൻ നമ്മുടെ പക്കലേക്കു വന്നു": ഗീതം 14.
8. "ഓ, സത്യം ശ്രവിക്കുന്നവനേ,": ഗീതം 15-20.
9. "പറുദീസാ/തലമുറകളുടെ വിധി": ഗീതം 21.28.
10 "സൃഷ്ടികളുടെ ഉടയവന് സ്തുതി": ഗീതം 23-25.
11. "ഓ, എന്റെ വിദ്യാർഥികളേ": ഗീതം 26-27.31-34.
12. "എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ": ഗീതം 29-30.
13. "ഇതാണ് മാസം": ഗീതം 38-42.
14. "നിങ്ങൾ സ്നേഹിച്ച ദൈവം": ഗീതം 45.
15. "പുതിയ മനുഷ്യൻ": ഗീതം 46-48.

### മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, മാർ അപ്രേം, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).

2. ---------, മാർ അപ്രേം, *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).

3. ---------, മാർ അപ്രേം, *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).

www.malankaralibrary.com

4. ----------, മാർ അപ്രേം, *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (-*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിയനെതി രെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).

5. ----------, മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം, 2002, പേജ്, 358 (OIRSI-263).

6. ---------, മാർ അപ്രേം, *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്, 264 (-*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).

7. ----------, മാർ അപ്രേം, *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).

8.-----------, മാർ അപ്രേം, *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).

## ഗ്രന്ഥസൂചിക

Beck, E., Des heiligen Ephraem des Syrers Hymnen de Ecclesia, Louvain 1960 (CSCO 198-199/ Syr. 84-85).*

Botha, P.J., "The rhetoric function of polarity in one of Ephrem the Syrian's Hymns on the Church' , in *Journal for Semitics* 3 (1991) 188-201 (on Hymn on the Church,1 with a translation of the whole hymn).

Brock, S.P., "St.Ephrem on Christ as Light in Mary and in the Jordan: Hymnus De Ecclesia 36", in *Eastern Churches Review*, 7 (1975)137-144 (translation of the text with commentary).

Brock,S.P., A *Garland of Hymns from the Early Church*, McLean (Virginia),1989: Hymn on the Church, 37.

Brock, S.P., *Bride of Light*. Hymns on Mary from the Syriac Churches, (*Moran Etho-9*), Kottayam, 1994: Hymns on the Church, 36-37.

Kees den Biesen, *Bibliography of Ephrem the Syrian*, Giove in Umbria, 2002.

Kees den Biesen, "La teologia poetica di Sant'Efrem Siro" in *La Scala* 46 (1992)123-138 (a translation of Hymn on the Church 9).

Poirier, P.H. "L'Evangile de Verite, Ephrem le Syrien et le comput digital", in *Revue des Etudes Augustiniennes* 25 (1979) 27-34 (on Hymn on the Church 24).

* വിവർത്തനത്തിന് ഈ ടെക്സ്റ്റാണ് ഉപയോഗിച്ചിരിക്കുന്നത്

www.malankaralibrary.com

# മാർ അപ്രേം

# സഭാഗീതങ്ങൾ

## 1

**"എന്റെ കർത്താവേ, നിന്നിൽ ഞാൻ ലജ്ജാരഹിതനാണ്" എന്ന രീതി**

1. എന്റെ കർത്താവേ, ഞങ്ങളുടെ ഉൾക്കാഴ്ച വർദ്ധിപ്പിക്കണമെ. എന്തുകൊണ്ടെന്നാൽ പാപപ്രളയം ഞങ്ങളുടെ ഉൾക്കാഴ്ചയെ മുക്കിക്കളഞ്ഞിരിക്കുന്നു. എന്റെ കർത്താവേ, പൂഴിയിൽനിന്ന് നീ ഞങ്ങളെ രൂപീകരിച്ചു.[1] ഞങ്ങളുടെ ഹൃദയം പൂഴിയിൽ മേഞ്ഞുനടക്കുന്നു. ചെളിയിൽ നിന്ന് ഞങ്ങളുടെ ശരീരം വൃത്തിയാകാൻ നീയെത്ര നന്നായി കഴുകിയാലും, അത് മാലിന്യത്തിലേക്ക് തിരികെ കുതിക്കുന്നു. നീ ഞങ്ങളുടെ ഹൃദയത്തെ മാലാഖമാരിലേക്ക് എത്ര ഉയർത്തിയാലും, അത് ധൃതിപിടിച്ച് ആഴത്തിലുള്ള കെണികളിലേക്ക് താണിറങ്ങുന്നു. എന്റെ കർത്താവേ, നിന്റെ മഹത്വത്തിനുള്ള പാത്രങ്ങളായി ഞങ്ങളെ പുതുതായി സൃഷ്ടിക്കുക.

*പ്രതിസ്തോത്രം: നല്ലവനേ, നിന്റെ കാരുണ്യത്താൽ കെണികളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ.*

2. ദുഷ്ടൻ നമ്മുടെ ഐക്യം തകർത്തു; എന്തുകൊണ്ടെന്നാൽ നമ്മുടെ യോജിപ്പ് അവന് സഹിച്ചുകൂടാ. നമ്മുടെ ഇടയ്ക്ക് അവൻ ഒളിച്ചിരുന്നുകൊണ്ട് ഒരുവനെ മറ്റൊരുവനെതിരായി ഇളക്കിവിട്ടു. എല്ലാവരെയും ശല്യപ്പെടുത്തുന്ന വിദ്വേഷം തന്ത്രപൂർവം രൂപീകരിച്ച് നമ്മുടെ ഇടയിൽ കോരിയൊഴിച്ചത് അവനാണ്. നമ്മെ ശല്യപ്പെടുത്തുന്നവൻ സ്വതന്ത്രനായി വ്യാപരിക്കുമ്പോൾ, നാം നമ്മുടെ ബന്ധുക്കളോട് പോരാടുന്നതിൽ ആരാണ്

1. ഉൽപ.2,7.

www.malankaralibrary.com

ദുഃഖിക്കാത്തത്! നാം നമ്മുടെ കൊലപാതകിയെ വെറുതെ വിടുകയും നമ്മുടെ സ്വന്തം അവയവങ്ങളെ അടിക്കുകയും ചെയ്യുന്നു. ഇതാ, നമ്മെ ശല്യം ചെയ്യുന്നവൻ ആരെന്ന് സുവ്യക്തമാണ്. നമ്മുടെ മനസ്സാകട്ടെ പതറിയിരിക്കുന്നു.

3. ബലഹീന മനുഷ്യർക്ക് മത്തുപിടിച്ചിരിക്കുന്നു. നമ്മെ വീഴ്ത്തിയ ദുഷ്ടനാകട്ടെ, സമചിത്തത പാലിക്കുന്നു. നാം മത്തുപിടിച്ചവരും അവൻ സമചിത്തനുമാണ്. അതുകൊണ്ടാണ് നാം എല്ലായിടത്തും വീഴുന്നത്. സ്വർഗീയ കഴുകനായ ജോബിനെ പിടിക്കാൻ അവൻ തന്റെ കൗശലം മുഴുവൻ പ്രയോഗിച്ചു. എന്നാൽ ജോബ് കെണി തകർത്ത് രക്ഷപെട്ടു. അവന്റെ വേട്ടക്കാരന് അവൻ എല്ലാ തലമുറകളിലും കൊടിയ നാണക്കേട് വരുത്തിവച്ചു. നിന്റെ ദാസരുടെ സ്തുതികളിലൂടെ അവന്റെ നിന്ദനം വർദ്ധിക്കട്ടെ. ജോബ് അവനെ നിന്ദിച്ചതിനാൽ, അവൻ നമ്മോട് പ്രതികാരം ചെയ്യുന്നു.

4. വിജയിയായ ജോബിനെ പിടികൂടാൻ പതിനായിരം കെണികൾക്ക് കഴിഞ്ഞില്ല. അത് നമ്മെ ലജ്ജിപ്പിക്കട്ടെ. അനേകരുടെ വേട്ടക്കാരൻ നിലവിളിച്ചു; എന്തുകൊണ്ടെന്നാൽ അവന്റെ വിജയം ഒരുവൻ തകിടം മറിച്ചു. സമ്പാദ്യങ്ങളെല്ലാം അവയുടെ ഉടമസ്ഥന് തീച്ചൂളയായിത്തീർന്നു എന്നത് ആശ്ചര്യകരം തന്നെ. നശ്വരസമ്പാദ്യങ്ങളിലൂടെ അനശ്വരമായത് കൈവന്നു. അവൻ സമ്പാദ്യങ്ങൾ അവഗണിക്കുകയും വിജയിക്കുകയും ചെയ്തു. എന്റെ കർത്താവേ, സമ്പാദ്യങ്ങൾ എടുത്തിട്ട് ഞങ്ങൾക്ക് വിജയം നൽകണമെ.

5. ഒരാളിൽ നിന്ന് നിന്ദനമേറ്റ വേട്ടക്കാരൻ ഇന്ന് വാസ്തവത്തിൽ വിജയിച്ചു. ഇതാ, അവൻ നമ്മെ തന്ത്രത്തിൽ പിടിച്ച് തന്റെ മാരകമായ കെണിക്കുള്ളിൽ ആക്കിയിരിക്കുന്നു. കൊല ചെയ്യുന്ന കെണി നമ്മുടെ സാന്ത്വനമാകത്തക്കവിധം നമ്മുടെ അന്ധത അത്ര വലുതാണ്. അതിൽ നിന്ന് നമ്മെ വിമോചിപ്പിക്കാൻ ആരെങ്കിലും മുതിർന്നാൽ, വല വിട്ടുപോരുന്നത് നമ്മെ വളരെ വേദനിപ്പിക്കുന്നു. നാം പുത്രന്റെ മണവറയ്ക്കു പകരം കുരുക്ക് വെച്ചുമാറി.

6. ധനാസക്തി[2], കീർത്തിദാഹം, അത്യാർത്തി എന്നിവയാണ് കഠിനമായ കെണികളിൽ ഏറിയ പങ്കും. ഓ, എന്റെ കർത്താവേ, മധുരവും കയ്പ്പുമുള്ള ബന്ധനങ്ങളെപ്പറ്റി: ഇവയാൽ ബന്ധിതരായവർക്ക് ബന്ധനത്തിന്റെ വേദന സന്തോഷവും ജീവിതസുഖസൗകര്യങ്ങളും ഒരുക്കുന്നു. ചങ്ങലയിൽ നിന്നുള്ള വിമോചനമാകട്ടെ, ദുഃഖവും വേദനയും ഒരുക്കുന്നു. കെട്ടുകൾ പൊട്ടിക്കുന്നതിനെപ്പറ്റി നാം സ്വേച്ഛയാ ദുഃഖിക്കുന്നു. എന്റെ വത്സലരേ, നമ്മുടെ മരണം നമുക്ക് പ്രിയങ്കരമാണെന്നത് അതിബീഭത്സമാണ്!

---

2. മാമോനാ.

www.malankaralibrary.com

7. ആരാണ് കരയാത്തത്! ഒരാൾ തന്റെ നന്മയാൽ കരുണ തോന്നി കുഴിയിൽ നിന്നു കയറ്റാൻ ആഗ്രഹിച്ചാൽ, അത് നമുക്ക് ദുഃഖകരമാകുന്നു. ശക്തമായ ബന്ധനങ്ങൾ അവൻ നമ്മിൽ നിന്ന് അഴിച്ചുമാറ്റിയാൽ, അയാൾ നമ്മുടെ എതിരാളി ആയിത്തീരുന്നു. നമ്മെ പാപത്തിലേക്കു നയിക്കുന്നവൻ നമ്മെ ബന്ധിക്കുന്നു; നേർവഴി കാട്ടുന്നവൻ നമ്മെ സ്വതന്ത്രരാക്കുന്നു. നമ്മെ ബന്ധിക്കുന്നവനെ നാം ഇഷ്ടപ്പെടുന്നു; നമ്മെ സ്വതന്ത്രരാക്കുന്നവനെ നാം വെറുക്കുന്നു. നമുക്ക് വേദന ഇഷ്ടപ്പെടാതിരിക്കാം, മരുന്നുകൾ വെറുക്കാതിരിക്കാം, നമ്മെ സഹായിക്കുന്നവരെ ദ്വേഷിക്കാതിരിക്കാം.

8. അഗ്നി ആ മൂന്നു യുവാക്കളുടെ ബന്ധനമഴിച്ചു. അവർ അതിൽ സന്തോഷിക്കുകയും നന്ദി പറയുകയും ചെയ്തു.[3] പാപത്തിന്റെ അദൃശ്യ ബന്ധനം നമ്മിൽ നിന്ന് പൊട്ടിച്ചുകളയാൻ നമ്മുടെ കർത്താവ് തന്റെ അഗ്നി ഭൂമിയിൽ ഇട്ടിട്ടുപോയി.[4] എന്നാൽ ബലഹീനരായ നാം ബന്ധനത്തിൽ സന്തോഷം കണ്ടെത്തി; കയ്പ്പിന്റെ രുചി നമ്മുടെ വായിൽ മധുരമായിരുന്നു. നമ്മുടെ ബന്ധനം നമ്മുടെ സന്തുഷ്ടിയും നമ്മുടെ സ്വാതന്ത്ര്യം നമ്മുടെ ദുരിതവുമാണ്. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ബന്ധനങ്ങൾ ഞങ്ങൾക്ക് പ്രിയങ്കരമായിരുന്നാൽ പോലും പൊട്ടിച്ചുകളയണമെ.

9. മുമ്പുള്ളവർ കിരീടം കരസ്ഥമാക്കാൻ ഉപയോഗിച്ച വിജയകവചം നാം ഉപേക്ഷിച്ചു. എല്ലാറ്റിന്റെയും കർത്താവിനോടുള്ള സ്നേഹം ഉപേക്ഷിച്ചിട്ട് ലൗകികസ്നേഹം.......ചെളി നമുക്ക് ആഭരണമായതിൽ നമുക്ക് ഹാ, കഷ്ടം!

10. ദൈവജനം ഈജിപ്തിൽ നിന്ദ്യവും കഠിനതരവുമായ അടിമത്തത്തിൽ ആയിരുന്നു. അവർ മരുഭൂമിയിൽ കാമ്യവും സംശുദ്ധവുമായ സ്വാതന്ത്ര്യത്തിലായിരുന്നു. എങ്കിലും ഈജിപ്തിൽ നിറഞ്ഞുനിന്ന പാപത്തിന്റെ ദുസ്തഴക്കത്താൽ, സമ്പൂർണസുഖം നൽകുന്ന സ്വാതന്ത്ര്യത്തെ അവർ നിന്ദിച്ചു.....പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിന് എല്ലാവരിൽ നിന്നും സ്തുതി. ഓ, മൂന്നാമനേ[5], എന്റെ അധരങ്ങളിൽ നിന്നുവരുന്ന സ്തുതി നിമിത്തം, എന്റെ വൈരൂപ്യം മറയ്ക്കണമെ. എന്റെ കർത്താവേ, കിളിർക്കാൻ തുടങ്ങിയ അഹറോന്റെ വടി[6] അതിനുള്ളിൽ നിന്നുതന്നെ അലങ്കാരങ്ങൾ കൊണ്ടുവന്നു. എന്റെ കർത്താവേ, തന്റെ സ്വന്തം നിന്ദനം ഒളിഞ്ഞിരിക്കുന്ന ശരീരം നിന്റെ വരവിന്റെ ദിവസം തന്റെ കളങ്കം പുറപ്പെടുവിക്കാൻ ഇടയാകരുതേ. എന്നോട് കരുണ കാണിച്ചവനേ, ഈ സമയം ഉച്ചത്തിൽ സ്തുതിക്കാൻ എനിക്കിടയാകട്ടെ.

---

3. ദാനി.3,91; 4. ലൂ.12,49;

5. ത്‌ളീതായാ: ക്രിസ്തുവിനെ കുറിക്കുന്നു. 6. സംഖ്യ,17,16-25.

www.malankaralibrary.com

# 2

## ദീർഘക്ഷമ, സ്വാതന്ത്ര്യം, കൃപ, നീതി എന്നിവയെപ്പറ്റി "ക്ഷമയുള്ളവൻ ആരാണ്?" എന്ന രീതി (1)

1. ഞങ്ങളുടെ പാപങ്ങൾ പൊറുക്കുന്ന നിന്റെ ദീർഘക്ഷമയെപ്പറ്റി വിവരിക്കാൻ ആവശ്യത്തിന് ക്ഷമയുള്ളവൻ ആരാണ്! ഞങ്ങൾ പാപം ചെയ്ത് തികച്ചും നീതിരഹിതരായിരുന്നു; ഞങ്ങൾ നല്ലവരായിരുന്നു; ഞങ്ങൾ അഹങ്കാരപ്രമത്തരായിത്തീർന്നു.

*പ്രതിസ്തോത്രം: നിന്റെ കൃപയ്ക്ക് സ്തുതി.*

2. ഞങ്ങൾ പരസ്പരം കരുണാരഹിതമായി ക്രൂരരാണ്. ആരെങ്കിലും ഉയർത്തപ്പെടുമ്പോൾ, ഞങ്ങൾ അസൂയപ്പെടുന്നു. ആരെങ്കിലും വീണുപോയാൽ, ഞങ്ങൾ അതിൽ സന്തോഷിക്കുന്നു. ഞങ്ങളുടെ ജീവിതം വളരെ ഹ്രസ്വമാണെങ്കിലും, ഞങ്ങളുടെ പാപംചെയ്യൽ ദീർഘമുള്ളതായി കാണപ്പെടുന്നു.

3. നീ ഞങ്ങളുടെ ജീവിതത്തിന്റെ അളവ് ചുരുക്കി. ഏറിയാൽ എഴുപതു വർഷം![7] എന്നാൽ ഞങ്ങളാകട്ടെ, ഏഴ് എഴുപത് പ്രാവശ്യം നിന്നോട് പാപം ചെയ്തു. ഞങ്ങളുടെ പാപം വർദ്ധിച്ചു പോകാതിരിക്കാൻ, കരുണണാപൂർവം നീ ഞങ്ങളുടെ ജീവിതം ചുരുക്കി.

4. നിന്റെ നീതിയെ നിശ്ശബ്ദമാക്കിയ നിന്റെ കാരുണ്യത്തെപ്പറ്റി ഞാൻ അത്ഭുതപ്പെടുന്നു. മനുഷ്യൻ സ്വതവേ അശുദ്ധനാണെങ്കിലും, അവനു തുല്യനായ അശുദ്ധനെ വെറുക്കുന്നു. എന്നാൽ പരിശുദ്ധനായ നീയാകട്ടെ, ഞങ്ങളുടെ പാപങ്ങൾ കണ്ട് പിന്മാറുന്നില്ല!

5. വീണ്ടും, നിന്നെ പ്രകോപിപ്പിക്കുന്നവരുടെ മേലും എങ്ങനെ നിന്റെ സൂര്യന് ഉദിക്കാനാകുമെന്നതിൽ[8] നിന്റെ കൃപയുമായി നിന്റെ നീതി തർക്കിക്കുന്നില്ല എന്നതിൽ ഞാൻ ആശ്ചര്യപ്പെട്ടു.

6. പരിധിയില്ലാതെ നീ ഞങ്ങൾക്ക് സമ്പൂർണത നൽകി; ഞങ്ങളാകട്ടെ, അളവുകൂടാതെ നിഷേധിച്ചു. നീ ഞങ്ങളെ നിയമം പഠിപ്പിച്ചു; ഞങ്ങളാകട്ടെ, തലതിരിഞ്ഞതു ചെയ്യുന്നു. ഞങ്ങൾ യാഥാർഥ്യവുമായി പൊരുത്തപ്പെട്ടു പോകാതെ നാമം മാത്രം ധരിച്ചു.

7. ഞങ്ങളെ പീഡിപ്പിക്കുന്നവർക്കെതിരെ നിന്റെ നീതിയെ ഞങ്ങൾ നിർബന്ധിക്കുന്നു. ഞങ്ങൾ അവർക്കെതിരെ തെറ്റു ചെയ്യുമ്പോൾ, അവർ ഞങ്ങളെ ശിക്ഷിക്കാതിരിക്കാൻ ഞങ്ങൾ പ്രാർഥിക്കുന്നു. എന്നാൽ

---

7. സങ്കീ.90,10. 8. മത്താ.5,45.

www.malankaralibrary.com

ആരെങ്കിലും ഞങ്ങൾക്കെതിരെ തെറ്റുചെയ്യുമ്പോൾ, അത് അവഗണിക്കരുതെന്ന് നീതിയോട് ഞങ്ങൾ വിളിച്ചുകൂവുന്നു.

8. എന്നാൽ തന്റെ കടക്കാരനെ കുറ്റപ്പെടുത്തിക്കൊണ്ട് ആരെങ്കിലും നിന്റെ നീതിയുടെ പക്കലേക്ക് ഓടിയടുത്താൽ, കടമെല്ലാം കൊടുത്തുവീട്ടിയിട്ട് ചോദിക്കാനായി മുൻകൂർ ജാമ്യമെടുക്കുന്നു.

9. മാപ്പപേക്ഷയുമായി ആരെങ്കിലും അവളുടെ പക്കൽ ഓടിയെത്തിയാൽ, അവന്റെ കടക്കാരനുമായി അവൾ വേഗത്തിൽ അവനെ ബന്ധിക്കുന്നു; കാരണം, അവനെ അവന്റെ പിടിയിൽനിന്ന് വിടുവിച്ചെങ്കിൽ മാത്രമേ അവളുടെ പിടിയിൽനിന്നും അവന് വിമുക്തനാകാൻ സാധിക്കൂ.

10. അവൾ വിജയിക്കുകയും നമ്മുടെ ബുദ്ധി അവളെ കീഴടക്കുകയും ചെയ്യുന്നു. തന്റെ കടക്കാർക്കുവേണ്ടി അവൾ മോചനം അപേക്ഷിക്കുന്നതിനാൽ, അവൾ ജയിക്കുന്നു. നമ്മെ ചോദ്യംചെയ്യാൻ വരുമ്പോൾതന്നെ അവൾ പ്രേരിപ്പിക്കപ്പെടുന്നതിനാൽ, കീഴടക്കപ്പെടുന്നു.

11. അവരുടെ തന്ത്രങ്ങളോടൊപ്പം നമ്മുടെ സ്വാതന്ത്ര്യം നിന്റെ നീതിയുടെ മുമ്പാകെ കടന്നുചെല്ലുന്നു. അതൊരു തെറ്റുചെയ്യാൻ ഇടയായാൽ അതിന്റെ ബലഹീനതയെപ്പറ്റി അതിന് താക്കീത് നൽകുന്നു. എന്നാൽ അവൾക്കെതിരെ തെറ്റുചെയ്യാൻ ഇടയാകുന്നെങ്കിൽ, ചെയ്യാൻ പോകുന്ന അനീതിയെപ്പറ്റി അവൾ മുൻകൂട്ടി കാണിക്കുന്നു.

12. ഇരുവരും സമതുലിതമാക്കുന്നെന്ന് അതുവഴി അവൾ മറന്നുപോയി. കാരണം, ബലഹീനമർത്യൻ കാരുണ്യത്തിന് അപേക്ഷിക്കുമ്പോൾ, അവന്റെ കടക്കാരനും ബലഹീനൻ ആയതിനാൽ, കാരുണ്യത്തിന് അപേക്ഷിക്കുന്നു.

13. നാം മറന്നുപോകുകയും മറക്കാത്തവനെ മറന്നുകളയാൻ ആഗ്രഹിക്കുകയും ചെയ്തു. നമ്മുടെ പ്രകൃതി ബലഹീനമാണെങ്കിൽ, നമുക്കെതിരെ തെറ്റുചെയ്യുന്നവൻ കടക്കാരനല്ല. എന്നാൽ നമ്മുടെ പ്രകൃതി കുറ്റമുള്ളതാണെങ്കിൽ, ദൈവം നമ്മോട് ക്ഷമിക്കണമെന്നുള്ളത് വലിയ കാര്യമാണ്.

14. നമ്മേക്കൊണ്ടു മാത്രമേ തനിക്ക് വിജയിക്കാൻ കഴിയൂ എന്ന് നീതിക്കറിയാം. കാരണം, ബലഹീനർ ആയിരിക്കുമ്പോൾ, അത് നമുക്കെല്ലാവർക്കും വേണ്ടി സംസാരിക്കുന്നു. എന്നാൽ ശക്തരായിരിക്കുമ്പോൾ, അത് നമുക്കെല്ലാവർക്കും എതിരായി സംസാരിക്കുന്നു.

15. നിന്റെ ശത്രുവിന് നിന്നെ ദ്വേഷിക്കാതിരിക്കാൻ ആവില്ലെന്ന് നിനക്കറിയാം. നിനക്ക് പാപം ചെയ്യാനാവില്ലെന്ന് നിന്റെ സ്വാതന്ത്ര്യം

www.malankaralibrary.com

ആരോപണം ഉന്നയിക്കുന്നു. കാരണം, നിന്റെ ശത്രുവിന് ശക്തിയുള്ളപ്പോൾ, നിനക്കും ആവശ്യത്തിന് ബലമുണ്ട്.

16. ദൈവത്തിനെതിരെ പാപം ചെയ്ത നമ്മുടെ ബലഹീനതയുടെ പ്രയോജനത്തിന് നാമിപ്പോൾ സംസാരിക്കുമ്പോൾ, അതോടൊപ്പം നമുക്കെതിരെ തെറ്റുചെയ്തവരുടെ ബലഹീനതയുടെ പ്രയോജനത്തിനായും നാം സംസാരിച്ചു.

17. ബലഹീനൻ എന്ന നിലയിൽ തന്നോട് കരുണ കാണിക്കണമെന്ന് ആരെങ്കിലും പ്രേരിപ്പിക്കാൻ മുതിർന്നാൽ, അവനെതിരെ തെറ്റുചെയ്തത് ആരാണെന്ന് അതുവഴി സുസ്പഷ്ടമാകുന്നു. എന്നാൽ നമ്മോട് തെറ്റു ചെയ്തവനെതിരെ നാം വീണ്ടും ആരോപണം ഉന്നയിക്കാൻ മുതിർന്നാൽ, നമ്മുടെ ആരാപണം തന്നെ നമ്മെ കുറ്റംവിധിക്കും.

18. നമ്മുടെ സ്വതന്ത്രപ്രകൃതി എല്ലാവരിലും ഒരുപോലെയാണ്. അതിന്റെ ശക്തി ഒരാളിൽ ദുർബലമാണെങ്കിൽ, മറ്റുള്ളവരിലും അതുപോലെ ആയിരിക്കും. മറിച്ച്, കരുത്തുറ്റതാണെങ്കിൽ, മറ്റുള്ളവരിലും അപ്രകാരമായിരിക്കും.

19. മധുരത്തിന്റെ പ്രകൃതി ആരോഗ്യമുള്ളവർക്ക് മധുരവും രോഗികൾക്ക് കയ്പുമാണ്. സ്വാതന്ത്ര്യവും അതുപോലെ പാപികൾക്ക് രോഗവും നീതിമാന്മാർക്ക് ആരോഗ്യവുമാണ്.

20. മധുരപ്രകൃതി പരിശോധിക്കാൻ ആഗ്രഹിക്കുന്നയാൾ പരിശോധിച്ച് പരീക്ഷിക്കുന്നത് രോഗിയുടെ വായിലല്ല. കാരണം, ആരോഗ്യമുള്ള വായ്ക്ക് മാത്രമേ രുചി തിരിച്ചറിയാൻ കഴിയൂ.

21. വീണ്ടും, സ്വാതന്ത്ര്യത്തിന്റെ ശക്തി പരിശോധിക്കാൻ ആഗ്രഹിക്കുന്നയാൾ, തങ്ങളുടെ മാലിന്യത്തിൽ രോഗികളായ മലിനരിലല്ല അത് പരിശോധിക്കേണ്ടത്. പിന്നെയോ, ആരോഗ്യമുള്ള സംശുദ്ധരായിരിക്കട്ടെ പരിശോധനയ്ക്കുള്ള ഇടം.

22. മധുരത്തിന്റെ രുചി കയ്പ്പാണെന്ന് ഒരു രോഗി നിന്നോട് പറഞ്ഞാൽ, ആസ്വാദനത്തിന്റെ ഉറവയായ മധുരത്തെ ദുഷിക്കത്തക്കവിധം അവന്റെ രോഗത്തിന്റെ ആധിക്യം എത്രമാത്രമെന്ന് അതിൽ നിന്ന് തിരിച്ചറിയുക.

23. വീണ്ടും, സ്വാതന്ത്ര്യത്തിന്റെ ശക്തിക്ക് താൻ ബലഹീനനാണെന്ന് മലിനനായ ഒരാൾ നിന്നോട് പറയാൻ ഇടയായാൽ, മനുഷ്യരുടെ നിക്ഷേപമായ സ്വാതന്ത്ര്യത്തെ നിസ്സാരമാക്കി സംസാരിക്കയാണെന്ന്, അവന്റെ സംശയത്തിന്റെ അളവ് അതിൽ നിന്ന് തിരിച്ചറിയുക.

www.malankaralibrary.com

# 3

## "ക്ഷമയുള്ളവൻ ആരാണ്?"എന്ന രീതി (2)

1. എല്ലാ മനുഷ്യരും പോരാട്ടത്തിൽ കഴിയുന്നു: ക്രോധത്തിൽ നിന്ന് അകന്നിരിക്കുന്നവൻ ലൗകികസമ്പാദ്യങ്ങളാൽ പ്രേരിതനാകുന്നു; അഹങ്കാര ദുശ്ശീലം മാറ്റുന്നവൻ ധനാസക്തിക്ക് വിധേയനാകുന്നു.

*പ്രതിസ്തോത്രം: എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്നവന് സ്തുതി.*

2. ഇപ്രകാരം ആരെങ്കിലും പോരാട്ടത്തിൽ ജയിക്കുമ്പോൾ, സംശുദ്ധൻ...... തനിക്ക് വേണമെങ്കിൽ, തന്റെ അവയവങ്ങൾക്ക് കടിഞ്ഞാണിടാൻ കഴിയുമായിരുന്നെന്ന് ഉറങ്ങുന്നവനോട് അവന് പറയാൻ മാത്രം സാധിക്കും.

3. പാപങ്ങളുടെ തീച്ചൂളയിൽ വിശ്വാസവഞ്ചന കാണപ്പെടും. പാപി സ്വേച്ഛയാ തന്റെ സ്രഷ്ടാവിനെ കുറ്റപ്പെടുത്തുന്നു. എങ്കിലും അവനിൽ മറഞ്ഞിരിക്കുന്ന അനുതാപം അവന്റെ കുറ്റാരോപണത്തിന് മതിയാകും!

4. പ്രകൃതി സാന്മാർഗികമായി ദുഷിച്ചതെങ്കിൽ, നല്ല അനുതാപം അതിൽ എങ്ങനെ മറഞ്ഞിരിക്കും? ദുഷിച്ചത് അതിലൂടെ നല്ലതായിത്തീരും. അതിൽ മറഞ്ഞിരിക്കുന്ന നന്മ തിന്മയെ ഖണ്ഡിക്കുന്നു.

5. തീയുടെ അൽപ്പമെങ്കിലും അടുത്തുചെല്ലുന്നവൻ, അതിന്റെ പ്രകൃതം ഗ്രഹിക്കുന്നു. അതിന്റെ ശക്തി അവന് അനുഭവവേദ്യമാകുന്നു. സ്വാതന്ത്ര്യം സംബന്ധിച്ചും ഇപ്രകാരമാണ്: അതിലൂടെത്തന്നെ അതിന്റെ ശക്തി പ്രഖ്യാപിക്കപ്പെടുന്നു.

6. അഗ്നിയുടെ പ്രകൃതി എല്ലായ്പ്പോഴും ഒരുപോലയാണ്; സ്വാതന്ത്ര്യത്തിന്റെ ശക്തി എല്ലായ്പ്പോഴും സ്വതന്ത്രമാണ്. അസൂയപ്പെടുമ്പോൾ അത് തണുത്തുപോകുന്നു, സ്നേഹിക്കുമ്പോൾ അത് ഉജ്ജ്വലിക്കുന്നു.

7. വീണ്ടും, ആരെങ്കിലും തന്റെ ചെറുവിരലിന്റെ അഗ്രംകൊണ്ട് കടൽജലം രുചിച്ചാൽ പോലും, അതു മുഴുവൻ എത്രയധികം ഉപ്പുരസമുള്ളതാണെന്ന് അവന് ഗ്രഹിക്കാം.

8. അതുകൊണ്ട്, പോരാട്ടത്തിൽ ദുഷ്ടനെ ജയിക്കാൻ കഴിയുമോയെന്ന് ഓരോ മനുഷ്യനെയും പരിശോധിച്ചു നോക്കാൻ യത്നിക്കേണ്ട. കാരണം, ഒരാൾക്ക് ജയിക്കാൻ കഴിയുമെങ്കിൽ, എല്ലാവർക്കും കഴിയും.

9. ഉദാഹരണത്തിന് നോഹയെ എടുത്താൽ മതി. അവന്റെ തലമുറയിലെ മനുഷ്യർക്ക് വേണമെങ്കിൽ ശരിയായ പാതയിലൂടെ ചരിക്കാമായിരുന്നെന്ന് അവർക്കെതിരെ ആരോപണം ഉന്നയിക്കാൻ അവന് കഴിയും.

www.malankaralibrary.com

10. നിനക്കെതിരെ എന്തിനു തെറ്റുചെയ്തെന്ന് നിനക്കെതിരെ തെറ്റു ചെയ്ത നിന്റെ അയൽക്കാരനെതിരെ നീ ആരോപണം ഉന്നയിക്കുന്നു. അപ്പോൾ നിന്റെ സഹമനുഷ്യർക്കും ദൈവത്തിനും എതിരായി പാപം ചെയ്യാതിരിക്കാൻ നിനക്ക് കഴിയുമായിരുന്നെന്ന് നീ അവനിൽ നിന്നെത്തന്നെ കുറ്റപ്പെടുത്തുകയാണ്.

11. നമ്മുടെ ഇച്ഛപോലെ നമ്മുടെ നാവും അതിന്റെ സംസാരത്തിൽ മാറ്റിമാറ്റി പറയുന്നു. അത് അടിതെറ്റി പാപം ചെയ്യുമ്പോൾ, അതിന്റെ ബല ഹീനത അവതരിപ്പിക്കുന്നു. എന്നാൽ സഹമനുഷ്യൻ പാപം ചെയ്യുമ്പോൾ, ഭയങ്കര ഭീഷണിവാക്കുകൾ പുറപ്പെടുവിക്കുന്നു.

12. നാവിന്റെ പ്രാർഥന അടുത്തു വീക്ഷിക്കുക; അപ്പോൾ രണ്ടുരീതി കൾ അതിൽ കാണാം. അതിന്റെ ബലം കുറവാണെന്നും സഹമനുഷ്യർ ശക്തരാണെന്നും അത് കാണിക്കും. അത് തന്റെ സ്വന്തം തെറ്റുകൾക്ക് മാപ്പപേക്ഷിക്കും. അതിന്റെ കടക്കാരെ കുറ്റപ്പെടുത്തുകയും ചെയ്യും.

13. ഇതിൽ ഏതാണ് മനുഷ്യൻ തന്റെ നേർക്കുതന്നെ തിരിക്കുന്നത്? ബലഹീനതയ്ക്കുള്ള തെളിവു നൽകിയാൽ, സഹമനുഷ്യർക്കു വേണ്ടിക്കൂടി പ്രാർഥിക്കും. സംശുദ്ധതയ്ക്കാണ് തെളിവു നൽകുന്നതെങ്കിൽ, അവൻ തന്റെ ന്യായാധിപനെ പ്രകോപിപ്പിക്കും.

14. ഈ രണ്ട് സാധ്യതകളിലൊന്ന് മനുഷ്യൻ തെരഞ്ഞെടുക്കുകയാ ണെങ്കിൽ, അവനും അവന്റെ കടക്കാരനും വിശിഷ്ടവും പൊതുവുമായ ഭാഗ ഭാഗിത്വം ഉണ്ടാകും. ബലഹീനതയും ശക്തിയും പൊതുവായിരിക്കും.

15. ഋജുത്വത്തിലേക്കു വരാൻ നമ്മുടെ തലതിരിഞ്ഞ സ്വഭാവം നിർബ ന്ധിതമാകും. മാപ്പുകൊടുക്കുന്നവനോട് ഒരാൾ അപേക്ഷിക്കുന്നു. അത് തന്റെ സഹമനുഷ്യന്റെ പ്രയോജനത്തിനായി ഭവിക്കുന്നു. അവൻ തന്റെ പ്രതികർത്താവിനെ വിളിച്ചാൽ, അവൻ അവന്റെ എതിരാളി ആയിത്തീരും.

16. താൻ തെരഞ്ഞെടുത്തതിലൂടെ ഒരാൾ തനിക്കുതന്നെ ജാമ്യം നിൽക്കുന്നു. തന്നോടുതന്നെ കരുണാപൂർവം വർത്തിക്കുന്നവന് തന്റെ സഹമനുഷ്യനെതിരെ അസൂയാലുവാകാൻ സാധിക്കയില്ല.

17. രണ്ടുവശങ്ങളും പരസ്പരം ബുദ്ധിപൂർവം വിപരീതമായി വച്ചിരിക്കുന്നു: മാപ്പുകൊടുക്കുന്നവനെ വിളിച്ചപേക്ഷിച്ചാൽ, തന്റെ കടക്കാ രൻ വിമോചിതനാകും; പകരം വീട്ടുന്നവനെ വിളിച്ചാൽ.....

18. എല്ലായിടത്തും മനുഷ്യരോടുകൂടെ സഹമനുഷ്യരെ ഒന്നിച്ചുവച്ചി രിക്കുന്നു. കൃപയുള്ളിടത്ത് കടക്കാരനും കാണും; നീതിയുള്ളിടത്ത് തെറ്റും കാണും.

www.malankaralibrary.com

19. അപേക്ഷിക്കാൻ അവൻ കടന്നുവരുന്നു; കൃപയിലേക്ക് അവൻ തിരിഞ്ഞാൽ, തന്റെ കടക്കാരനെ അവൻ കുറ്റവിമുക്തനാക്കും. നീതിയിലേക്കു തിരിഞ്ഞാൽ, അവന്റെ കടങ്ങളെല്ലാം അവതരിപ്പിക്കും.

# 4

## "ക്ഷമയുള്ളവൻ ആരാണ്?" എന്നരീതി (3)

1. ഞങ്ങൾ മാപ്പപേക്ഷിക്കുമ്പോൾ ഞങ്ങളോടു ക്ഷമിക്കാനായി ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ മുൻകൂട്ടി ക്ഷമിക്കാൻ കൃപയുടെ സമക്ഷം അവരെ നേരിട്ടു ഹാജരാക്കുന്ന നിന്റെ കർതൃത്വം ഞങ്ങളുടെ മനുഷ്യത്വത്തേക്കാൾ ഉന്നതമാണ്.[9]

*പ്രതിസ്തോത്രം: നിന്റെ നീതിക്ക് സ്തുതി.*

2. നീതിപൂർവം ഞങ്ങളുടെ കടപ്പത്രം കീറിക്കളഞ്ഞ ദൈവികമഹനീയത ഉന്നതമാണ്. അങ്ങനെ ഞങ്ങളിലാരെങ്കിലും തന്റെ കടക്കാരനെതിരെ തന്റെ അവകാശം സ്ഥാപിക്കാൻ കുറ്റാരോപണവുമായി വരുമ്പോൾ, ആദ്യം അവനോടു ഹാജരാകാൻ കൽപ്പിക്കുന്നു; അതിനുശേഷം അവന് ആരോപണം ഉന്നയിക്കാം.

3. തന്റെ പാപങ്ങളുടെ മോചനത്തിന് വരുന്നവനെ കൃപാസമക്ഷം അയക്കുന്നു. അവിടെ അവൻ തന്റെ കടക്കാരേയും കാണുന്നു. വീണ്ടും, അവൻ ആരോപണം ഉന്നയിക്കാനാണ് വരുന്നതെങ്കിൽ, അവനെതിരെ സംസാരിക്കുന്ന ജാമ്യവസ്തു കിടക്കുന്നു. നീതിയുടെ പക്കലേക്ക് അവനെ അയക്കുന്നു.

4. വീണ്ടും, അവൻ മോചനം നേടാനാണ് വരുന്നതെങ്കിൽ, കൃപാസമക്ഷം അവനെ അയക്കുന്നു. അവിടെ അവനെ കുറ്റവിമുക്തനാക്കാൻ അവന്റെ കടക്കാരൻ കാണപ്പെടുന്നു. അവർ അവനെ കുറ്റവിമുക്തനാക്കുന്നു. അവൻ മോചിതനായതുപോലെ, അവനും തന്റെ കടക്കാരനെ മോചിപ്പിക്കുന്നു.

5. കുറ്റപ്പെടുത്താൻ ആരെങ്കിലും വന്നാൽ, അവനെതിരെ സംസാരിക്കുന്ന ജാമ്യവസ്തു കിടക്കുന്ന നീതിയുടെ പക്കലേക്ക് അവനെ അയക്കുന്നു. രണ്ടിടത്തും അവന് ഞെരുക്കമാണ്. അവൻ തന്റെ കടക്കാരനെതിരെ ആരോപണം ഉന്നയിക്കുന്നു, അവന്റെ പാപങ്ങൾ നിമിത്തം അവനെതിരെയും ആരോപണം ഉന്നയിക്കപ്പെടുന്നു.

---

9. മത്താ.6,12

www.malankaralibrary.com

6. അവനോടൊപ്പം അപേക്ഷിക്കാനായി അവന്റെ ശത്രുവും ആഗതനാകുന്നു. കാരണം, അവൻ അവിടെ തന്റെ അപേക്ഷ സമർപ്പിക്കുമ്പോഴെല്ലാം, തനിക്കുവേണ്ടി അപേക്ഷിക്കുമ്പോൾ തന്റെ സഹമനുഷ്യർക്കുവേണ്ടിയും അപേക്ഷിക്കുന്നതിനാൽ, അവൻ തന്റെ സഹമനുഷ്യരുടെ പകുതിയാണ്.

7. നല്ലവൻ അവരെ തങ്ങളുടെ ആവശ്യങ്ങളിൽ പരസ്പരം ബന്ധിതരാക്കിയിരിക്കുന്നു. കാരണം, ഒരാൾ ഒരു നല്ല കാര്യത്തിന് അപേക്ഷിക്കുമ്പോൾ, തന്റെ അയൽക്കാരനു വേണ്ടികൂടിയാണ് അപേക്ഷിക്കുന്നത്. തിന്മയായത് തന്നിൽ നിന്നകലാൻ ആഗ്രഹിക്കുമ്പോൾ, തന്റെ സഹമനുഷ്യർക്കും അവൻ അതാഗ്രഹിക്കുന്നു.

8. നിന്റെ സഹമനുഷ്യനുവേണ്ടി നീ പ്രാർഥിക്കുമ്പോൾ, നിനക്കുവേണ്ടിക്കൂടിയാണ് നീ പ്രാർഥിക്കുന്നത്. നിനക്കുവേണ്ടി മാത്രം നീ പ്രാർഥിച്ചാൽ നിന്റെ പ്രാർഥന നീ ശുഷ്ക്കമാക്കുകയാണ് ചെയ്യുക. നിന്റെ സഹോദരൻ നിനക്കെതിരെ തെറ്റുചെയ്തെന്ന് നീ ആരോപണം ഉന്നയിച്ചാൽ, നിന്നിലും പാപമുണ്ടെന്ന് നീ ആരോപിക്കയായിരിക്കും ചെയ്യുക.

9. തങ്ങൾക്കു മുമ്പിൽ വാതിൽ തുറക്കാൻ കഴിയുന്ന സ്നേഹത്താൽ പ്രചോദിതമല്ലാത്ത പ്രാർഥന മുകളിലേക്ക് ഉയരാതെ വാതിലിന് പുറത്തു നിൽക്കുകയേയുള്ളു.

10. ആ പ്രാർഥന ഉന്നതത്തിലേക്ക് പറക്കാൻ ചിറകുകളില്ലാതെ, പ്രാർഥിക്കുന്ന ആളിന്റെ വായിൽ തന്നെ ഇരിക്കുന്നു. അത് താഴെത്തന്നെ കിടക്കുന്നു എന്നത് തിരിച്ചറിയാതെ, അത് മേലോട്ടുയരുന്നെന്ന് പ്രാർഥിക്കുന്നയാൾ കരുതുന്നു.

11. എഴുതപ്പെട്ടിരിക്കുന്നതുപോലെ നിന്റെ അർപ്പണത്തോടൊപ്പം ഉപ്പും കൊണ്ടുവരിക[9a]. നിന്റെ കർത്താവിനോടുള്ള സ്നേഹമായിരിക്കട്ടെ നിന്റെ അർപ്പണത്തിന്റെ ഉപ്പ്. അവനോടുള്ള സ്നേഹം എന്ന ഉപ്പ് കൂടാതുള്ള അർപ്പണം അവന് ഗർഹണീയമാണ്.

12. നിന്റെ സഹോദരന് നിന്നോടുള്ള കോപം നിന്റെ കർത്താവിന് നിന്നോടുള്ള കോപമാണ്. ധരയിൽ നിന്റെ സഹോദരനോട് നീ രമ്യപ്പെട്ടാൽ, സ്വർഗത്തിൽ നിന്റെ കർത്താവിനോട് നീ രമ്യപ്പെട്ടു[10] നിന്റെ സഹമനുഷ്യർ നിന്നോടു സഹതപിക്കുമ്പോൾ, നിന്നെപ്പറ്റി നിന്റെ കർത്താവും സഹതപിക്കും.

13. ദേഷ്യപ്പെട്ടിരിക്കുന്നവരിൽ നിന്റെ കർത്താവിനെ അനുരഞ്ജിപ്പിക്കുക, ദുഃഖിച്ചിരിക്കുന്നവരിൽ അവനെ സന്തോഷിപ്പിക്കുക, രോഗികളിലൂടെ

---

9a. ലേവ്യ.2,13. 10. മത്താ.5,24

www.malankaralibrary.com

അവനെ സന്ദർശിക്കുക,[11] വിശക്കുന്നവരിലൂടെ അവനെ തീറ്റുക, അവനെ ക്ഷണിച്ച് ഉന്മേഷവാനാക്കുക, അവനെ ചുംബിച്ച് പറഞ്ഞയക്കുക.

14. എണ്ണകൊണ്ട് അവന് ആശ്വാസം പകരുക, ക്ഷീണിച്ച സഞ്ചാരിക്ക് കിടക്കയൊരുക്കുക, അവന്റെ പാദത്തിൽ വെള്ളമൊഴിച്ച് കഴുകുക, അവൻ ഭക്ഷണമേശയിൽ ഒന്നാംസ്ഥാനം എടുക്കട്ടെ. നിന്റെ അപ്പം മുറിച്ച് അവന് നൽകുക, നിന്റെ കാസാ അവനെ തൃപ്തനാക്കട്ടെ.

15. എന്നിട്ടും അവൻ നിന്റെമേൽ ഒരുകടം വച്ചിരിക്കുന്നു. അത് ഇതിനേക്കാൾ വലുതാണ്! അവൻ ജലം സൃഷ്ടിച്ച് പവിത്രീകരിച്ചു. അവൻ നിന്റെ പാപങ്ങൾ നിന്നിൽ നിന്ന് കഴുകിക്കളഞ്ഞു. തന്റെ ശരീരം അവൻ നിന്റെ മുമ്പിൽ മുറിച്ചു. തന്റെ രക്തം കലർത്തി നിനക്കുതന്നു.

16. വിഡ്ഢീ, നീ ആയിരക്കണക്കിന് വർഷങ്ങൾ ജീവിക്കാൻ ഇടയായാലും, ഇവയിൽ ഒറ്റക്കടംപോലും വീട്ടാൻ നിന്നെക്കൊണ്ടാവില്ല. നീ എത്ര ക്ലേശിച്ച് അധ്വാനിച്ചാലും, നീ എപ്പോഴും നന്ദിയില്ലാത്തവനായിരിക്കും.

17. എന്തോ കുറേക്കൂടി മഹത്തരമായത് വാഗ്ദാനം ചെയ്തവന് സ്തുതി: തന്റെ വരവിൽ ഉണർവുള്ളവനായി അവൻ നിന്നെ കണ്ടാൽ, തന്റെ അതിഥികൾക്കിടയിൽ നിനക്ക് ഒന്നാംസ്ഥാനം മാറ്റിവയ്ക്കും. അവൻ തന്നെ എഴുന്നേറ്റ് നിന്നെ ശുശ്രൂഷിക്കും .

18. അതുകൊണ്ട്, ബലഹീനരായ നിങ്ങൾ ഹൃദയവേദനയും ദുഷ്പേരും നൽകുന്ന വിഷയാസക്തമായ തഴക്കങ്ങൾ ഉപേക്ഷിക്കുക. "വരുവിൻ, സ്വർഗീയരായിരിക്കുവിൻ" എന്ന് പിതാവ് ഉച്ചത്തിൽ വിളിച്ചുപറയുന്നു.

# 5

## "ക്ഷമയുള്ളവൻ ആരാണ്?" എന്ന രീതി (4)

1. പിതാക്കന്മാരുടെ മാതാവായ നിന്റെ നീതിക്കു സ്തുതി. അവർക്ക് തങ്ങളുടെ കുട്ടികളുടെ അലങ്കാരങ്ങളെ കുറിച്ച് അവാച്യസ്നേഹമാണെങ്കിലും, അവരിലുള്ള വൃത്തിഹീനതയ്ക്ക് ഉചിതമായ ശിക്ഷ നൽകുന്നു.

*പ്രതിസ്തോത്രം: നിന്റെ നീതിക്ക് സ്തുതി!*

2. പ്രബോധകരുടെ മാതാവായ നിന്റെ കൃപയ്ക്കു സ്തുതി! അത്

11. മത്താ.25,35–36

www.malankaralibrary.com

ദുശ്ശാഠ്യക്കാരെ നേർവഴിക്കു നയിക്കുന്ന ശിക്ഷ നടപ്പാക്കുന്നു. എന്നാൽ അനുതാപികളെ സമ്പന്നരാക്കുന്ന മരുന്നും അതിന്റെ പക്കലുണ്ട്.

3. നിന്റെ നീതിക്കു സ്തുതി! കാരുണ്യത്തിന്റെ കവാടം എവിടെ യെന്ന് അത് തന്റെ ഭീകരോപകരണങ്ങളാൽ ധിക്കാരികളെ കാണിക്കും. അങ്ങനെ അതിൽ നിന്ന് ഒളിച്ചോടുമ്പോൾ, സംരക്ഷിക്കുന്ന അഭയകേന്ദ്രം ലക്ഷ്യംവച്ച് ധൃതിപ്പെടാനാണിത്.

4. നിന്റെ കൃപയ്ക്ക് സ്തുതി! കാരണം, ഇതാണ് വിവേകിയുടെ കീർത്തി: പാപം ചെയ്യുന്നവന് അനുതപിക്കാൻ കഴിയുമെന്നറിഞ്ഞിട്ടും, പാപത്തെ വെറുക്കുന്നവൻ പാപം ചെയ്യുന്നില്ല.

5. പാപം ചെയ്യുന്നില്ല എന്നതാണ് വിവേകിയുടെ മേന്മ. തന്റെ പാപ ത്തിന്റെ വക്കീൽ കാരുണ്യം ആണെന്ന് അവനറിയാമെങ്കിലും, പാപമോച നത്തിനുള്ള പ്രത്യാശ നിലനിൽക്കുന്നെങ്കിലും, പാപം അവന് നിരാശയായി അനുഭവപ്പെടുന്നു.

6. മൂഢർ കാരുണ്യം കാണുകയും നിരവധി പാപങ്ങൾ ചെയ്തു കൂട്ടു കയും ചെയ്തു. പ്രതിഫലം കൂടാതെ സുഖപ്പെടുത്തുന്ന പ്രത്യൗഷധം ഉണ്ടെന്ന് കണ്ട് അവൻ തന്റെ ശരീരത്തെ സംരക്ഷിക്കാതെ, മുറിവുകളാൽ അതിനെ മൂടി.

7. ധിക്കാരികളെ രണ്ടും കാട്ടിയവന് സ്തുതി! ശാന്തമായ കാരുണ്യവും കഠിനമായ ശിക്ഷയും! കാരുണ്യം നിമിത്തം ധിക്കരിക്കുന്നവനെ ഭീകരോപ കരണം പിന്തിരിപ്പിക്കും.

8. ദൈവം മനുഷ്യരെ എടുത്ത് ത്രാസിന്റെ തട്ടിൽ വച്ചു. അവർ താഴു മ്പോൾ തന്റെ കൃപയാൽ അവരെ ഉയർത്തുന്നു. അവർ ഭാരരഹിതരാകു മ്പോൾ, തന്റെ നീതികൊണ്ട് അവൻ അവരെ സമതുലിതരാക്കുന്നു.

9. ഇങ്ങനെ, നീതിയുടെ മുമ്പിൽ മനുഷ്യർ വിറയ്ക്കട്ടെ. കാരണം, അവരുടെ വായ് യുദ്ധസന്നദ്ധവും അവരുടെ പേനാ എഴുതാൻ സമർഥവു മാണ്! മനുഷ്യർ ഓരോ മണിക്കൂറിലും പാപം ചെയ്യുന്നു, അവർ ഓരോ മണിക്കൂറിലും എഴുതുന്നു.

10. ആശ്ചര്യഭരിതരായി വിറയ്ക്കട്ടെ: മനുഷ്യരറിയാതെ അവരുടെ സമീപത്ത് ഒരദൃശ്യഎഴുത്തുകാരൻ നിൽക്കുന്നു. അവരുടെ വാക്കുകളും പ്രവൃത്തികളുമെല്ലാം വിധിദിവസത്തേക്ക് അവൻ കുറിച്ചുവയ്ക്കുന്നു.

11. നീതിയുടെ പ്രതികാരത്തിനു മുമ്പിൽ ആർക്കു സഹിച്ചുനിൽക്കാൻ കഴിയും? ഒരു കണ്ണിറുക്കത്തിനുപോലും അത് ശിക്ഷിക്കുന്നു. കാരണം,

www.malankaralibrary.com

നിന്റെ കണ്ണിന്റെ നോട്ടവും അതിന്റെ ശ്രദ്ധയിൽ പെടാതെ കടന്നുപോകുന്നില്ല.

12. എന്റെ സഖികളേ, വന്നുകേട്ട് ഭയപ്പെടുവിൻ! കാതുകൾ എങ്ങനെ കേൾക്കുന്നു, കണ്ണുകൾ എങ്ങനെ കാണുന്നു, കൈകൾ എന്തു ചെയ്യുന്നു, പാദങ്ങൾ എങ്ങോട്ടുപോകുന്നു എന്നിവയെല്ലാം അതിനു മുമ്പിൽ വലയം ചെയ്ത് കിടക്കുന്നു.

13. നീതിയുടെ പ്രതികാരം ഒന്നും മറക്കുന്നില്ല. കാരണം, എന്തെങ്കിലും ശ്രദ്ധയിൽ പെടാതിരുന്നാൽ, അത് അപൂർണമാണെന്ന് അറിയപ്പെടും. എല്ലാറ്റിലും അത് സമ്പൂർണമാണ്; അത് ഒന്നും മറക്കുന്നില്ല.

14. നമ്മുടെ പാപങ്ങൾ കൃപയെ കീഴ്പ്പെടുത്തിയാൽ, അതും മറിച്ചാകും; മോചിക്കാൻ കഴിയാത്തതിനാൽ, തന്റെ കാരുണ്യത്തിൽ അത് അപൂർണമായിരിക്കും. എന്നാൽ അത് എല്ലാം മോചിക്കുന്നതിനാൽ, എല്ലാറ്റിനേക്കാളും ശക്തിമത്താണ്.

15. ഞങ്ങളുടെ പാപത്തിന്റെ ഏറ്റവും ചെറിയ അംശംപോലും നിന്റെ നീതിയുടെ ശ്രദ്ധയിൽ പെടാതെ പോകുന്നില്ല എന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഞങ്ങളുടെ പാപക്കൂമ്പാരം വളർന്ന് നിന്റെ നന്മയെ കീഴ്പ്പെടുത്താനാവില്ല എന്നതിലും ഞാൻ അത്ഭുതപ്പെടുന്നു.

16. വന്നുകേട്ട് ശക്തി സംഭരിക്കുവിൻ! കാരണം, നീതിയുടെ പ്രതികാരം ഭയാനകം ആണെങ്കിലും പാപത്തെപ്പറ്റി അനുതപിച്ചാൽ, കാരുണ്യത്തിന്റെ ഒരു കണികയ്ക്ക് കടച്ചീട്ട് കീറിക്കളയാനാകും.

17. വന്നുകേട്ട് വിറയ്ക്കുവിൻ. കൃപയുടെ കടൽ കാരുണ്യത്തികവാണെങ്കിലും, അനുതപിക്കാത്തവന് ന്യായവിധിദിവസം ആരും കാരുണ്യം ഇറ്റിറ്റുവീഴ്ത്തുകയില്ല.

18. കഠിനവും മൃദുവും, സ്നേഹമസൃണവും പരുക്കനുമായ നീതിയെപ്പറ്റി ആശ്ചര്യപ്പെടുവിൻ, കൃപയെപ്പറ്റി അത്ഭുതപ്പെടുവിൻ. ധിക്കാരികൾക്ക് അത് കഠിനമാണ്, അനുതാപികൾക്ക് സ്നേഹമസൃണമാണ്!

19. ഞങ്ങളുടെ ശിക്ഷ മധുരതരമാക്കുന്ന കൃപയ്ക്ക് നന്ദി. നീതി നിമിത്തം ബലിഷ്ഠവും കഠിനവുമാണെങ്കിലും, കൃപ നിമിത്തം അനുതാപത്തിന് അത് മൃദുവായിത്തീരുന്നു.

20. നിന്റെ കരുണ ബലിഷ്ഠമായിത്തീരുന്ന നീതിക്ക് നന്ദി. കൃപയുടെ ശക്തി മൃദുവും മധുരതരവുമാണെങ്കിലും, ജാഗരൂകരായിത്തീരുന്നതിന് നീതി നിമിത്തം അത് കഠിനമായിത്തീരുന്നു.

www.malankaralibrary.com

21. സ്തുത്യർഹവും സഹായസമ്പന്നവുമായ ഈ രണ്ട് ഉറവകളെ പരസ്പരം ഒന്നിച്ചുചേർത്ത നിന്റെ തിരുഹിതത്തിന് നന്ദി. നിന്റെ നീതി നന്മയാണ്, നിന്റെ കൃപ നീതിപൂർവകമാണ്.

22. എന്റെ മേൽ മുഴുവൻ അദൃശ്യമായ കുഷ്ഠം കാണുമ്പോൾ അവ രണ്ടും കരുണ തോന്നാൻ ഇടയാകട്ടെ. എന്റെ കർത്താവേ, പൂർണമായി കുഷ്ഠം ബാധിച്ചവൻ നിന്റെ നിയമത്താൽ സംശുദ്ധനായി തീരുന്നത് എന്നിൽ സഫലമാകട്ടെ.

23. ഇതും സഫലമാകട്ടെ: "പാപം വർദ്ധിച്ചിടത്ത് കൃപയും വർദ്ധിച്ചു"[12]. എന്റെ കർത്താവേ, എന്നിൽ പാപം വർദ്ധിച്ചു. അതുകൊണ്ട് എന്നിൽ കാരുണ്യം വർദ്ധിക്കട്ടെ.

# 6

## "ഈ ദിനം" എന്ന രീതി

1. നമ്മുടെ സൃഷ്ടപ്രകൃതി നിന്ദ്യമാണെങ്കിൽ, നമ്മുടെ സ്രഷ്ടാവ് ശകാരവിധേയനാകുന്നു. എന്നാൽ നമ്മുടെ സ്വാതന്ത്ര്യം ദുഷ്ടതയാണെങ്കിൽ, നമ്മുടെ മേൽ ശകാരം കുന്നുകൂടുന്നു.

2. നമുക്ക് സ്വാതന്ത്ര്യമില്ലെങ്കിൽ, നമ്മുടെ ഇച്ഛ ചോദ്യം ചെയ്യപ്പെടുന്നത് എന്തിന്? ഇച്ഛയ്ക്ക് അതില്ലെങ്കിൽ, നീതിരഹിതമായാണ് ദൈവം നമ്മെ വിധിക്കുന്നത്. അതുണ്ടെങ്കിൽ നീതിപൂർവമാണ് അവിടുന്ന് നമ്മെ ശിക്ഷിക്കുന്നത്.

3. വിചാരണ സ്വാതന്ത്ര്യത്തെ പിൻചെല്ലുന്നു. രണ്ടും നിയമബന്ധിതമാണ്. കാരണം, സ്വാതന്ത്ര്യം വിചാരണ ചെയ്യപ്പെടുന്നെങ്കിൽ, ന്യായാധിപൻ കാട്ടിയ ഏത് അതിർത്തിയാണ് അതിലംഘിച്ചത്?

4. നമുക്ക് സ്വാതന്ത്ര്യം നൽകാതെ നിയമം തന്നതിലൂടെ നമ്മെ വഞ്ചിച്ചിട്ട്, സത്യസന്ധനായ സ്രഷ്ടാവിന് എന്തു നേട്ടമുണ്ടായി?

5. ...നമ്മുടെ സ്രഷ്ടാവ് നമുക്ക് സ്വാതന്ത്ര്യം തന്നോ ഇല്ലയോ എന്ന് നമുക്ക് ചോദിക്കാം. ചോദ്യം ചെയ്യപ്പെടാം....

6. അവിടുന്ന് തന്നിട്ടില്ലെങ്കിൽ, നമുക്ക് തരാഞ്ഞത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുക ഉചിതമാണ്. നമുക്ക് സ്വാതന്ത്ര്യം ഇല്ലാതിരുന്നെങ്കിൽ, അത് പറയാനുള്ള സാധ്യത നൽകുമായിരുന്നില്ല.

12. റോമ 5,20

www.malankaralibrary.com

7. കാരണം, ചോദ്യങ്ങളും ചർച്ചകളും സ്വാതന്ത്ര്യത്തിൽ നിന്നാണ് വരുന്നത്. പരിശോധനയും അതിന്റെ സോദരിയായ അന്വേഷണവും സ്വാതന്ത്ര്യത്തിന്റെ പുത്രിമാരാണ്.

8. പര്യവേക്ഷണം സ്വാതന്ത്ര്യത്തിൽ നിന്നു വരുന്നെന്ന് തെളിവിനു മുമ്പുതന്നെ നാം കണ്ടെത്തിയിരിക്കുന്നു. അപ്പോൾ സ്വാതന്ത്ര്യമുണ്ടോ ഇല്ലയോ എന്ന ചോദ്യം അപ്രസക്തമാണ്.

9. നിന്റെ പക്കൽ ഒരു ചോദ്യമുണ്ടെങ്കിൽ, നീ സ്വാതന്ത്ര്യത്തിന് സാക്ഷ്യം വഹിക്കുകയാണ്. നിന്റെ ഇച്ഛയാണോ മറ്റൊരാളുടെ ശക്തിയാണോ എന്ന് ആരാണ് നിന്നോട് ചോദിക്കുന്നത്?

10. മറ്റൊരാളിൽ നിന്നാണ് ചോദ്യം വരുന്നതെങ്കിൽ, നീ....മധ്യത്തിലാണ്! നിനക്ക് അതേപ്പറ്റി ഗ്രാഹ്യമില്ലെങ്കിൽ, നിന്റെ അസ്തിത്വവും നിനക്ക് ഗ്രഹിക്കാനാവില്ല!

11. ...മറ്റൊരാളുടെ ഉപകരണമാകുന്നു; നിന്നിലൂടെ മറ്റൊരാൾ ചോദിക്കുന്നു.

12. ഒരാളോ കൂടുതൽ പേരോ ഉണ്ടെങ്കിലും, നീ നൽകുന്ന വിശദീകരണം ഒന്നു മാത്രമാണ്. നീ നൽകുന്ന വിശദീകരണം അവരെല്ലാം ഉൾക്കൊള്ളുന്നു.

13. ഇപ്പോൾ അവൻ വീണ്ടും ഗ്രഹിക്കുകയും അതിനുശേഷം സ്വാതന്ത്ര്യമുണ്ടോയെന്ന് ചോദിക്കുകയും ചെയ്താൽ, നിന്നോട് ചോദിക്കുകയും അവനെതിരെ തർക്കിക്കുകയും ചെയ്തതിന് സമമാണത്.

14. തന്റെ സ്വഭാവത്തിൽ അവൻ സ്വതന്ത്രശക്തി ഉള്ളവനാണെന്ന് അവന്റെ ചോദ്യത്തിൽനിന്ന് നമുക്ക് തിരിച്ചറിയാം. ഒന്നിച്ചു ചർച്ചചെയ്ത രണ്ടു സാധ്യതകളും എല്ലാ വാക്കുകളും അവനിൽ നിന്ന് ഇളക്കിമാറ്റുന്നു.

15. ചോദിക്കാൻ നീ ശക്തനാണെങ്കിൽ, നീ മേലിൽ ചോദിക്കേണ്ട ആവശ്യമില്ല. എന്നാൽ ചോദിക്കാനുള്ള സാധ്യത നീ കവർന്നാൽ, നീ സ്വാതന്ത്ര്യം കവർന്നിരിക്കുന്നു.

16. ബന്ധിതപ്രകൃതി ചോദിക്കാറില്ല; കാരണം, ഒരുതരം ഏകാധിപത്യപരമായ കാര്യമാണ് ചോദിക്കൽ. സ്വതന്ത്രപ്രകൃതി ചോദിക്കുന്നു; കാരണം, അതിന്റെ ഇച്ഛ ഏകാധിപത്യപരമാണ്.

17. ഇരുവരെ പ്രതിയും ഇരുവശത്തുനിന്നും ഒരുദാഹരണം നീ നൽകുക. അതുവഴി, പ്രയാസമുള്ളത് നിന്നിൽ നിന്ന് മനസ്സിലാക്കാൻ എളുപ്പമായി പുറത്തേക്ക് കേൾപ്പിക്കാൻ നിനക്കു കഴിയും.

www.malankaralibrary.com

18. മൂകന് ചോദിക്കാനാവില്ല; കാരണം, അവന്റെ നാവ് ബന്ധിതമാണ്. സംസാരശക്തിയുള്ളവന് ചോദിക്കാനാകും; കാരണം, അവന്റെ നാവ് അതിൽ തന്നെ ശക്തിയുള്ളതാണ്.

19. ബന്ധിതപ്രകൃതി എന്താണെന്ന് ബന്ധിതനാവുള്ള മൂകനിൽ നിന്ന് തിരിച്ചറിയുക. സ്വാതന്ത്ര്യം എന്താണെന്ന് സംസാരശക്തിയുള്ളതും ബന്ധി തമല്ലാത്തതുമായ നാവിൽ നിന്നു പഠിക്കുക.

20. ഈ വായുടെ വാക്ക് ബന്ധിതമല്ലാത്തതുപോലെ സ്വാതന്ത്ര്യവും ബന്ധിതമല്ല. മൂകന്റെ നാവ് ബന്ധിതമായിരിക്കുന്നതു പോലെയാണ് ബന്ധിത പ്രകൃതിയും.

21. ഇവന് വായിലെ വാക്കില്ല; ഇവന് സ്വാതന്ത്ര്യവുമില്ല. ഞാൻ നിന്നോട് പറഞ്ഞതിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ രുചി നിന്നിൽ തന്നെ രുചി ച്ചു നോക്കുക.

22. നിന്റെ സ്വന്തം കഴിവ് നിന്നിൽതന്നെ പരിശോധിച്ചുനോക്കുക. അതു നിനക്ക് ഉണ്ടോ ഇല്ലയോ എന്ന് കാണുക. നിന്നിൽ നിന്നുതന്നെ നിനക്ക് സ്വാതന്ത്ര്യം തിരിച്ചറിയാം.

# 7

## "ഞാൻ വിജ്ഞാനത്തിൽ എന്റെ വായ് തുറക്കും" എന്ന രീതി (1)

1. ഞാൻ തന്നെ ഏർപ്പെട്ട പാപസംഗതികൾ എനിക്ക് പ്രയാസമുള്ള കാര്യമാണ്. കാരണം, തന്റെ തന്നെ തെറ്റുകുറ്റങ്ങളെപ്പറ്റി ആരോപണം ഉന്ന യിക്കുക മനുഷ്യർക്ക് എളുപ്പമല്ല. വളരെ കുറച്ചുമാത്രം തെറ്റുകുറ്റങ്ങൾ ചെയ്ത മറ്റൊരാൾ ആരോപകനും അതേസമയം വിധിയാളനുമായി കടന്നു വന്ന് വിധിക്കുന്നത് അവന് നന്നായി മനസ്സിലാകും. അവൻ പാപം മുഴുവ നായി പിഴുതെടുക്കുകയും കടപ്പെട്ട ശിക്ഷ പൂർണമായി നടപ്പാക്കുകയും കൃതഘ്നതാപൂർവം പ്രവർത്തിച്ചതിന് നീതി പൂർണമായി പുനഃസ്ഥാപിക്കു കയും ചെയ്യും.

2. മനുഷ്യൻ കണ്ണാടിപോലെ നീതിയെ ശോധന ചെയ്യുകയും അതിനെ തന്റെ സഖിക്കെതിരെ പ്രയോഗിക്കുകയും ചെയ്യുന്നു. അതിലൂടെ അവന്റെ വൈകൃതങ്ങൾക്ക് അവനെ ശിക്ഷ വിധിക്കാനും, അവനിൽ ഒരുപക്ഷേ ഗൗര വമേറിയ കളങ്കം ഉണ്ടോയെന്ന് കാണാനും, അവന് ഒരു നിഗൂഢപാപം ഉണ്ടെ ങ്കിൽ അത് വെളിപ്പെടുത്താനും, അവൻ താന്തോന്നിയാണെങ്കിൽ ന്യായാ

www.malankaralibrary.com

ധിപനായി ന്യായാസനത്തിൻ മുമ്പിൽ എത്തിക്കാനും, അവൻ നിന്ദ്യനാണെങ്കിൽ അത് വെളിച്ചത്താക്കാനും, അവൻ ബഹുമാന്യനാണെങ്കിൽ അവനെ നിന്ദിക്കാനുമാണിത്. അവൻ നിന്ദ്യനാണെങ്കിൽ അവൻ അവനെ കൈവെടിയുന്നു. അവൻ നല്ലവനാണെങ്കിൽ അവനെ അംഗീകരിക്കുന്നില്ല. നമ്മുടെ സ്വന്തം പ്രയോജനത്തിനായി അപമാനം സഹിക്കാൻ, നമ്മുടെ കർത്താവ് നമുക്ക് ശക്തി നൽകട്ടെ.

3. കാരണം കൂടാതെ നിന്നെ വെറുക്കുന്ന ശത്രുവിൽ നിന്ന് നിനക്ക് വലിയ പ്രയോജനം ഉണ്ടാകുന്നു. കാരണം, അവൻ നിമിത്തം നീ അനേകം പാപങ്ങളിൽ നിന്ന് നിന്നെത്തന്നെ സംരക്ഷിക്കുന്നു. അവന്റെ അസൂയ നിനക്ക് വലിയൊരു മതിലാണ്; അവന്റെ അസൂയ പാപത്തിനെതിരെ നല്ല ആയുധമാണ്. നിനക്കെതിരെ അവൻ തന്റെ പതിയിരിപ്പുസ്ഥലത്ത് ഇരിക്കുന്നതിനാൽ...അവൻ...നിന്നെ ശുദ്ധീകരിക്കുന്നു. അവനെപ്പറ്റിയുള്ള ഭയം നിന്റെ ബലഹീനതയെ ശക്തിപ്പെടുത്തുന്നു. അവന്റെ ശകാരം നിന്റെ പാപാവസ്ഥയെ ശുദ്ധീകരിക്കുന്നു. നിന്റെ ലാഭഹേതു നിന്ദ്യമാണ്; അതിന്റെ ശുദ്ധീകരണ മൂശയിൽ നീ സുന്ദരനാകും. എന്റെ മകനേ, പിന്നാലെ ധൃതിയിൽ വരുന്ന വെറുപ്പുളവാകത്തക്കവയെ അപമാനം തടയുന്നു.

4. അവൻ തിന്മ കൂട്ടിച്ചേർത്തെങ്കിലും നിനക്കത് നന്മയായി പരിണമിച്ചു...... സ്വയം കീഴ്പ്പെടുത്തപ്പെടാൻ തന്റെ അസൂയകൊണ്ട് അവൻ നിന്റെ നുകം നീക്കി. അവൻ മാത്രം അതിൽ കത്തുന്നതിന് അവന്റെ അസൂയ നിന്നെ അഗ്നിയിൽ നിന്നു പിന്തിരിപ്പിച്ചു. അവൻ നിനക്ക് തടസ്സം സൃഷ്ടിക്കുമ്പോൾ, ക്രിസ്തുവിലാണ് നിന്റെ സമാശ്വാസം. എന്റെ മകനേ, ഈ കാരണങ്ങളാലെല്ലാം സഹായസമാഹാരനിക്ഷേപമാണ് ക്ഷമ.

5. ....വൈദ്യൻ തനിക്കുതന്നെ അന്ധനായിരിക്കുന്നെങ്കിലും മറ്റുള്ളവർക്ക് പ്രകാശം വർദ്ധിപ്പിക്കുന്നു. സ്വഭാവേന അവൻ അന്ധൻ അല്ലാത്തതിനാൽ, അവൻ കണ്ണിൽ കാണുന്ന തുലാം അവനെ ബോധ്യപ്പെടുത്തുന്നു.[13] കാണാനും കാണാതിരിക്കാനുമുള്ള ഇച്ഛ തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. എന്റെ മകനേ, പരിഹാസകന്റെ മുമ്പിൽ പതറിപ്പോകേണ്ട. നിനക്ക് വിജയം നൽകാനും അവനു നഷ്ടം വരുത്താനും....അവന്റെ കപ്പൽ കടലിലെ ഓളങ്ങളിൽ കിടക്കുന്നു. കച്ചവടക്കാരൻ വളരെ അധ്വാനിക്കുന്നെങ്കിലും പ്രയോജനമൊന്നും കാണുന്നില്ല. തന്റെ സ്വരത്താൽ മാത്രം നിന്റെ കാതിൽ പതിക്കുന്നവൻ അപ്രകാരമാണ്. എന്റെ മകനേ, നീതിമാന്മാരുടെ ഇടയിൽ നീ പ്രകീർത്തിക്കപ്പെടാൻ, നിന്നെ സ്നേഹിക്കുന്നവരെ നീ സ്നേഹിക്കുക. എന്നാൽ നല്ലവരുടെ ഇടയിൽ നീ പ്രകാശിതനാകാൻ, നിന്നെ വെറു

13. മത്താ.7,4

www.malankaralibrary.com

ക്കുന്നവരെയും സ്നേഹിക്കുക...നല്ലവരോടും നീതിമാന്മാരോടുമൊപ്പം കിരീടം ധരിപ്പിക്കപ്പെടാൻ അവസരം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ....എന്തുകൊണ്ടെന്നാൽ അവൻ മനുഷ്യനെ നേടിയപ്പോൾ, ദൈവവും അവനിൽ പ്രീതിപ്പെട്ടു. തന്റെ കർമങ്ങളിൽ മനുഷ്യൻ ദുഷ്ടതയെ സ്നേഹിക്കുന്നു, അതിന്റെ പേരിൽ മാത്രമേ അതിനെ ദ്വേഷിക്കുന്നുള്ളൂ. എന്റെ കർത്താവേ, നീ ശിക്ഷിക്കുമ്പോൾ, നിന്റെ ദാസന്റെ കാര്യം അപ്പാടേ തീർന്നു.

8. ഒരു ന്യായാധിപൻ ഹൃദയത്തിൽ വസിക്കുകയും പ്രവൃത്തികൾ പരിശോധിക്കുകയും ചെയ്യുന്നു. സത്പ്രവൃത്തികളിൽ അവൻ സന്തോഷിക്കുന്നു, ദുഷ്പ്രവൃത്തികൾക്ക് അനുതാപാവസരം നൽകുന്നു. അവന്റെ മുമ്പിൽ ഭയക്കുന്നവൻ കിരീടം അണിയിക്കപ്പെടുന്നു. അവനെ നിന്ദിക്കുന്നവൻ ലജ്ജിക്കുന്നു. ന്യായവിധിക്കായി വരുന്ന ആ ന്യായാധിപന്റെ നിഴലാണവൻ. അവൻ നമ്മുടെ സത്പ്രവൃത്തികൾ വെളിച്ചത്തു കൊണ്ടുവരുന്നു, മറഞ്ഞിരിക്കുന്നവ പരസ്യമാക്കുന്നു. പാപിയായ എനിക്കുവേണ്ടി നിന്റെ കൃപ ആ ദിവസം പ്രവേശിക്കട്ടെ. പ്രതികാരം ചെയ്യുന്നവനായ നിനക്കു സ്തുതി. കരുണാനിധിയാകാനും കഴിവുള്ളവനാണല്ലോ നീ!

9. എന്റെ കർത്താവേ, ഞാൻ എവിടെ രക്ഷ കണ്ടെത്തും? ആരുടെ പക്കൽ ഞാൻ അഭയം തേടും? ഒരന്യൻ ഉണ്ടെങ്കിൽ തന്നെയും, ഞാൻ മറ്റൊരാളിൽ അഭയം തേടുന്നത് സംഭവിക്കാതിരിക്കട്ടെ. കാരണം, ഞങ്ങളുടെ നിർമാതാവിനേക്കാൾ നല്ലവനില്ല; ഞങ്ങളുടെ സ്രഷ്ടാവിനേക്കാൾ ശാന്തനായി മറ്റാരുമില്ല! എന്തുകൊണ്ടെന്നാൽ അവിടുന്ന് മാത്രമാണ് ഞങ്ങളെ നിർമിച്ചതും തന്റെ പുത്രൻവഴി രക്ഷിച്ചതും പരിപാലിക്കുന്നതും! എന്റെ കർത്താവേ, നിന്നെ ഞാൻ ഭയപ്പെടുന്നു, വീണ്ടും നിന്നിലേക്ക് ഞാൻ ഓടുന്നു. നീ ശിക്ഷിക്കുകയും സ്വന്തമാക്കുകയും ചെയ്യുന്നു. കാരണം, രണ്ടും നിനക്ക് അവകാശപ്പെട്ടിരിക്കുന്നു. അസ്തിത്വമില്ലാത്ത അന്യനെ ഞാൻ ഏറ്റുപറയാത്തതിനാൽ, അസ്തിത്വം തന്നെയായവൻ എന്നെ തള്ളിപ്പറയരുതേ!

10. പകരക്കാരൻ ഇല്ലാത്ത നിന്റെ നാമങ്ങൾ ഞങ്ങൾ പ്രഘോഷിക്കുന്നു. നല്ലവനും നീതിമാനും സ്രഷ്ടാവും പിതാവുമായ ദൈവം സ്ഥിതിചെയ്യുന്നു. സ്തുത്യർഹമായ ദൈവത്വത്തിന്റെ നാമകിരീടം ഇതാണ്. മോഷ്ടാവായ ആരെങ്കിലും ഒരു നാമം മോഷ്ടിച്ചെടുത്താൽ, അവനെതിരെ ആ നാമം ഉച്ചത്തിൽ വിളിച്ചുപറയും. രാജകിരീടത്തിൽ നിന്ന് ഒരു രത്നം നഷ്ടപ്പെട്ടാൽ ഒരവയവവും ഒരു സഹോദരനുമെന്നപോലെ കിരീടം മുഴുവൻ പരിശോധിക്കുന്നു. എന്റെ സഹോദരരേ, മൂന്നു നാമങ്ങളുള്ള കിരീടങ്ങൾ ത്രിത്വത്തിനുണ്ട്.

www.malankaralibrary.com

# 8

## "ഞാൻ വിജ്ഞാനത്തിൽ എന്റെ വായ് തുറക്കും"എന്ന രീതി (2)

1. പോരാട്ടം അടുത്തു, അതു വന്നുകഴിഞ്ഞു. അതിൽ നമുക്ക് നമ്മെ ത്തന്നെ പരിശോധിക്കാം! ബലമുള്ളവരെ ബലഹീനരാക്കാൻ സാത്താൻ അവരുടെ ഇടയിൽ ബലഹീനത കൂട്ടിയിളക്കി. അവൻ ഇളക്കിവിട്ട പോരാട്ടം അവനറിയാതെ തന്നെ അവനെതിരെ തിരിഞ്ഞിരിക്കുന്നു. അവൻ തന്റെ സ്വന്തമായതുമാത്രം എടുത്തുകൊണ്ട് കടന്നു....നമ്മുടെ ദൃഢത മയപ്പെട്ടിരി ക്കുന്നു. അത് അതിൽ തന്നെ ശക്തിയാർജിച്ച് പോരാട്ടത്തിന് എഴുന്നേറ്റ് വിജയിക്കുകയും വിജയകിരീടം സ്വീകരിക്കുകയും ചെയ്തു.

*പ്രതിസ്തോത്രം: വരുവിൻ, മുൻകാലത്തുള്ളവർ കിരീടധാരികൾ ആയിത്തീർന്ന അതേ ധൈര്യം നമുക്ക് സംഭരിക്കാം.*

2. എന്റെ സഹോദരരേ, നിങ്ങൾ ഉൾക്കാഴ്ച ഉള്ളവരായിരുന്ന്, എല്ലാ വരെയും ജീവിപ്പിക്കുന്നവന്റെ വിവേകപൂർണമായ തീരുമാനങ്ങൾ പരിഗ ണിക്കുവിൻ. അവൻ വിഗ്രഹാലയങ്ങളുടെ കവാടങ്ങൾ അടച്ചു. തന്റെ പരി ശുദ്ധാലയത്തിന്റെ വാതിലുകൾ തുറന്നു. നഷ്ടപ്പെട്ടു പോയതിനെ കണ്ടെ ത്തുവാനായി ബുദ്ധിമാൻ കടന്ന് നന്ദി പറയുന്നു. എന്നാൽ തന്റെ വായ് തുറക്കാൻ നന്ദിയില്ലാത്തവന് തോന്നിയില്ല. നീതിയെ നിന്ദിക്കാതിരിക്കാൻ മിശിഹാ, സ്കറിയോത്തായെ ശ്ലീഹന്മാരുടെ കൂടെ ചേർത്തു. അവൻ നന്ദി പറഞ്ഞിരുന്നെങ്കിൽ, അവനു മാറ്റം വരുമായിരുന്നു. അവൻ തള്ളിപ്പറഞ്ഞ തിനാൽ, അത് അവനെതിരെ തിരിഞ്ഞു.

3. മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകിയ കാരുണ്യവാൻ, രോഗകാരണ മായ ആ തെറ്റിന്റെമേൽ ബലപ്രയോഗം നടപ്പാക്കി. വൈദ്യനെന്ന നിലയിൽ അതിന്റെ കാരണം അവൻ മുറിച്ചുമാറ്റി. അങ്ങനെ അനേകായിരങ്ങൾ സുഖം പ്രാപിച്ചു. ശരിയായിട്ടുള്ളവർ തെറ്റിന്റെ വിഷത്താൽ നശിച്ചുപോയില്ല. വിജാ തിയർ കരുതി....വിജാതിയത്വം പന്നിക്കൂട്ടത്തെ കണ്ടു. അവരുടെ ഹൃദയ ത്തിൽ സംശുദ്ധത ഉണ്ടായിരുന്നില്ല. ക്രിസ്തു അനുവദിച്ചതിനാൽ, അത് അതിന്റെ മാലിന്യത്തിലേക്ക് തിരിച്ചുപോയി.[14]

4. തന്റെ വരവിൽ ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാ ടുകളെ തന്റെ ഇടത്തുഭാഗത്തുമായി വേർതിരിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട്.[15] നമ്മോടു കൂടിക്കലർന്ന 'കറുത്തവരെ' അവിടുന്ന് ഇപ്പോൾ തന്നെ വേഗത്തിൽ വേർതിരിച്ചു.

14. മർക്കോ.5,13 15. മത്താ.25,32f.

www.malankaralibrary.com

5. ഈയം വിശ്വാസത്തെ ഉണർത്തുന്നു; അത് വെള്ളിയും പിച്ചളയുമായി കൂടിച്ചേർന്ന് അതിനെ വിരൂപമാക്കുന്നു. അത് സ്വയം അലങ്കരിച്ച് സ്വർണത്തിൽ പടർന്നുകയറുന്നു. പീഡനത്തിന്റെ തീച്ചൂളയിൽ തന്റെ സ്വന്തക്കാർ എതിരാളികളാകുമ്പോൾ, അത് ഉപദ്രവം വരുത്തുന്നു എന്ന് മനുഷ്യർ കരുതുന്നു. നമ്മുടെ സ്വർണത്തിൽ നിന്ന് അതിന്റെ നിന്ദ്യമായ അയിര് അവൻ വേർതിരിക്കുന്നു. നിന്നെ വെറുക്കുന്ന തീച്ചൂള നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. അതു നിന്റെ കിട്ടം നിന്നിൽനിന്ന് ദൂരെയകറ്റുന്നു. നിന്റെ സൗന്ദര്യവും നിന്റെ സത്യവും അതിൽ സംശുദ്ധമാക്കുക. നിന്റെ കണ്ണാടിയായ യേശുവിനെ നോക്കുക. നമ്മുടെ കർത്താവിനെ വലത്തുവശത്തു ദർശിച്ച ആദ്യ രക്തസാക്ഷിയെപ്പോലെ ആകുക.[16]

6. ആരാണ് തന്നെത്തന്നെ അർപ്പിച്ച് മഹാപുരോഹിതൻ ആയിത്തീർന്നതെന്നും, എങ്ങനെ തന്റെ അർപ്പണം തന്റെ പിതാവിനെ പ്രീതിപ്പെടുത്തിയെന്നും, ഭൗമികരിൽ നിന്നുള്ള ഒരു മനുഷ്യൻ കിരീടം ധരിപ്പിക്കപ്പെട്ട ആ കാഴ്ചയിൽ മാലാഖമാർ സന്തോഷിച്ചെന്നും, ആദ്യരക്തസാക്ഷിയിൽ ആരംഭത്തിൽ തന്നെ അവിടുന്ന് നമുക്ക് കാട്ടിത്തന്നു. ഏലിയായിൽ എന്നപോലെ അവർ അവനിൽ സന്തോഷിച്ചു. ഹാനോക്കിലെന്നപോലെ അവർ അവനിൽ ആനന്ദിച്ചു. അവൻ തന്റെ നാമം ജീവൽഗന്ഥത്തിൽ വായിക്കും. തന്റെ വാഗ്ദാനവുമായി പ്രശോഭിതനായും വിജയിയായും അവൻ മുന്നോട്ട് വരും. ഞങ്ങളെ നിന്നിൽ നിന്ന് അകറ്റാൻ ആഗ്രഹിക്കുന്ന ബലപ്രയോഗത്തെ നിസ്സാരമാക്കിത്തള്ളാൻ എന്റെ കർത്താവേ, ഞങ്ങൾക്ക് ഇടയാക്കണമെ.

7. രാജാക്കന്മാർക്കുവേണ്ടിയും മെത്രാന്മാർക്കുവേണ്ടിയും ആരാണ് പ്രാർഥിക്കാത്തത്! എന്റെ ചുറ്റും ഉറപ്പുള്ള കോട്ടകൾ ഉണ്ടായിരുന്നു; പ്രാർഥനയും ഉപവാസവും എന്നെ സംരക്ഷിച്ചു. എന്റെ കർത്താവേ, അജഗണം സമാധാനത്തിൽ ജീവിച്ചു. പ്രശാന്തമായ മേച്ചിൽപുറങ്ങളിൽ അവ മേഞ്ഞു നടന്നു. അവ തടിച്ചുകൊഴുത്ത് എല്ലാവരുടെയും ഇടയനെതിരെ ഉയർന്നു. മേച്ചിൽപുറം വിട്ട് ഇടയനെതിരെ തിരിഞ്ഞ അജഗണമേ! എല്ലാവരുടെയും ഇടയൻ തന്റെ അജഗണത്തോട് കാരുണ്യം കാണിക്കട്ടെ. ചെന്നായുടെ ശബ്ദത്തിൽ ഉയർന്ന ചോദ്യശരങ്ങൾ നിശ്ശബ്ദമാകുന്നു. അകത്തുള്ളവരെ പരസ്പരം വേർതിരിക്കുന്നതിന്, പുറത്തുള്ള ശത്രുവിനെ ഉയരാൻ അനുവദിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. നട.7,56

www.malankaralibrary.com

# 9

## "ഞാൻ വിജ്ഞാനത്തിൽ എന്റെ വായ് തുറക്കും"എന്ന രീതി (3)

1. ഞാൻ നിന്റെ പക്കലേക്ക് അടുക്കുമ്പോൾ, ഒരിക്കലും എന്റെ ബലഹീനപ്രകൃതി മറക്കാനാവില്ല. നിശ്ശബ്ദതയിൽ നിന്നെ ഞാൻ ധ്യാനിക്കുമ്പോൾ, എനിക്കു മനസ്സിലാക്കാൻ കഴിയുമെങ്കിൽ, അത് വലിയ കാര്യമായിരിക്കും. തനിക്കറിയാവുന്നവരുമായി സ്വാതന്ത്ര്യത്തോടെ ഇടപെടുന്ന ശിശുവിനെ ആരും ശകാരിക്കാറില്ല. അതുകൊണ്ട് നിന്നോട് ധൈര്യപൂർവം ഇടപെടുന്ന ഞങ്ങളെ കുറ്റപ്പെടുത്തരുതേ. കാരണം, നിന്നെ സൂക്ഷിച്ചുനോക്കാൻ ആര് മുതിരും? നിന്റെ മഹനീയതയുടെ മുമ്പാകെ പാടാൻ എന്റെ നിസ്സാരതയെ ഉത്തേജിപ്പിച്ചത് സ്നേഹം മാത്രമാണ്.

*പ്രതിസ്തോത്രം: ഞങ്ങളുടെ കർത്താവേ, എന്റെ കഴിവനുസരിച്ച് ഭയരഹിതമായി നിന്റെ മഹത്വം പാടിപ്പുകഴ്ത്താൻ എന്നെ നിന്നിലേക്ക് തിരിക്കുക.*

2. എന്റെ കർത്താവേ, എന്നെക്കുറിച്ചുള്ള അറിവിലും നിന്നെപ്പറ്റിയുള്ള അവബോധത്തിലും-രണ്ടിലും-എന്റെ ശക്തി കുറഞ്ഞുപോകുന്നു. നിന്റെ ഔന്നത്യത്തിലേക്ക് അടുത്തുവരികയോ, പൂഴി നിന്റെ മഹനീയതയെ സമീപിക്കുകയോ! നിന്റെ പ്രബോധനം പുതുവീഞ്ഞാണ്; അതു പാനം ചെയ്യുന്നവനെ അത് ഉയർത്തുന്നു. അതുവഴി അവൻ തന്റെ ബലഹീനത മറക്കുകയും വിക്കലും ശങ്കയും കൂടാതെ ഭയരഹിതമായി സംസാരിക്കാൻ മുതിരുകയും ചെയ്യുന്നു. നിന്റെ സ്നേഹത്താൽ എന്റെ വീണ ധൈര്യം അവലംബിച്ചു; നിനക്കു പതിവായിരിക്കുന്നതുപോലെ, കർത്താവേ, അതിൽ മീട്ടിയാലും! അതിന്റെ ഗാനങ്ങളാൽ അത് നിന്നെ പ്രകീർത്തിക്കാനായി അതിന്റെ അയഞ്ഞ കമ്പികളെ ബലപ്പെടുത്തിയാലും!

3. എന്റെ ബുദ്ധി എന്നോട് സംസാരിക്കാൻ തുടങ്ങി. ഗൗരവമായി ചോദ്യം ചെയ്തുകൊണ്ടും ശാന്തമായി ഉപദേശിച്ചുകൊണ്ടും ശാന്തമായും എന്നാൽ ദൃഢമായും അത് സംസാരിച്ചു. ഞാൻ ശങ്കയുള്ളവനും ബഹുമാനം കാട്ടുന്നവനുമായിരിക്കണം. ഞാൻ പിടലി കടുത്തവനും നിന്ദിക്കുന്നവനും ആകാൻ പാടില്ല. നിന്ദിതനും അശ്രദ്ധനും ആകാതിരിക്കാൻ ഞാൻ വഴിവിട്ടുപോകാൻ പാടില്ല. അതിന്റെ ഊക്കാൽ അത് എന്നെ നിയന്ത്രിച്ചു. അതിന്റെ ശാന്തതയാൽ അത് എന്നെ പ്രബോധിപ്പിച്ചു: "ബലഹീനനേ, നിശ്ശബ്ദതയിൽ സ്തുതിയർപ്പിക്കുക നിനക്ക് മതിയാകും." വായാടിത്തത്തേക്കാൾ നിശ്ശബ്ദതയെ തന്റെ ഉൾക്കാഴ്ചയാൽ വലുതാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com

4. സ്നേഹോപദേശം എന്നെ അത്ഭുതപ്പെടുത്തി. അതുകൊണ്ട് നിശ്ശബ്ദതയെ ഞാൻ പൂർണമായി നിന്ദിച്ചു. തന്റെ സ്നേഹത്താൽ ഉരുക്കുമുഷ്ടിയെയും തന്റെ തീക്ഷ്ണതയാൽ മഹാഭയത്തെയും തന്റെ സ്വരത്താൽ നിശ്ശബ്ദതയെയും കീഴടക്കിയ യോഹന്നാനെ നോക്കുക. ദൈവത്വത്തിന്റെ ഭീതികരമായ ഉന്നതത്തിലേക്കുപോലും അവൻ ഭയരഹിതനായി കയറുകയും ശക്തിയുടെ മാറിടത്തിൽ ചാരിക്കിടക്കുകയും[17] നിഗൂഢരഹസ്യങ്ങൾ ചോദിച്ചറിയുകയും വെളിപ്പെടുത്തപ്പെട്ട വിശദീകരണം സമ്പാദിക്കുകയും ചെയ്തു. നിശ്ശബ്ദരേക്കാൾ, സംസാരിച്ചവന് സന്തുഷ്ടി നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. കോപത്തോടെ എന്റെ ബുദ്ധി ഇതും കൂട്ടിച്ചേർത്തു: നിന്റെ ഗർഭധാരണത്തെപ്പറ്റി ബലഹീനനേ, എന്നോട് പറയുക. എങ്ങനെയാണ് നിന്റെ ഉത്ഭവം? എങ്ങനെയാണ് അതിന്റെ പൂർത്തീകരണം? നീ എന്താണെന്നോ, എവിടെയാണെന്നോ ഉദരത്തിൽവച്ച് നിനക്ക് യാതൊരവബോധവും ഇല്ലായിരുന്നു. നിന്റെ ശരീരം എവിടെയാണെന്ന് പാതാളത്തിലും നിനക്ക് അറിവുണ്ടായിരിക്കയില്ല. നിദ്രയിൽ നിങ്ങളെല്ലാം വഴിതെറ്റുന്നു. അതുപോലെ കടലിലെ തിരമാല കണക്കെ നിങ്ങളുടെ മനസ്സ് പ്രാർഥനയിൽ അങ്ങോട്ടുമിങ്ങോട്ടും ആടിയുലയുന്നു. കഥയില്ലാതെ സംസാരിക്കരുത്; അല്ലെങ്കിൽ നിനക്ക് വഴിതെറ്റിപ്പോകും. നിശ്ശബ്ദതയിൽ ഏകാഗ്രമായി സ്തുതിയർപ്പിക്കുക.

6. രാജാവിന്റെ കവാടത്തിൽ മുട്ടാൻ സ്നേഹം എന്നെ വീണ്ടും ഉപദേശിച്ചു: എഴുതപ്പെട്ടിരിക്കുന്നതുപോല, വഴിയിലെ ഇരുട്ടിനെ ഒട്ടും വകവയ്ക്കാതെയും തങ്ങളുടെ കട്ടിലിൽ ഉറങ്ങുന്നവരെ ശല്യപ്പെടുത്തിയും അടച്ചിരുന്ന വാതിലുകൾ തുറപ്പിച്ചും സമൃദ്ധമായി ആഹാരം സമ്പാദിച്ച ആ ധൈര്യം കാണുക[18]. ദൈവമഹത്വം ദർശിക്കാൻ അവിടുത്തെ പക്കലേക്കടുക്കാൻ മോശ ഉദ്യമിച്ചു. ദൈവം അവനെ ശാസിച്ചെങ്കിലും, അവനെ കണ്ട് പ്രശോഭിതനാകുന്നതുവരെ അവൻ പിന്മാറിയില്ല.[19] നല്ല ആയുധമായി മനുഷ്യർക്ക് ധൈര്യം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ദാനിയേലിനെപ്പോലെയുള്ള ഒരാളുടെ ദൃഷ്ടാന്തം കൊണ്ട് എന്നോട് സംസാരിച്ച് എന്നെ കുറ്റപ്പെടുത്തിയ എന്റെ ബുദ്ധിയിലേക്ക് ഞാൻ ചൂഴ്ന്നിറങ്ങുകയും ഒരു സ്കൂൾകുട്ടിയെപ്പോലെ ഭയപ്പെടുകയും ചെയ്തു. ദാനിയേൽ ഈറയരിൽ ഒരുവനെ കണ്ടപ്പോൾ അവന്റെ ഹൃദയവും മനസ്സും സംഭ്രമിച്ചു. അവൻ വിവർണനായി. എഴുതപ്പെട്ടിരിക്കുന്നതുപോലെ[20] അവൻ

17. യോഹ.13,25
18. ലൂക്കോ. 11,5-8
19. പുറ.33,18-23; 34,29
20. ദാനി.10,8

www.malankaralibrary.com

ഞെട്ടിപ്പോയി. അവന്റെ ശക്തി ചോർന്നുപോയി, സ്വരവും നിലച്ചു. അവൻ പ്രജ്ഞയറ്റ് നിലംപതിച്ചു. എന്റെ മകനേ, നിന്റെ ബലഹീനതയെ ശാസിക്കുക; അല്ലെങ്കിൽ അത് ഔന്നത്യത്തിന്റെ നേരേ ധിക്കാരപൂർവം പ്രവർത്തിക്കും. ഇരുവശത്തുനിന്നും ഈരണ്ടു താക്കോലുകൾ കൊണ്ട് തന്റെ പക്കലേക്ക് അടുക്കാൻ എന്നെ അനുവദിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. എന്നാൽ വീണ്ടും സ്നേഹത്തിന്റെ പ്രബോധനം എന്നെ തടവുകാരനാക്കുകയും എന്നെ സംസാരത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. എന്റെ കാതുകൾ തുറക്കാനും അതിന്റെ വാക്കുകൾ എന്റെ മനസ്സിൽ വിതയ്ക്കാനും അത് എന്നോട് പറഞ്ഞു: വഴിയിൽവച്ച് നിലവിളിച്ച അന്ധനെ ധ്യാനിച്ച് അനുകരിക്കുക. നിശ്ശബ്ദനായിരിക്കാൻ ജനക്കൂട്ടം അവനെ ശാസിച്ചു. എന്നാൽ അവൻ കുറേക്കൂടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവന്റെ ധൈര്യം രക്ഷകനെ സന്തുഷ്ടനാക്കി[21]. അവൻ സൃഷ്ടികളെയൊക്കെ കാണുന്നതിന്, അണഞ്ഞുപോയ അവന്റെ വിളക്ക് കത്തിച്ചു. മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ രൂപം ദർശിച്ച അവൻ ഭാഗ്യവാൻ.

9. മനസ്സിന്റെയും ശുദ്ധസ്നേഹത്തിന്റെയും ഈ രണ്ടു ശക്തികൾ എന്നെ തങ്ങളുടെ ഓളങ്ങളാൽ മർദിച്ചപ്പോൾ, ഞാൻ അമ്പരപ്പിലായി. ഒന്ന് എന്നോട് കടുപ്പമായി പെരുമാറി, മറ്റത് ശാന്തമായും. “അവിടുത്തെ പക്കലേക്ക് അടുക്കുക” എന്ന് ഒന്ന് എന്നെ ഉപദേശിച്ചു.“അടുത്തുപോകാൻ സാഹസം കാട്ടരുത്” എന്ന് പറഞ്ഞ് മറ്റത് എന്നെ നിയന്ത്രിച്ചു. അതുകൊണ്ട് സ്നേഹത്തിനും ഭയത്തിനും നടുവിൽ കുടുങ്ങി, മുന്നോട്ടുപോകാനും പിന്മാറാനും കഴിയാതെ ഞാൻ ഇവിടെ നടുക്കു നിൽക്കുന്നു. താൻ തെരഞ്ഞെടുക്കുന്നതുപോലെ, രണ്ടുവശത്തിനും തന്റെ അളവുകോലിൽ വിജയം നൽകുന്നവന് സ്തുതി.

10. താഴെപ്പറയുന്ന വാക്കുകളിലൂടെ സ്നേഹം കർതൃത്വവും വിജയവും നേടി: ഒന്നാമത്തെ കൽപ്പന, എല്ലാറ്റിലും പ്രധാനപ്പെട്ടതും വിലയേറിയതുമായ കൽപ്പന,[22] കൽപ്പനകളുടെ രാജാവും ശിരസ്സുമായ കൽപ്പന, ഇതാണ്: അതായത്, മനുഷ്യർ ദൈവത്തെയും സഹജീവികളെയും സ്നേഹിക്കണം. ഒരിക്കൽ സ്നേഹിച്ചിട്ട്, പിന്നീട് തന്റെ പ്രിയപ്പെട്ട ആളിനോട് സംസാരിക്കാതിരിക്കാനും, സ്നേഹം നിർബന്ധിക്കുന്നതിനാൽ അയാളെപ്പറ്റി ചിന്തിക്കാതിരിക്കാനും കഴിയുന്ന ആരുണ്ട്? നാം സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുകയും നമ്മോട് സംസാരിക്കുകയും നമ്മെ ശ്രവിക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

11. നിശ്ശബ്ദനായിരിക്കാൻ എന്നോട് ആവശ്യപ്പെട്ടുകൊണ്ടും ശാന്ത

---

21. മർക്കോ. 10,48.

22. മർക്കോ.12,28; മത്താ.22,36.

www.malankaralibrary.com

നായിരിക്കാൻ നിർബന്ധിച്ചുകൊണ്ടും എന്നെ ഉപദേശിക്കാൻ വളരെ പരിശ്രമിച്ചുകൊണ്ടും മനസ്സ് വീണ്ടും എന്നെ കീഴടക്കി: സൃഷ്ടികളെ എനിക്ക് വ്യാഖ്യാനിച്ചുതരിക. ദൃശ്യമായവയെപ്പറ്റി വിശദീകരിക്കുക. അസ്തമയ സൂര്യൻ എങ്ങനെയാണ് തിരിച്ചുവരിക? ഉദിക്കുന്നിടത്തേക്ക് ഏത് പാതയിലൂടെയാണ് അത് തിരിച്ചുവരിക? ചന്ദ്രപ്രകാശം കുറയുകയും കൂടുകയും ചെയ്യുന്നത് എങ്ങനെ? കർത്താവേ, ഞാൻ തോറ്റു, നിശ്ശബ്ദനായിരുന്ന് നിന്നെ ആരാധിക്കാൻ എന്നെ അനുവദിച്ചാലും എന്ന് ഞാൻ നിന്നോട് അപേക്ഷിക്കുന്നു.

12. വീണ്ടും സ്നേഹം എന്നെ നിർബന്ധിച്ചു. ഞാൻ ഞെട്ടിവിറയ്ക്കുകയും ദൈവത്വത്തിന്റെ ഓളങ്ങളാൽ മുങ്ങിത്താഴുകയും മൂടപ്പെടുകയും ചെയ്തതിനാൽ അത് മൂകമായിപ്പോയി..... ദൈവത്വം എല്ലായിടത്തുനിന്നും ശേഖരിച്ചു. എന്നാൽ കടലിന്റെ അതിർത്തി അളക്കാൻ വേണ്ടി തുഴയാത്ത കടൽവ്യാപാരിയെപ്പോലെ കച്ചവടം നടത്തി സമ്പന്നനാകാൻ നിന്റെ നിക്ഷേപങ്ങൾ നിരത്തപ്പെട്ടു. അതിന്റെ സമ്പത്തിൽ നിന്ന് നിന്റെ കഴിവനുസരിച്ച് ശേഖരിച്ചുകൊള്ളുക. എന്നാൽ അതിന്റെ നിക്ഷേപങ്ങൾക്ക് പരിധി വയ്ക്കാമെന്നു കരുതേണ്ട!

13. ഗ്രഹണശക്തിയുള്ള എന്റെ ബുദ്ധി എന്നെ നിയന്ത്രിച്ചു:"ദൈവികൗന്നത്യത്തിലേക്ക് ചൂഴ്ന്നിറങ്ങേണ്ട. സംസാരിക്കുന്നവനോ, കേൾവിക്കാരനോ അതിന്റെ ആഴം ഒരിക്കലും അളന്നിട്ടില്ല. അവരുടെ മനസ്സ് അത് ഗ്രഹിച്ചിട്ടില്ല. അവരുടെ വ്യാഖ്യാനങ്ങൾ അതിന്റെ പരിധിയിൽ ഒരിക്കലും എത്തിയിട്ടില്ല. അതിന്റെ സ്വഭാവമോ, അതിന്റെ മഹനീയതയോ അവരുടെ വാദഗതികൾ അവതരിപ്പിച്ചിട്ടില്ല. കാരണം, രൂപീകൃതമോ, നിർമിതമോ, സൃഷ്ടിക്കപ്പെട്ടതോ ആയ യാതൊന്നും അതിനെ പരിശോധിക്കാൻ കഴിവുറ്റതല്ല. ബലഹീനനേ, നിന്റെ കഴിവനുസരിച്ച് നിശ്ശബ്ദതയിൽ അതിന് സ്തുതി അർപ്പിക്കുക"

14. സ്നേഹവും എന്നെ ശകാരിച്ചു. ദാവീദിന്റെ ദൃഷ്ടാന്തത്തിലൂടെ അത് എന്നെ ഉത്തേജിപ്പിച്ചു. അവന്റെ ഹൃദയം ഒരുറവയും അവന്റെ നാവ് എഴുത്തുകാരന്റെ തൂലികപോലെയും ആയിരുന്നു[23]. ആത്മാവ് അവന് പറഞ്ഞുകൊടുത്തു. ബുദ്ധിശാലിയായ ശിഷ്യനെപ്പോലെ അവൻ എഴുതിവച്ചു. ഭവനകാര്യസ്ഥനെപ്പോലെ മോശ സൃഷ്ടിയെപ്പറ്റി രേഖപ്പെടുത്തി[24]. പ്രവാചകന്മാർ തിരിച്ചുവരവും ശ്ലീഹന്മാർ ഉത്ഥാനവും പ്രഘോഷിച്ചു. അവരാരും നിശ്ശബ്ദരായിരുന്നില്ല. പിന്നെയോ, തികച്ചും വാചാലരായിരുന്നു. തനിക്ക് നന്ദി പറയാൻ മനുഷ്യർക്ക് വായുടെ വചനം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

23. സങ്കീ.45,2. 24. സംഖ്യ, 12,7; എബ്രാ.3,5.

www.malankaralibrary.com

15. .....ഉന്നതത്തിലേക്ക് ഉയർത്തപ്പെട്ട്, കേൾക്കാനോ, സംസാരിക്കാനോ അധരങ്ങൾക്ക് അനുവാദമില്ലാത്ത വാക്കുകൾ കേട്ട ആ ഭാഗ്യവാൻ[25]. വാക്കുകൾ രഹസ്യത്തിൽ, അഗാധ നിശ്ശബ്ദതയിൽ മുദ്രവച്ചിരിക്കുന്നെന്നും അന്വേഷിക്കാൻ ധിക്കാരം കാട്ടുന്നവൻ പുഴുക്കളാൽ ലജ്ജിതനാക്കപ്പെടുമെന്നും ദാനിയേലിനെ ഈറയരിൽ ഒരുവൻ കാണിച്ചു[26]. അതിർത്തി കടക്കാതിരിക്കാൻ ധിക്കാരികളെ നിശ്ശബ്ദതയിലൂടെ പിന്തിരിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. ഇതാ, എന്റെ ബുദ്ധി എന്നെ കുറ്റപ്പെടുത്തുന്നു: ധിക്കാരീ, മർത്യരാജാവിന്റെ കിരീടം പരിഗണിക്കുക. ഗർവ് നിറഞ്ഞവനേ, ആഴമേറിയ നിശ്ശബ്ദതയിൽ വായ് പൂട്ടിക്കൊണ്ട് എല്ലാവരും ഭയത്തിൽ നിൽക്കുന്നെന്ന് നിന്നെത്തന്നെ ഓർപ്പിക്കുക. വിവരമില്ലാത്ത ശിശുവോ, ഭയരഹിതനായ ധിക്കാരിയോ അല്ലാതെ ആരാണ് രാജാധിരാജന്റെ കിരീടത്തിന്റെ മുമ്പിൽ താന്തോന്നിയായിരിക്കുന്നത്! കാരണം, അജ്ഞതയും ധിക്കാരവും ശിക്ഷണരഹിതമാണ്. ഋജുമാനസ്സർക്ക് മുന്നറിയിപ്പു നൽകുകയും ധിക്കാരികൾക്ക് നേരേ ഭീഷണി മുഴക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

17. എല്ലാ വസ്തുക്കൾക്കും അവയുടെ അളവുണ്ട്. നിശ്ശബ്ദതയുടെ അളവിനുള്ള നിയമം എന്റെ ബുദ്ധി എനിക്കു നൽകിയതുപോലെ, വാക്കുകളുടെ അളവിനുവേണ്ടിയുള്ള നിയമം സ്നേഹം നൽകി. എന്റെ മനസ്സ് നിശ്ശബ്ദതയിൽ ആണ്ടുപോകാതിരിക്കാൻ നിശ്ശബ്ദതയുടെയും, ദൃശ്യവും അദൃശ്യവുമായ സൂര്യനെ പരിശോധിച്ച് വിശദീകരിക്കാൻ മുതിർന്ന് ധിക്കാരം കാട്ടാതിരിക്കാൻ സംസാരത്തിന്റെയും അളവ് ഗുരുക്കളെപ്പോലെ അവ എനിക്കു തന്നു. സൂര്യന്റെ ദൃശ്യപ്രകാശം കാമ്യമാണ്, എന്നാൽ അതിന്റെ നിഗൂഢശക്തി ഭീതിദായകമാണ്. ഈ രണ്ട് ഗുരുക്കന്മാരിലൂടെ എന്നെ വിവേകിയായ ശിഷ്യനാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

18. എന്റെ ബുദ്ധി എന്നെ ഇങ്ങനെ ഉപദേശിച്ചു: രക്തസാക്ഷിയും നസ്രായവ്രതക്കാരനും പ്രവാചകനും പുരോഹിതനും പ്രഘോഷകനും കുറ്റപ്പെടുത്തുന്നവനെങ്കിലും കാരുണ്യവാനും, പ്രതികാരം ചെയ്യുന്നെങ്കിലും ക്ഷമിക്കുന്നവനുമായ ആ യോഹന്നാനെ നോക്കുക. അവൻ ഇങ്ങനെ വിളിച്ചുപറയുന്നു:"അവന്റെ ചെരിപ്പിന്റെ വാറഴിക്കാൻ ഞാൻ യോഗ്യനല്ല"[27]. അവൻ ക്രിസ്തുവിനെ സ്നാനപ്പെടുത്തിയപ്പോൾ, ധിക്കാരപൂർവമല്ല പ്രവർത്തിച്ചത്. കാരണം, അവൻ സ്നാനപ്പെടുത്തിയില്ലായിരുന്നെങ്കിൽ, കൽപ്പനയ്ക്ക് വിധേയനായ ദാസൻ, കൽപ്പിച്ച യജമാനനെ ധിക്കരിക്കുകയായിരിക്കും ചെയ്യുക. തടസ്സമൊന്നും കൂടാതെ കൽപ്പന പൂർത്തിയാക്കിയതിനാൽ, തന്റെ വിവേകത്തിൽ അവൻ ഭാഗ്യവാനാകുന്നു.

25. 2കൊറി.12,4. 26. ദാനി.1,8f. 12,9. 27. യോഹ.1,27.

www.malankaralibrary.com

19. സ്നേഹം അതിന്റെ പ്രളയം വർഷിക്കുകയും പുത്രനെ അനുസ്മരിക്കുകയും ചെയതു... പാപിനി അവന്റെ പാദം മുത്തി[28]. മറിയം ശിരസ്സ് പൂശി[29]. സ്കറിയോത്താ ധിക്കാരിയായി മാറി. ഒരു സേവകൻ അവന്റെ കവിളത്തടിച്ചു.[30] നിയമജ്ഞരും ഫരിസേയരും ഒപ്പം ലേവ്യരും അവനെ അപമാനിച്ചു. ദൈവദൂഷണപരമായി ചെയ്തവ നീതിരഹിതമാണെങ്കിൽ, ആത്മാർഥമായി കൃതജ്ഞത അർപ്പിക്കുന്നത് എത്ര നീതിപൂർവകമാണ്. സംശുദ്ധ സ്നേഹത്തെ അവസാനം കിരീടം ധരിപ്പിക്കുന്ന നിനക്ക് സ്തുതി.

# 10

## "ക്ഷമയുള്ളവൻ ആരാണ്?" എന്ന രീതി (5)

1. ......എന്റെ കർത്താവേ, നിന്റെ സമ്പത്ത് പരിശോധിക്കാനല്ല ഞാൻ നിന്റെ ഭണ്ഡാരത്തിൽ കടക്കുന്നത്; പിന്നെയോ, എന്റെ ദാരിദ്ര്യത്തെ സമ്പന്നമാക്കാൻ, എനിക്ക് എടുക്കാൻ പറ്റുന്നത്രയും എടുത്തുകൊണ്ട് പുറത്തേക്കു പോകാനാണ്.

2. ധാർഷ്ഠ്യത്തോടെ സമീപിക്കുന്നവൻ വളരെ നിന്ദനവിധേയനാണ്. ധിക്കാരപൂർവം അകന്നു നിൽക്കുന്നവൻ അതിലും കൂടുതലായി കുറ്റപ്പെടുത്തലിന് വിധേയനാണ്. ഇരുവർക്കും രണ്ടിലും ശരിയായ വീക്ഷണം നഷ്ടപ്പെട്ടു.

3. നിന്റെ നിക്ഷേപം പരിശോധനാവിധേയമാക്കാൻ ആഗ്രഹിച്ചവനെ വളരെയധികം കുറ്റപ്പെടുത്തണം. അതുപോലെ അകത്തുകടന്ന് നിക്ഷേപം എടുക്കാത്തവനും കുറ്റപ്പെടുത്തലിന് വിധേയനാണ്....

4. വിവേകപൂർണമായ അധ്വാനമാണ് നേട്ടമുണ്ടാക്കുന്ന അധ്വാനം.....

5. ഞാൻ സ്വയം നീട്ടുന്നു...അതുകൂടാതെ നിന്നോടുകൂടെ ഉൾക്കൊള്ളാൻ കഴിയുന്നതിന്....

6. ബുദ്ധിയുടെ വെളിച്ചത്തിനായി നിന്റെ സത്യത്തിന്റെ രൂപം ഞാൻ രൂപീകരിച്ചു. നിറങ്ങൾ കൊണ്ട് നിന്റെ രൂപം ചിത്രീകരിക്കാനാവില്ല. ജീവിതചര്യകൊണ്ടു മാത്രമേ നിന്റെ സൗന്ദര്യം ചിത്രീകരിക്കപ്പെടാൻ സാധിക്കൂ.

---

28. ലൂ.7,39. 29. യോഹ. 12,3. 30. യോഹ.18,22.

www.malankaralibrary.com

# 11

## "ഞാൻ വിജ്ഞാനത്തിൽ എന്റെ വായ് തുറക്കും" എന്ന രീതി (4)

1. നവജീവിതത്തിന്റെ സ്നേഹത്തെപ്പറ്റി ഞാനിപ്പോൾ പ്രത്യുത്തരിച്ച് വിവരിക്കാം. അത്[31] ഹാബേലിനെ കാഴ്ചയായി അർപ്പിച്ചു. അത് ഭൗമികമുന്തിരിയെ[32] അതിന്റെ വീഞ്ഞുകൊണ്ടു നിറച്ചു. അത് മുന്തിരിയിൽ തിളങ്ങി, അതിലൂടെ സംസാരിച്ചു, കൊലപാതകിക്കെതിരെ അതിൽ നിലവിളിച്ചു. മരണത്തിന് വിധിക്കപ്പെട്ടവരുടെ ഇടയിൽ നീതിമാൻ എന്ന നിലയിൽ മരണത്തെ കീഴടക്കിയവരിൽ ഒന്നാമനായി അത് ഹാനോക്കിനെ ആക്കിത്തീർത്തു. ആ സജീവനും ജേതാവും നിമിത്തം, അന്ത്യം ചൂണ്ടിക്കാണിച്ചുകൊടുക്കാൻ, അതിന്റെ ഫലദായകത്വത്തിന്റെ ആരംഭമായി മരണം നിലവിളിച്ചു.

*പ്രതിസ്തോത്രം: അവരുടെ നാമങ്ങൾ ജീവൽഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ നീതിമാന് സ്തുതി.*

2. നീതി, പറക്കാനുള്ള ചിറകുകളോടുകൂടിയ ഒരു വസ്തു നോഹയ്ക്ക്വേണ്ടി ഉണ്ടാക്കി. പേടകം അതിന്റെ ചിറകുവിരിച്ച് ഉയർന്ന മലയിൽ പറന്നിറങ്ങി. അതിന് പ്രസവവേദന ഉണ്ടാകുകയും താണുകുനിഞ്ഞ് പ്രസവിക്കുകയും ചെയ്തു[33]. ആദിയിൽ ധരയുടെ ഉദരം ചെയ്തതുപോലെ, തടികൊണ്ടുള്ള പക്ഷി ഇഴജന്തുക്കളെയും മനുഷ്യരെയും വന്യമൃഗങ്ങളെയും പ്രസവിച്ചു എന്നതിൽ അത്ഭുതവും സംഭ്രമവും ഉണ്ടായി. ധരയ്ക്ക് ഒരു സോദരിയെ, തന്റെ മക്കളെ പുതുതായി പ്രസവിച്ച രണ്ടാമതൊരുവളെ, സൃഷ്ടിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. ശേമിന് അത് അനുഗ്രഹാശംസകൾ നൽകി, മൽക്കീസദേക്കിന് പൗരോഹിത്യം നൽകി, അബ്രഹാമിന് വാഗ്ദാനം നൽകി, ഇസഹാക്കിൽ മഹാപ്രതീകം[34] രൂപീകരിച്ചു. യാക്കോബിൽ അത് പ്രതീകം[34a] കാട്ടി. മോശയ്ക്ക് വിടുതൽ നൽകി, ജോഷ്വായെ ശക്തിപ്പെടുത്തി. അഹറോന് പൗരോഹിത്യം നൽകി; ദാവീദിന് രാജ്യം നൽകി. സാമുവേലിന് തെളിഞ്ഞ നെറ്റിത്തടവും ഏലീശായ്ക്ക് മുഖപ്രസാദവും നൽകി[35].

4. ഏശായാ പ്രവാചകന് അത് മധുരവും ശ്രേഷ്ഠവുമായ വീണ നൽകി; ജറമിയായ്ക്ക് സുശക്തവും സുസ്പഷ്ടവുമായ അധരം നൽകി.

---

31. സ്നേഹം. 32. ഹാബേലിനെ. 33. ഉൽപ.8,4. 34. റാസാ.

34a. ത്തുപ്സാ. 35. ഉൽപ.9,26;14,18;15,4;22.

www.malankaralibrary.com

അവൻ ദുഷ്ടരെ അതുകൊണ്ട് കുറ്റപ്പെടുത്തി. എസക്കിയേലിന് തെളിഞ്ഞ നയനം നൽകി. അതുവഴി അവൻ ക്രോബകളുടെ രഥം ദർശിച്ചു[36]. ദാനിയേലിൽ അത് കിരീടങ്ങൾ വയ്ക്കുകയും നീക്കുകയും ചെയ്തു. അതിനെ ഉപേക്ഷിക്കുന്നവരെ അത് താഴ്ത്തുന്നു. അതിനെ വിളിച്ചപേക്ഷിക്കുന്നവർക്ക് അത് വിജയം നൽകുന്നു. ദുഷ്ടരെ അത് താഴ്ത്തുന്നു. നീതിമാന്മാരെ അത് കിരീടം ധരിപ്പിക്കുന്നു.

5. നാണയത്തിന്റെ കിലുക്കത്തിൽ ഗേഹാസി തുള്ളിച്ചാടി; ധനമോഹം അവനെ അടിമയാക്കി. അവൻ ധനമോഹി ആയിരുന്നതിനാൽ, അവന്റെ അത്യാർത്തി അറിയപ്പെടാനായി അവന് കുഷ്ഠമെന്ന വസ്ത്രം നൽകി[37]. അവൻ രഹസ്യമായി ഒളിച്ചുവച്ച് നിക്ഷേപിച്ചിരുന്ന നാണയസമ്പത് അവനെ ദരിദ്രനാക്കി. ധനമോഹം അവനെ കള്ളനായി പ്രഖ്യാപിച്ചു. അവൻ അതുമായി ബന്ധത്തിൽ ഏർപ്പെട്ടതിനാൽ, അത് അവനെ ഏലീശായുടെ പ്രകാശിത ശിഷ്യഗണത്തിൽ നിന്ന് വേർപെടുത്തി. ദിവ്യഗുരുവിൽ നിന്ന് അവനെ വേർപെടുത്തുകയും ദാസ്യത്വത്തിന് അവന് അത് നാണയം നൽകുകയും ചെയ്തു.

6. അതിലൊന്ന് ഏശാവിനെ കൊന്നു. അവന്റെ ഭോജനപ്രിയം വലുതായിരുന്നതിനാൽ,[38] അവന്റെ കടിഞ്ഞൂലവകാശം അവന് നിസ്സാരമായിരുന്നു. അത് അവന് മാരകവിഷമായിത്തീർന്നു. അവൻ ഭക്ഷിച്ചത് അവനെ ശൂന്യനാക്കി. അവൻ കാമ്യമെന്നു കരുതിയത് അവന് കയ്പ്പുള്ളതായി. അവൻ വിറ്റത് ദുഷ്ടനായ കർത്താവിന് അവനെ വിറ്റു. ക്ഷീണിപ്പിക്കുന്ന നുകത്തിൻ കീഴിൽ അവനെ എത്തിച്ചത് 'ഭോജനപ്രിയൻ'എന്ന നാമം അവന് നൽകി. അത് അവന്റെ കടിഞ്ഞൂലവകാശം ഉരിഞ്ഞുകളയുകയും അവന്റെ അനുഗ്രഹം മോഷ്ടിക്കുകയും ചെയ്തു.

7. മോഷ്ടാക്കളിൽ കുപ്രസിദ്ധനും കൊള്ളക്കാരിൽ പ്രമുഖനും കൊലയാളിയായ കായേന്റെ ഗുരുവും ആയ സ്കറിയോത്തായുടെ മുമ്പിൽ ഗേഹാസി വെറുമൊരു അർഥിമാത്രം. സ്കറിയോത്താ തന്റെ നാഥനെ വിറ്റ് ആ വിലകൊണ്ട് കയർ വാങ്ങി. അവന്റെ മോഷണം ഭീകരമായ തൂങ്ങിച്ചാകലിൽ അവനെ എത്തിച്ചു. അവൻ സമ്പാദിച്ച ദുഷ്പേര് എല്ലാ തലമുറകളിലും പരന്നു. ഓ, കള്ളാ, നിന്റെ കയറിൽ നീ സന്തോഷിക്കുക. കാരണം, നിന്റെ പണം നിന്നെ വിട്ടുപേക്ഷിച്ച് നിന്നിൽ നിന്ന് പറന്നുപോയി.

8. ജീവിതത്തിന് സ്നേഹം ചെയ്ത സത്കർമങ്ങൾ വിവരിക്കാൻ

---

36. എസക്കി.1,4ff.

37. 2 രാജാ.5,24.

38. ഉല്പ.25,30ff.

www.malankaralibrary.com

ആർക്കു കഴിയും! അത് നീതിമാന്മാർക്ക് അവരുടെ പോരാട്ടങ്ങളിൽ തങ്ങളുടെ കിരീടങ്ങളിൽ കീർത്തി നൽകി. ഒരാളെ അത് ദൈവികപ്രഭയാൽ മൂടി[39]. മറ്റൊരാളെ അത് സ്വർഗീയോന്നതത്തിലേക്ക് കരേറ്റി.[40] അടയ്ക്കാനും തുറക്കാനുമുള്ള താക്കോൽ ഒരാൾക്ക് നൽകി[41]. മറ്റൊരാളെ അത് കിരീടം ധരിപ്പിച്ചു.[42] മറ്റൊരാൾക്ക് കൈയിൽ ഈസോപ്പ് നൽകി[43]. ജീവന്റെ പുസ്തകത്തിൽ അവരുടെ സത്പ്രവൃത്തികൾ രേഖപ്പെടുത്തിയ നീതിമാന് സ്തുതി.

9. അവരുടെ കർമങ്ങൾ വിവരിക്കാൻ ഏതു മനുഷ്യനു കഴിയും? അവരുടെ ഉപവാസങ്ങൾ ഗ്രന്ഥങ്ങളിലും അവരുടെ വിജയങ്ങൾ ചുരുളുകളിലും അവരുടെ പീഡനങ്ങൾ പലകകളിലും അവരുടെ അനുസ്മരണ കൃതികളിലും രേഖപ്പെടുത്താൻ ഏത് വിദഗ്ധ എഴുത്തുകാരന്റെ വിരലുകൾക്കാണ് കഴിയുക? അവരുടെ വിമോചനം വിവരിക്കാനും അവരുടെ സഹായങ്ങൾ ഗ്രഹിക്കാനും ഏത് നാവിനാണ് കഴിയുക? ആ സജീവ ദൈവത്തിന്റെ ഗ്രന്ഥത്തിനു മാത്രമേ അതുൾക്കൊള്ളാൻ കഴിയൂ.

10. ഏദന്റെ ആഴമേറിയ സമാധാനത്തിൽ ആദത്തിന്റെ മഹത്വം അപഹരിക്കപ്പെട്ടു. കൂട്ടമായിട്ടാണ് പാപം ആവിർഭവിച്ചത്. സർപ്പവും ഹവ്വായും വഴിപിഴപ്പിക്കുന്നവർ ആയിത്തീർന്നു. താമാറാകട്ടെ, നാൽക്കവലയിൽ വച്ച് കച്ചവടക്കാരനെ കടന്നാക്രമിച്ച് അവനിൽ മറഞ്ഞിരുന്ന ജീവൗഷധം കവർന്നെടുത്തു.[44] മോഷ്ടിച്ച പാപം മോഷ്ടിക്കപ്പെട്ടു. കുറ്റവിചാരണയിൽ വിജയിച്ചത്, പരാജയപ്പെട്ടു. ജാഗ്രതയോടിരുന്ന മരണം കൊള്ളയടിക്കപ്പെട്ടു; നമ്മുടെ കർത്താവ് അതിന്റെ നിക്ഷേപങ്ങൾ കാലിയാക്കി.

# 12

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി (1)

1. നമ്മുടെ യാചനകൾ ദൈവത്തിനറിയാം. പോരാട്ടത്തിൽ ജയിക്കേണ്ടിടത്ത് നാം പരാജയപ്പെടുന്നു. നമ്മുടെ ശക്തി ക്ഷയിച്ചിരിക്കുമ്പോഴും, നമ്മുടെ ഇച്ഛ വിജയത്തിനായി ക്ലേശിക്കുന്നു. നല്ലവൻ നമ്മുടെ യാചനകൾ നിരസിക്കുകയില്ല. നമ്മുടെ യാചന അതിന്റെ ബലഹീനത നിമിത്തം ദൈവത്തിൽ നിന്ന് വ്യതിചലിച്ചാലും അവിടുന്ന് നിരസിക്കുകയില്ല. കാരുണ്യ

---

39. പുറ.34,29 (മോശ); 40. 2രാജാ.2,11 (ഏലിയാ).
41. ഏലിയാ. 42. ദാവീദ്.
43. അഹറോൻ. 44. ഉല്പ 38,14.

www.malankaralibrary.com

വാനേ, എല്ലാവരെയും ഉയർത്തുന്ന നിന്റെ വാതിൽക്കൽ ഞങ്ങളുടെ പ്രാർഥന ഒന്നിച്ചുകൂട്ടണമെ.

*പ്രതിസ്തോത്രം: എല്ലാവരോടും കരുണ കാണിക്കുന്ന നല്ലവന്റെ പുത്രാ, നിനക്ക് സ്തുതി.*

2. ന്യായവിസ്താരത്തിൽ നമ്മുടെ വായ് നിശ്ശബ്ദമാകുന്നു. നമ്മോടുകൂടെയുള്ള നമ്മുടെ എതിരാളി നമുക്കെതിരെ ആരോപണം ഉന്നയിക്കുന്നു. വാദഗതികൾ ത്രാസിൽ തുക്കിനോക്കപ്പെടുന്നു. നീതിപൂർവം കക്ഷികളെ കക്ഷികൾക്കെതിരെ തട്ടത്തിൽ വയ്ക്കുന്നു. ആവശ്യക്കാരായതിനാൽ നമ്മുടെ ബലഹീനതയാൽ നയിക്കപ്പെടുന്നതിനെ ദൈവത്തിന് എങ്ങനെ കുറ്റപ്പെടുത്താനാകും? കാരണം, അത് അനീതിയായിരിക്കുമെന്നു കാണുക. എന്നാൽ ആ ന്യായവിധി നീതിപൂർവകമായിരിക്കും. ആ കുറ്റപ്പെടുത്തലിനുപരി അത് തികച്ചും ഉന്നതമായിരിക്കും.

3. നമ്മുടെ മുറുമുറുപ്പുകളെല്ലാം ശിശുസമാനമാണ്. കാരണം, ദുഷ്ടശത്രുവിന്റെ വിജയം അവന്റെ ഉപജാപങ്ങളിലാണ്. അവൻ ഉത്സാഹിയായിരിക്കുന്നു, നാം അലസരായിരിക്കുന്നു. അവൻ കുതിച്ചുചാടുന്നു, നാം മുടന്തരെപ്പോലെയാണ്. ഉപവാസമായിരിക്കട്ടെ നമ്മുടെ പടച്ചട്ട. ഇതാ, അവന്റെ അമ്പുകൾ പരാജയപ്പെടുന്നു. നമ്മുടെ ബുദ്ധി നമ്മുടെ വശത്തായിരിക്കട്ടെ. അവന്റെ തന്ത്രങ്ങൾ പൊളിച്ചത് കാണുക. നമുക്കെല്ലാവർക്കും ഒന്നിച്ച് നമ്മുടെ വശത്തു നിൽക്കാം. കാരണം, ഇതാ, നാമവനെ പിളർത്തുകയും യോജിപ്പാൽ അവനെ കീഴ്പ്പെടുത്തുകയും ചെയ്തു.

4. യേശു നമുക്ക് സേനാനായകനെപ്പോലെയായി. പടച്ചട്ട അണിയാത്തവനോട് അവിടുന്ന് കോപിക്കുകയും അവനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. അവൻ ആയുധധാരി അല്ലെങ്കിലും, നമ്മുടെ ആയുധരാഹിത്യം ക്രമീകൃതമാണ്. എന്നാൽ അവൻ പരിശോധിക്കുമ്പോൾ, നമുക്ക് കഷ്ടകാലമാണ്! ഇതാ, ഉപവാസം അവന് പടച്ചട്ട പോലെയായിരുന്നു; ജാഗരണം അവന്റെ ആത്മീയവാളും.

5. ആർക്കു നമ്മെ വെടിപ്പാക്കാൻ കഴിയും? അഥവാ ഏത് ഈസോപ്പിന് നമ്മെ വെണ്മയുള്ളവരാക്കാൻ കഴിയും? ഏത് നാവിന് നമുക്കുവേണ്ടി സംസാരിക്കാൻ കഴിയും? നമ്മുടെ ഫലങ്ങൾക്കുചുറ്റും വേലികെട്ടാൻ ആർക്കു കഴിയും? കാരണം, ദൈവം ആവശ്യമൊന്നുമില്ലാതെ ആവശ്യക്കാരനായി തീർന്നപ്പോൾ, ആർക്കും തന്നെ ഉപദ്രവിക്കാൻ കഴിയില്ലെങ്കിലും, ഒരു പടച്ചട്ട ഉണ്ടാക്കി ധരിച്ചു. തന്റെ കൊലപാതകി തന്റെ കൂടെ ഉള്ളപ്പോൾ, ആരാണ് പടച്ചട്ട അണിയാത്തത്?

www.malankaralibrary.com

# 13

## "നമ്മുടെ കർത്താവ് ജറുസലേമിന്" എന്ന രീതി

1. എന്റെ പാപങ്ങൾ അനുവദിക്കുന്നെങ്കിൽ, നിനക്കുവേണ്ടി ഗാനമാലപിക്കാൻ എന്നെ യോഗ്യനാക്കിയാലും. എന്റെ കർത്താവേ, ആത്മധൈര്യമാണ് ഞങ്ങളുടെ വക്കീലെന്ന് നീയും അറിയുന്നു.

*പ്രതിസ്തോത്രം: നിന്നിൽ അഭയം തേടിയ എന്നെ രക്ഷിക്കണമെ.*

2. മൂന്നുമടങ്ങ് ധീരതയാൽ കവാടം തുറക്കപ്പെട്ടു. ധൈര്യപൂർവം ചോദിച്ചുവാങ്ങി എന്നതിൽ ധീരത കീഴടക്കി ജയിച്ചു.

3. സ്വാതന്ത്ര്യത്തിന്റെ ചൂളയിലാണ് നിന്റെ കവാടത്തിന്റെ താക്കോൽ നിർമിക്കപ്പെടുന്നത്. ഞങ്ങളുടെ പക്കൽ താക്കോലുള്ളപ്പോൾ, കവാടം ഞങ്ങളുടെ മുമ്പിൽ അടഞ്ഞുകിടക്കുകയില്ല.

4. എന്റെ കർത്താവേ, നീ അത് വിജ്ഞാനത്തിൽ ചെയ്യുകയും ബുദ്ധിപൂർവം ഞങ്ങൾക്ക് സജ്ജമാക്കുകയും ചെയ്തു. രണ്ടിലും, നിന്റെ വിജ്ഞാനപ്രദമായ നിശ്ചയങ്ങളിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു.

5. എന്റെ കർത്താവേ, നിന്റെ കവാടത്തെ സംബന്ധിച്ച് അത് അടഞ്ഞുകിടക്കുന്നു. അതേസമയം നിന്റെ നിക്ഷേപത്തിന്റെ താക്കോലാണ് ഞങ്ങളുടെ സ്വതന്ത്രേച്ഛ.

6. എങ്കിലും ഞങ്ങളെല്ലാവരുടെയും കൈയിൽ ഈ താക്കോൽ ഈ ലോകത്തിൽ മാത്രമേയുള്ളു. അത് ഞങ്ങളിൽനിന്ന് പറന്നുപോകാതിരിക്കുന്നിടത്തോളം കാലം ഞങ്ങൾ കവാടം തുറന്ന് അകത്തുകടക്കും.

7. അന്ധകാരം പോലെ എന്റെ ഉള്ളിൽ എന്റെ പാപങ്ങൾ വസിക്കുന്നു. ഭവനത്തിന്റെ ജനാലകൾ ഇരുണ്ടിരിക്കുന്നു. നിന്നിലൂടെ അതിനകം വീണ്ടും പ്രകാശിക്കട്ടെ.

8. തന്റെ ആഗമനത്തിൽ സൂര്യൻ ഒരേ ഒരു കിരണത്താൽ അന്ധകാരത്തെ ദൂരത്തേക്ക് ഒഴുക്കിക്കളയുന്നു. എന്നാൽ അത് കഴുകിക്കളയാൻ കടലിന് കഴിവില്ല.

9. എന്റെ കർത്താവേ, നീ അന്ധനെ പ്രകാശിപ്പിച്ചു എന്നതാണ് നിന്റെ അത്ഭുതകർമം: അന്ധകാരം കീഴടക്കിയ രണ്ട് ജനലുകൾ സൂര്യൻ കീഴടക്കി.

10. അടഞ്ഞ നയനകവാടം ഒരിക്കലെങ്കിലും തുറന്ന് പ്രകാശം

www.malankaralibrary.com

അകത്തുകടത്താൻ തന്റെ ബലഹീനതയാൽ കഴിയാതവണ്ണം സൂര്യൻ ശക്തിരഹിതനാണ്.

11. കുരുടായ നയനം തുറന്ന്, തന്റെ അന്ധരായ ആരാധകരെ സഹായിക്കാൻ കഴിയുന്ന ഒരു താക്കോലും സൂര്യന്റെ പക്കലില്ല.

12. അടഞ്ഞിരുന്ന കണ്ണുകളെ നിന്റെ പ്രകാശം തുറന്നു; ചേറുകൊണ്ട് നീ അതിനെ പൊതിഞ്ഞു; പൊതിച്ചിൽ നീ തുറന്നു[45].

13. അന്ധകാരത്തിൽ കൃഷ്ണമണി ഇരുന്നിടത്ത് നിന്റെ പ്രകാശം കടന്ന് ഇരുവാതിൽമറകളും കീറി.

14. അവൻ ശീലോഹാ കുളത്തിൽ മുക്കി കണ്ണിലെ ചേറുകഴുകി;[46] അത് നനച്ച് പ്രകാശകിരണങ്ങൾ കൊണ്ട് നിറച്ചു.

15. യേശുവേ, എന്നിൽ കുരുടായിരിക്കുന്ന അദൃശ്യനയനത്തെ പ്രകാശിപ്പിക്കണമെ. ശീലോഹാക്കുളം ദൂരെയായതിനാലാണ് നിന്റെ കാസാ പ്രകാശപൂരിതമായിരിക്കുന്നത്.

16. പൗരോഹിത്യശുശ്രൂഷ അനുഷ്ഠിച്ച് അവതരിപ്പിച്ച പുരോഹിതൻ തന്നെ തന്റെ രക്തംകൊണ്ട് സമസ്ത പാപങ്ങളും കഴുകി.

17. എന്റെ കർത്താവേ, നിന്നിലൂടെ നിന്റെ പിതാവിന് ഞങ്ങൾ നന്ദി പറയുന്നു. നിന്നിലൂടെ നിന്റെ പിതാവിന് സ്തുതിയും നിനക്ക് മഹത്വവും.[47]

18. തന്റെ മർത്യതയ്ക്ക് ജീവൻ സൗജന്യമായി പകരുന്ന സജീവ ഫലം നിന്റെ മരത്തിൽ നിന്ന് ആരാണ് പറിക്കാത്തത്!

19. അതുകൊണ്ട് അവന്റെ അപ്പത്തിലുള്ള തേജസ്സ് ആശ്ചര്യപൂർവം ഭക്ഷിക്കാം. അവന്റെ വീഞ്ഞിലുള്ള പ്രകാശം അത്ഭുതത്തോടെ പാനം ചെയ്യാം.

20. നിക്ഷേപങ്ങളുടെ നിക്ഷേപം അവന്റെ അപ്പത്തിൽ നിഗൂഢമായി രിക്കുന്നു. ജീവന്റെ നിക്ഷേപം നിങ്ങളുടെ കൈക്കുമ്പിളിൽ സമാഹരിച്ചെടു ക്കുവിൻ.

21. അത്യുന്നതൻ സ്വയം താണതിനാൽ, ദാസനും സൃഷ്ടിയുമായി ത്തീർന്ന് നമ്മുടെ സഖിയായി.

22. പിതാവിന്റെ സജീവഫലമേ, നിന്നെപ്പറ്റി വിവരിക്കുന്നത് വളരെ എളുപ്പമാണ്. നീ ഞങ്ങളുടെ വസ്ത്രം ധരിച്ചതിനാൽ, നീ നിന്നെത്തന്നെ ഞങ്ങളുടെ സാദൃശ്യത്തിൽ ആക്കിത്തീർത്തു.

---

45. യോഹ.9,6. 46. യോഹ.9,7. 47. ശുബ്ഹാ, തെശ്ബൊഹതാ.

www.malankaralibrary.com

23. ദൈവം മനുഷ്യരുടെ ഉപവാസം അനുഷ്ഠിച്ചു. പ്രാർഥന കേൾക്കുന്നവൻ ദാസരുടെ പ്രാർഥന പ്രാർഥിച്ചു.

24. നിന്റെ പ്രാർഥന എന്താണെന്ന് നിന്റെ ഉപവാസം ഞങ്ങൾക്ക് വിശദീകരിച്ചു. നിന്റെ ശാരീരികോപവാസം നിന്റെ ശാരീരിക പ്രാർഥന ആയിരുന്നു.

25. പുരാതന സർപ്പത്തിന്റെ മാലിന്യം നിന്റെ ഉപവാസം കഴുകിക്കളഞ്ഞു. നിന്റെ പ്രാർഥന ശുദ്ധീകരണച്ചൂള ആയിരുന്നു; അത് ഞങ്ങളുടെ ആത്മാക്കളിലെ തുരുമ്പ് തുടച്ചുകളഞ്ഞു.

26. എന്റെ കർത്താവേ, കല്ലറകളിൽനിന്ന് ആശ്ചര്യകരമായ വലിയ സ്വരമുണ്ടായി. ആ മരണവിളിയോടൊപ്പം ജീവസ്വരവും ഉയർന്നു.

27. ജീവന്റെ ആദ്യഫലങ്ങൾ അനങ്ങി, കുതിച്ചുപൊങ്ങി ഉയരത്തിലേക്ക് കയറി. കാരുണ്യവാൻ അതിൽ സന്തോഷിക്കുകയും താഴേക്കു പറന്ന് അവയെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു.

28. എന്റെ കർത്താവേ, മൃതരുടെ കാഹളം സ്തുതിക്കുകയും വലിയ മുഴക്കത്തിൽ പ്രതിധ്വനിക്കുകയും ചെയ്തു. പാതാളത്തിന്റെ അഗാധനിശ്ശബ്ദത നിനക്ക് സ്തുതിയർപ്പിച്ചു.

29. എന്റെ കർത്താവേ, മൂകരായ മൃതർ ഗോത്രം ഗോത്രമായും നിരനിരയായും നിനക്ക് സ്തുതിയർപ്പിച്ചു.

30. എന്റെ കർത്താവേ, എന്റെ മനസ്സ് സംസാരിക്കുന്ന പച്ചില മുളപ്പിച്ചു. അതിന്മേൽ കാരുണ്യത്തിന്റെ പനിമഞ്ഞ് തളിച്ച് ഗീതങ്ങൾ കൊയ്തെടുത്താലും.

31. ചക്രവാളം നിനക്ക് നന്ദി പറയുന്നു; അത് സംശുദ്ധവും പ്രശോഭിതവുമായ സ്തുതിയുടെ നാദം പുറപ്പെടുവിച്ച് നിനക്കും നിന്നിലൂടെ നിന്റെ പിതാവിനും അർപ്പിക്കുന്നു.

# 14

**"തന്റെ സ്നേഹത്താൽ അവൻ നമ്മുടെ പക്കലേക്കുവന്നു" എന്ന രീതി**

1. എന്റെ കർത്താവേ, എന്റെ ആത്മാവിന്റെമേൽ നിന്റെ അനുഗ്രഹവർഷം ചൊരിയണമെ. കാരണം, പറമ്പ് ഒരുക്കുകയും വിത്തു വിതയ്ക്കുകയും ചെയ്തെങ്കിലും നിന്റെ മഴയുടെ പുനരുജ്ജീവനം ഇല്ലാതെ മൃതമായിരിക്കുന്നു.

www.malankaralibrary.com

2. നിന്റെ സന്തുഷ്ട പനിമഞ്ഞിന്റെ ദാനത്താൽ ഗോതമ്പിനും വയലുകൾക്കും തനിയെ വളരുന്നവയ്ക്കും നിന്റെ ദാനം ലഭിക്കുന്നു. ചെടികളും വിത്തുകളും പൊട്ടിമുളച്ചു. നഗ്നമായ വൃക്ഷങ്ങൾ മനോഹര വസ്ത്രം ധരിക്കുന്നു.

3. എന്റെ കർത്താവേ, നിന്നെപ്പറ്റി വിവരിക്കാൻ എന്റെ മനസ്സിനെ ഉത്തേജിപ്പിക്കണമെ. എന്റെ വായുടെ വചനം എന്റെ വായിൽ അലസവും മടിപിടിച്ചതുമാണ്. നിന്നെപ്പറ്റിയുള്ള ധ്യാനം എനിക്ക് ഒരു മുതൽക്കൂട്ടാകട്ടെ. അതുവഴി എന്റെ ദാരിദ്ര്യം സമ്പന്നമാകട്ടെ.

4. നിന്നെപ്പറ്റി പാടാൻ ഞാൻ ദാഹിക്കുന്നു; എന്നാൽ നിന്നെ പ്രകീർത്തിക്കാൻ കഴിയാതവണ്ണം ഞാൻ അശുദ്ധനാണ്. നിന്നിൽനിന്ന് അകലാൻ എനിക്കാവില്ല. എന്നാൽ നിന്റെ പക്കലേക്ക് അടുക്കാൻ തക്കവണ്ണം ഞാൻ സംശുദ്ധനല്ല. അകന്നുപോകുന്നത് നഷ്ടമാണ്, അടുത്തുവരുന്നത് ദൈവദൂഷണമാണ്.

5. നിന്നിൽ നിന്ന് അകന്നുപോകുന്നതിനേക്കാൾ അടുത്തുവരുന്നതാണ് അനന്തമായി എളുപ്പം. ദാസൻ പാപിയാണെങ്കിലും, ഭയന്ന് യജമാനന്റെ കവാടത്തിൽ നിന്ന് ഓടിപ്പോകുന്നതിനേക്കാൾ കൂടുതൽ സഹായകമാണ് അതിനായി കാംക്ഷിക്കുന്നത്.

6. ദുഷ്ടരായ കർത്താക്കന്മാരിൽ അഭയം തേടുന്നത് പ്രയോജനകരമാണെങ്കിൽ, കരുണ നിറഞ്ഞ കർത്താവിൽ അഭയം തേടുന്നത് എത്രയധികമായി സഹായകമാണ്! നിന്റെ കരുണയാൽ ഞാൻ ഉയർത്തിയ എന്റെ ശിരസ്സ് എന്റെ പാപം നിമിത്തം വീണ്ടും താഴുന്നു.

7. എന്റെ കർത്താവേ, ഞങ്ങളുടെ പ്രാർഥന ചെറുതാണ്; എന്നാൽ ഞങ്ങളുടെ പാപങ്ങൾ ബഹുലമാണ്. ഞങ്ങളുടെ ശാരീരികോപവാസം പകൽ മുഴുവൻ നീണ്ടുനിൽക്കുന്നു. ഞങ്ങളുടെ ഹൃദയത്തിന്റെ പക രാത്രിയിലും ഉണർന്നിരിക്കുന്നു. ഉപവാസം വൈകിട്ട് അവസാനിക്കുന്നു, എന്നാൽ പകയാകട്ടെ, രാവിലെ വരെയും നിലനിൽക്കുന്നു.

8. ബാഹ്യസ്പർശനത്തിലൂടെ അശുദ്ധരാകാതിരിക്കുന്നതിലാണ് ഞങ്ങളുടെ വലിയ സുസ്ഥിര വീമ്പടി. ഞങ്ങളുടെ വായ് നുണയാൽ അശുദ്ധമാണ്, ഞങ്ങളുടെ ഹൃദയം കൗശലത്താൽ അശുദ്ധമാണ്. ശരീരം സംശുദ്ധമാണെങ്കിലും മറ്റുപാപങ്ങളാൽ അത് മലിനമാണ്!

9. നിന്റെ ഭവനകവാടത്തിലേക്ക് വരുന്നതിന് അനുദിനം ഞങ്ങൾ തയാറാണ്. ഞങ്ങളുടെ ശരീരം അകത്തായിരിക്കുമ്പോഴും ഞങ്ങളുടെ മനസ്സ് വെളിയിൽ അലഞ്ഞുതിരിയുന്നു. ഞങ്ങളുടെ ബാഹ്യപ്രദർശനം പ്രകാശപൂരിതമാണ്; എന്നാൽ ആന്തരികചിന്ത നിന്ദ്യമാണ്.

www.malankaralibrary.com

ഗീതം 45,1–5

# 15

## “ഓ, സത്യം ശ്രവിക്കുന്നവനേ” എന്ന രീതി (1)

1. നിന്നെ മഹത്വപ്പെടുത്താൻ തക്കവണ്ണം പരിശുദ്ധമല്ലാത്ത വായ്കൊണ്ട് സ്തുതിക്കാൻ അനുവാദമുണ്ടെങ്കിൽ ഞാൻ സ്തുതി പാടും. സംസാരിക്കാൻ യോഗ്യനല്ലാത്ത ഒരുവന് വ്യാഖ്യാനിച്ചുകൊടുക്കാൻ അനുവാദമുണ്ടെങ്കിൽ, ഞാൻ പഠിപ്പിക്കാം. പാപികളുടെ വായ് തുറന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. ഞങ്ങളുടെ വായ് വഴിയും ഇടനാഴിയുമായിത്തീർന്നു: പാവനമായ ആന്തരിക ബലിപീഠത്തിന്റെ ബാഹ്യകവാടമായിരുന്നിട്ടും അതിൽ നിന്ന് അസഭ്യവചനം പുറത്തേക്കുവരുന്നു. മഹോന്നതങ്ങൾ ചായിച്ചിറങ്ങിവന്ന് ഞങ്ങളുടെ ഇടയിൽ പാർത്തവന് സ്തുതി.

3. മനുഷ്യൻ തന്നെത്തന്നെ മനസ്സിലാക്കുക എന്നത് വലിയ കാര്യമാണ്. തന്റെ കഴിവനുസരിച്ചുവേണം അവൻ എല്ലാറ്റിനെയും സമീപിക്കാൻ. നാം നമ്മുടെ ബലഹീനത മനസ്സിലാക്കുന്നതും നമ്മുടെ അളവനുസരിച്ചു മാത്രമേ ബലിപീഠത്തെ സമീപിക്കാവൂ എന്നറിയുന്നതും കൃപയാലാണ്. പാപികൾ തൊടുകയും ചുംബിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. യേശുവേ, എന്റെ കർത്താവേ, ഞങ്ങളുടെ ഉപവാസവും പ്രാർഥനയും നന്നായി മനസ്സിലാക്കാനും അവ എന്താണെന്നും എന്തിനാണെന്നും അറിയാനും അനുഭവസമ്പത്തില്ലാത്ത ഞങ്ങളുടെ മനസ്സിനെ പ്രബോധിപ്പിക്കണമെ. അങ്ങനെ ഞങ്ങളുടെ ധാരണയിലൂടെ ഞങ്ങളുടെ അർപ്പണം വളരട്ടെ. ഞങ്ങളുടെ ബൗദ്ധികഫലങ്ങളെ സ്നേഹിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. എല്ലാം അറിയുന്നവനേ, നിന്നെ ഗ്രഹിക്കാൻ ആർക്കു കഴിയും? നീ വിജ്ഞാനത്തികവാണ്. ഞങ്ങൾക്കാകട്ടെ, പരിമിത ജ്ഞാനമേയുള്ളു. എന്റെ കർത്താവേ, ഞങ്ങൾ ഞങ്ങളുടെ പരിമിതി തിരിച്ചറിയാൻ കൃപ തരണമെ. ഞങ്ങളുടെ എല്ലാ അളവുകളും ഉൾക്കൊള്ളുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com

# 16

## "ഓ, സത്യം ശ്രവിക്കുന്നവനേ" എന്ന രീതി (2)

1. എന്റെ സഹോദരരേ, ഇതോർക്കുവിൻ: നിങ്ങൾ ഇപ്പോൾ എവിടെയാണെന്നും നാളെ എവിടെ ആയിരിക്കുമെന്നും ഓർക്കുവിൻ. ഇന്ന് ഗൃഹങ്ങളിൽ സംസാരിക്കുന്ന നാം നാളെ കല്ലറകളിൽ നിശ്ശബ്ദരായിരിക്കും. ദിനംപ്രതി ഇതോർക്കുന്നവൻ ഭാഗ്യവാൻ!

*പ്രതിസ്തോത്രം: നിന്റെ ന്യായവിസ്താരദിവസം കുറ്റവിമുക്തനാക്കപ്പെടുന്നവൻ ഭാഗ്യവാൻ!*

2. ഈ ദിവസത്തെ നാളെയുമായി തുലനം ചെയ്യുക. വിശ്രമിക്കാൻ ഇടം കാണാതെ വിശ്രമിക്കുകയും തന്റെ സഖിയിൽ നിന്ന് നേരത്തെ വിടവാങ്ങുകയും ചെയ്ത, ഒരു ദിവസത്തെ വഴിയാത്രക്കാരെപ്പോലെ നമുക്ക് സമാധാനത്തിൽ ജീവിക്കാം. നമ്മുടെ കർത്താവിങ്കലേക്ക് യാത്രയായവൻ ഭാഗ്യവാൻ!

3. ഇന്നലയെ ഇന്നുമായി തുലനം ചെയ്തുനോക്കുകയും നിലനിൽക്കുന്നതല്ല നമ്മുടെ സമാധാനമെന്ന് തിരിച്ചറിയുകയും ചെയ്യുക. ഇന്നലെ വിരിഞ്ഞത് എവിടെയാണ്? ഇന്നും നാളെയും ഉള്ള സ്വപ്നം മാത്രം! തന്റെ പ്രത്യാശയിൽ സന്തോഷിക്കാൻ കഴിയുന്നവൻ ഭാഗ്യവാൻ!

4. പുഷ്പസമാനരേ, അനുരഞ്ജനപ്പെട്ട് സമാധാനത്തിൽ ജീവിക്കുവിൻ. കാരണം, മനുഷ്യർ ഒന്നിനു പിറകെ ഒന്നായി വാടിപ്പോകുന്നു. മനുഷ്യരെപ്പോലെ ധരയും മാറിപ്പോകുന്നു. അതു നാളെ അതിന്റെ ചിറകിൻ കീഴിൽ കൂട്ടിച്ചേർക്കും. താനൊരു മർത്യനാണെന്ന് ചിന്തിച്ചവൻ ഭാഗ്യവാൻ!

5. ഒരു സഹോദരന്റെ കരം തന്റെ മറ്റൊരു സഹോദരന്റെ കൈയിൽ വച്ചിരുന്നു. ഇതാ, പെട്ടെന്ന് മരണം അവരുടെ ഇടയിൽകൂടെ കടന്നുപോയി; അത് അവയവത്തെ അവയവത്തിൽ നിന്ന് വെട്ടിമാറ്റി, ഭാഗത്തെ ഭാഗത്തിൽ നിന്നു വേർപെടുത്തി. നീതിമാന്മാരുടെ കൂട്ടായ്മയിലേക്ക് നടന്നവൻ ഭാഗ്യവാനാകുന്നു.

6. നമ്മുടെ ഹൃദയത്തിന് മത്തുപിടിക്കുകയും അത് നമ്മുടെ വത്സലരെ മറക്കുകയും ചെയ്തു. കാരണം, അവർ ഇന്നലെയും നമ്മോടു സംസാരിച്ചു; ഇന്ന് എന്നേക്കുമായി അവർ നമ്മിൽ നിന്ന് വേർപെട്ടു. ഉത്ഥാനത്തിലും ഒരു വേർപിരിയലുണ്ട്. അതുകൊണ്ട് അവരെ നിന്റെ മണവറയിൽ വീണ്ടും കാണാൻ ഇടയാക്കണമെ.

www.malankaralibrary.com

7. മത്തുപിടിച്ചവർ മരിച്ചവരെ അനുധാവനം ചെയ്യുന്നു. അവർ ഒരു ദാഹാർത്തനെ അനുഗമിക്കുന്നു, എന്നാൽ അവർ പ്രസന്നരാണ്! അവർ ഒരു മൂകനെ അനുധാവനം ചെയ്യുന്നു, എന്നാൽ അവർ ദുഷിക്കുന്നു. അവർ ഒരുവനെ അനുധാവനം ചെയ്യുന്നു... അവർ അഹങ്കരിക്കുന്നു! ഓ, കർത്താവേ, ഞങ്ങൾ നിന്റെ തുറമുഖത്ത് അണയാൻ ഇടയാക്കണമെ.

8. പതിവനുസരിച്ച് കുടിച്ചുകൊണ്ട് നിത്യതയിലേക്കുള്ള പാതയിലേക്ക് പ്രവേശിച്ചവന് അകമ്പടി സേവിക്കുന്നു. നമ്മുടെ ഹൃദയം കീറിമുറിഞ്ഞില്ല. അവനോടൊപ്പം യാത്രാഭക്ഷണം അവനുവേണ്ടി കൊണ്ടുപോകുന്നത് ആരാണെന്ന് നാം ചിന്തിച്ചു. ദൈവികകാരുണ്യം അവന്റെ യാത്രാഭക്ഷണ ത്തിനു പകരമായി വർത്തിക്കുന്നു.

9. യേശുവേ, ഞങ്ങളുടെ യാത്രാക്ലേശം കുറയ്ക്കണമെ. കാരണം, ഇതാ, ഒരുപക്ഷേ ഞങ്ങളുടെ അന്ത്യം ഇപ്പോഴേ വാതിൽക്കൽ നിൽക്കുന്നു. ഞങ്ങളുടെ ആത്മാക്കൾ അനേകം നാളുകളെപ്പറ്റി ചിന്തിച്ചതിനാൽ,അത് കടന്നുവന്ന് ഞങ്ങളെയും ഞങ്ങളുടെ പര്യാകുലതകളെയും പരിഹസിക്കുന്നു. നിന്നോടുള്ള സ്നേഹത്താൽ ഭൗമികവസ്തുക്കളെ ഉപേക്ഷിച്ചവൻ ഭാഗ്യവാൻ!

10. വളരെ വേഗതയുള്ള മരണം നമ്മെ വിരട്ടിക്കൊണ്ട് പ്രവേശിക്കു കയും നാം അതിനെ അലസനെന്നു വിളിക്കുന്നതിനെപ്പറ്റി പൊട്ടിച്ചിരിക്കു കയും ചെയ്യുന്നതുവരെ നമ്മെ നിഷ്ക്രിയരായും തളർന്നിരിക്കുന്നവരായും കരുതുന്നു. ശാന്തമായിരുന്നുകൊണ്ട് അതിനെ പ്രതീക്ഷിച്ചവൻ ഭാഗ്യവാൻ!

11. നാം ശിശുക്കളെപ്പോലെ നിർവിഘ്നമായി ആകുലപ്പെടുന്നത് കേൾക്കാൻ മരണം അതിന്റെ ചെവിചായിച്ചു:"തണുപ്പുകാലത്ത് നാം എവിടെ ആയിരിക്കണം? ചൂടുകാലത്ത് നമ്മുടെ ഭവനം എവിടെ ആയിരി ക്കണം?" അതേസമയം നമ്മുടെ മരണദൂതന്റെ കൈ നമ്മുടെമേൽ ഇരിക്കുന്നു. ഉപവാസത്തിൽ തന്റെ അന്ത്യം കണ്ടെത്തുന്നവൻ ഭാഗ്യവാൻ!

12. മരണം അത്യാർത്തിയുള്ളതാണെങ്കിലും അത് ആശ്ചര്യപ്പെടു ന്നു..... ഭവനനിർമാണത്തിന് പാടുപെടുന്നു. അത് പൂർത്തിയായി അതിൽ വാസമുറപ്പിച്ച് സന്തുഷ്ടനായിരിക്കുമ്പോൾ, നിരന്തരമായ ഉത്കണ്ഠയുള്ള വനെ കൂട്ടിക്കൊണ്ടുപോകാൻ മരണം വരുന്നു. അവന്റെ വിടുതൽ ഭയപ്പെ ടുത്തുന്നെങ്കിൽ, അത് ആക്ഷേപാർമാണ്.

www.malankaralibrary.com

# 17

## "ഓ, സത്യം ശ്രവിക്കുന്നവനേ" എന്ന രീതി (3)

1. നിക്ഷേപങ്ങൾ ശേഖരിക്കാൻ മനുഷ്യർ അനേകം വർഷം അധ്വാനിക്കുന്നത് മരണം വന്നുകാണുന്നു. അത്യാർത്തിയുള്ളവൻ ഭക്ഷിക്കാൻ കഴിയാതെ അനേകം വസ്തുവകകൾ സംഭരിക്കുന്നു. അവൻ തന്നെ ഇപ്പോൾ പുഴുക്കൾക്ക് ആഹാരമായി തീർന്നു. അതിനെ ജയിച്ച നോമ്പുകാരായ നിങ്ങൾക്കു ഭാഗ്യം!

2. അത്യാർത്തിയുള്ളവന്റെ പക്കൽ മരണമെത്തുമ്പോൾ, രോഗം കൊണ്ട് അവന്റെ വായടയ്ക്കുന്നു. ആർത്തിയോടെ വീഞ്ഞു കുടിച്ചു കൊണ്ടിരുന്ന അവന്റെ തൊണ്ട നനയാൻ വിരൽത്തുമ്പുകൊണ്ട് ആളുകൾ തുള്ളിതുള്ളിയായി വെള്ളമൊഴിച്ചു കൊടുക്കുന്നു. വീഞ്ഞിനോടുള്ള ആസക്തി മാറ്റിയ നിനക്കു ഭാഗ്യം!

3. നാം ശേഖരിച്ച സമ്പാദ്യം മറ്റുള്ളവർക്കുവേണ്ടി അവശേഷിക്കുന്നു. അതുവഴി ഉണ്ടായ അനീതി നമ്മുടെ കഴുത്തിൽ തൂക്കിയിട്ടിരിക്കുന്നു. നമ്മുടെ സമസ്താപരാധങ്ങളും എഴുതപ്പെട്ട ചുരുൾപോലെയാകും നമ്മുടെ തൊലി. മറിച്ച്, താപസ്സരായ നിങ്ങൾക്ക് ഭാഗ്യം!

4. നാം ഇച്ഛിക്കുകയും എന്നാൽ ആഗ്രഹിക്കുന്നതുപോലെ വച്ചു കൊണ്ടിരിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. നാം പാപം ചെയ്യുകയും നാം പ്രതീക്ഷിച്ചതുപോലെ ന്യായവിധിയെ സമീപിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. നാം സ്നേഹിച്ച സമ്പത്ത് നമുക്കുപിന്നിൽ അവശേഷിക്കുന്നു. പാപമാകട്ടെ, നമുക്കുമുമ്പേ കല്ലറയിലേക്ക് കുതിക്കുന്നു. നിരന്തരം അധ്വാനിച്ച വിജയികളായ നിങ്ങൾക്ക് ഭാഗ്യം!

5. നമ്മുടെ സമ്പത്ത് നമ്മെ കൈവിട്ട് അവശേഷിക്കുന്നതും നമ്മുടെ പാപം ന്യായവിധിയിലേക്ക് ഓടി നമ്മുടെ കർത്താവിന്റെ മുമ്പാകെ സാക്ഷ്യപ്പെടുത്തുന്നതും കണ്ട് നമ്മുടെ എതിരാളി തുള്ളിച്ചാടുന്നു. നമ്മുടെ രക്ഷകൻ ഏറ്റുപറയുന്നവൻ ഭാഗ്യവാൻ!

6. അത്യാർത്തി സ്വപ്നസമാനം പറന്നുപോകുകയും പാപങ്ങൾ ഒന്നിച്ചുകൂട്ടി ഒരേഒരു ചുമടായി നമ്മുടെ തോളിൽ വയ്ക്കപ്പെടുകയും ചെയ്യുമ്പോൾ, ന്യായാസനത്തിൽ യേശു നമ്മെ നിരാകരിക്കും. തന്റെ യാത്രാഭക്ഷണം തന്റെ തോളിൽ വഹിക്കുന്നവൻ ഭാഗ്യവാൻ!

7. ആര് നമ്മെപ്പോലെ തനിക്കായി പാതയൊരുക്കി! ഭക്ഷിക്കുന്നവർക്ക് നമ്മുടെ ഭക്ഷ്യവിഭവങ്ങൾ നാം അവശേഷിപ്പിക്കുന്നു. അതേസമയം, മടക്കിക്കൊടുക്കുന്നവന്റെ മുമ്പിൽ എത്തുന്നതിന് നമ്മുടെ കടങ്ങളുടെ കുറ്റപത്രം

www.malankaralibrary.com

നാം നമുക്കു പങ്കുവയ്ക്കുന്നു. തന്നോടൊപ്പം ദാനധർമം നടത്തിയവൻ ഭാഗ്യവാൻ!

8. ആരാണ് ഉചിതമായത് തലതിരിച്ചത്? നാം സദ്യയോടുകൂടെ ഉപവാസത്തിന് അണയുന്നു. അലങ്കാരത്തോടൊപ്പം സഹനത്തിനു വരുന്നു. സമ്പാദ്യത്തോടൊപ്പം സന്യാസവ്രതത്തിന് വരുന്നു. ഉചിതമാംവിധം പരിശീലനം ലഭിച്ചവൻ ഭാഗ്യവാൻ!

9. നമ്മുടെ ഈ തലമുറയിലെ പ്രബോധനംപോലെ മത്തുപിടിച്ച് വഴിതെറ്റിയവൻ ആരാണ്? അത് ന്യായമായി ജീവിതത്തെ അനാവൃതമാക്കുന്നു. എന്നാൽ പിന്നീട് വീണ്ടും തലതിരിഞ്ഞ് വസ്ത്രം ധരിപ്പിക്കുന്നു. അന്ത്യംവരെ സഹിച്ചുനിന്ന സത്യവാന്മാരായ നിങ്ങൾക്കു ഭാഗ്യം!

**ഗീതം 18 നഷ്ടപ്പെട്ടു.**

# 19

## "ഓ, സത്യം ശ്രവിക്കുന്നവനേ" എന്ന രീതി (4)

1. .....ദൈവികകൃപയുടെ ഓട്ടം സുശക്തമായ നീതിയുടെ വാതിൽക്കൽ എത്തുന്നു. അവ പരസ്പരം സഹായത്തിനണയുന്നു.

2. അവന്റെ കരുണ ശക്തികൊണ്ട് ന്യായീകരിക്കാവുന്നതാണ്. എന്നാൽ അതിന്റെ പ്രത്യേകത അവൻ നശിപ്പിക്കുന്നില്ല; മനുഷ്യനു തന്നെയും ന്യായീകരിക്കാൻ കഴിയുമെന്ന് അവിടുത്തേക്കറിയാം. പ്രകാശത്തിനുനേരേ തന്റെ കണ്ണടയ്ക്കുന്നവനോട് മനുഷ്യർക്കും അൽപ്പംപോലും ദയയില്ല.

3. കാരണം, കണ്ണടച്ചിരിക്കുന്ന ഒരാൾ ഒരുവനെ നയിച്ചാൽ അതിൽ രണ്ടിലൊന്ന് സ്വീകാര്യമാണ്: ഒന്നുകിൽ അവന്റെ ബുദ്ധി വികസിക്കാതെ ഇപ്പോഴും ശിശുസമാനമാണ്. അല്ലെങ്കിൽ കാഴ്ചയുള്ളവനെ അവഗണിക്കത്തക്കവിധം അവനെ ബാധിക്കുന്ന പരിഹാസം അത്ര കയ്പ്പേറിയതും ആഴമുള്ളതുമാണ്.

4. ഈ അവസാനത്തവന്റെ അപകീർത്തി, കണ്ണടച്ചിരിക്കുന്ന നയിക്കുന്നവനെ ബാധിച്ചു. നയിക്കപ്പെട്ടവന് കാഴ്ചയുണ്ടെന്നുള്ളത് നയിക്കുന്നവൻ കണ്ടില്ല. കാണാനുള്ള കഴിവ് സജീവമായിരിക്കയും അങ്ങനെ താൻ നമുക്ക് നൽകിയ കണ്ണിനെ പ്രവർത്തിപ്പിക്കാൻ കഴിവുണ്ടായിരിക്കയും ചെയ്യുന്നവനെ നയിക്കാൻ തക്കവിധം ദൈവം അവജ്ഞയുള്ളവനല്ല.

www.malankaralibrary.com

5. വീണ്ടും, താഴെപ്പറയുന്നതും തലതിരിഞ്ഞതാണ്: ആരോഗ്യമുള്ള കൈകളുള്ളയാൾ അതുപയോഗിക്കാൻ മനസ്സാകാതിരിക്കുമ്പോൾ, അവന് തിന്നാനും കുടിക്കാനുമായി തന്റെ കൈ കടംകൊടുക്കുന്നവൻ വിഡ്ഢിയാണ്.

6. മനുഷ്യന് സ്വാതന്ത്ര്യം നൽകിയ ദൈവം എത്രയധികമായിരിക്കും....

7. എല്ലാ ഫലങ്ങളിലേക്കും നീട്ടാൻ കഴിവുള്ള കൈപോലെ സ്വാതന്ത്ര്യത്തെ കരുതുക. മാരകവിഷം പറിച്ചുതിന്നാൻ ഒരിക്കൽ അതിന് കഴിവുണ്ടായിരുന്നതുപോലെ, ഇപ്പോൾ ജീവൗഷധം പറിക്കാനും അതിന് കഴിവുണ്ട്.

# 20

## "ഓ, സത്യം ശ്രവിക്കുന്നവനേ" എന്ന രീതി (5)

1. സ്രഷ്ടാവിന്റെ ശക്തി....എന്റെ സഹോദരരേ, അതിൽ നിന്നുതന്നെയല്ല....., പ്രവർത്തിക്കാൻ....നിർബന്ധം പാടേ ഒഴിവാക്കുന്നു.....നമുക്ക് വിവേകപൂർവമായ പ്രവർത്തനമുണ്ട്....

2. ....നല്ല ദൈവം.....നീതിമാനായ ദൈവം....നീതി സ്നേഹത്തിന്റെ മുന്നേറ്റം തടയുന്നു. നീതിയുടെ ശക്തി നന്മ കുറയ്ക്കുന്നു.

3. ....ബലപ്രയോഗത്താൽ നിർബന്ധിക്കുന്നില്ലെന്ന് മരണം അറിയിക്കുന്നു. അവന് ലഭിക്കുന്ന അംഗുലീചലനം കാട്ടുന്നത്....

4. ....അവൻ മൂലധനം നിഷേധിച്ചില്ലെന്നു നാം അറിഞ്ഞിരിക്കട്ടെ. അവൻ മുതലും പലിശയും തിരികെ നൽകി.

5. ......

6. അവൻ...തന്റെ സത്കർമങ്ങളുടെ മരുന്നുകളാൽ...തന്റെ പാപങ്ങളാൽ ദുഷിച്ച ആദം....അവൻ ശ്രേഷ്ഠതേജസാൽ പൊതിയപ്പെട്ടിരുന്നു. അവൻ തന്റെ വസ്ത്രമുരിഞ്ഞ് ഇലകൾ കൂട്ടിത്തയ്ച്ചു. അവനു നഷ്ടപ്പെട്ടത് അവൻ ചോദിക്കുകയും അവന് ലഭിക്കുകയും ചെയ്തു.

7. ആഴ്ചയുടെ ഒന്നാംദിവസം അവൻ എഴുന്നേൽക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്തു. ആറാംദിവസം സൃഷ്ടിക്കപ്പെട്ടവൻ ഒന്നാംദിവസം വീണ്ടും സൃഷ്ടിക്കപ്പെട്ടു. തന്റെ സൃഷ്ടികർമത്തിൽ അവൻ ഒരു പിൽക്കാല

www.malankaralibrary.com

ഫലമായിരുന്നില്ലെങ്കിലും, തന്റെ ഉത്ഥാനത്തിലൂടെ അവൻ കടിഞ്ഞൂൽ ഫല മാക്കിത്തീർത്തു.

8.......

9. മനുഷ്യകുലത്തിന്റെ കടിഞ്ഞൂൽഫലമായി തന്റെ പിതാവിന് ആദ്യ ഫലം അർപ്പിക്കുന്നതിന് അവൻ ഭൗമികനെ എടുത്ത് ഉന്നതത്തിലേക്ക് കരേറി. ഇടത്തുവശം അപമാനിച്ചവൻ വലത്തുവശത്തിരുന്ന് ഭരിക്കുന്നു.

10.സ്വർഗീയരും ഭൗമികരും, ആത്മീയരും ശാരീരികരും, ഈറയരും നിബിയരും അഭിഷിക്തരുമായ ഗണങ്ങൾ സ്തുതിക്കുന്നു. അവർ രക്ഷിക്കാനായി പലതരത്തിൽ പരിശ്രമിച്ചെങ്കിലും വിജയിച്ചില്ല. എന്നാൽ നീ അവരെ നിന്റെ സ്കീപ്പായാൽ രക്ഷിച്ചു.

11. നിന്റെ പിതാവിന്റെ ആംഗ്യത്താൽ നിന്നിലൂടെ എല്ലാം സൃഷ്ടിക്കപ്പെട്ടു എന്നതും ഉറപ്പുള്ള സംഗതിയാണ്. നിന്നിലൂടെ അവ സ്ഥാപിതമായതുപോലെ, നിന്നിലൂടെ അവ നവീകരിക്കപ്പെടുകയും ചെയ്തു.

12. എല്ലാവർക്കും നല്ലവനായ സൗമ്യന് നന്ദി. നിന്നെ ജനിപ്പിക്കുകയും നിന്നിലൂടെ സൃഷ്ടികർമം നടത്തുകയും നിന്നെ അയക്കുകയും വഴിതെറ്റിയവരെ നിന്നിലൂടെ തിരികെ വിളിക്കുകയും ചെയ്ത, നിന്നെ അയച്ച ആ നല്ലവന് നന്ദി. ഞങ്ങളെല്ലാവരിൽനിന്നും നിനക്കും നിന്റെ പിതാവിനും സ്തുതി.

13. നഷ്ടപ്പെട്ട ആടിനെപ്പോലെ ആത്മാവ് നിന്റെ ആലയിലേക്ക് തിരികെ വരട്ടെ...രണ്ടിനെയും ഇഷ്ടപ്പെട്ട നിന്നിലൂടെ അവന് സ്തുതി.

# 21

## "പറുദീസാ" എന്ന രീതി (1)

1. എന്റെ സഹോദരരേ, ബലഹീനനായ എന്റെ നേർക്കു തിരിഞ്ഞ്, എന്റെ ഉപദേശം ഗ്രഹിക്കുക. നമുക്ക് അനുരഞ്ജിതരായി, ഉന്നതത്തിൽ നിന്ന് ആത്മാവിനെ നമ്മുടെ മേൽ വിളിച്ചിറക്കാം. അവനെ നമ്മുടെ ഉള്ളുമായി കൂട്ടിക്കലർത്താം. ആത്മാവിന്റെ ചിറകുകൾ സ്വർഗീയമത്രേ. അതുപയോഗിച്ച് അവൻ തന്റെ സ്ഥാനത്തേക്ക് തിരികെ പോകുമ്പോൾ, നമുക്ക് എത്തിപ്പിടിക്കാനും അളക്കാനും കഴിയാത്ത ഉന്നതത്തിൽ എത്തിച്ചേരാൻ നമുക്കിടയാകട്ടെ. തന്നിൽ നാം ഉന്നതത്തിലേക്ക് കയറാൻ സാധിക്കുന്നതിന് താഴേക്കിറങ്ങി വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com

2. അതുകൊണ്ട് ഭാരം കുടഞ്ഞുകളയുകയും നിങ്ങളിൽ നിന്ന് ദൂരെ എറിയുകയും നിങ്ങളെത്തന്നെ ഉയർത്തുകയും ചെയ്യുക.....സ്വാതന്ത്ര്യത്തിന്റെ ശക്തിയാൽ. കാരണം, നാം പ്രകൃതിയിലെ മൂകമായ കല്ലുകളായി തീർന്നില്ല. ഉന്നതത്തിലേക്കുയരാൻ ആത്മാവിന് കഴിവുണ്ട്. അതിനെ നാം വേഗത്തിൽ ലക്ഷ്യത്തിൽ എത്തിക്കുന്നു! അതിന്റെ ചിറക് അതിനെ ഉയർത്തുന്നു. അതിനെ വഹിക്കാനും തന്റെ കരം പിൻവലിച്ച് അതിനെ വീഴ്ത്താനും കഴിവുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. എല്ലാറ്റിന്റെയും കർത്താവിന്റെ ഔന്നത്യം ആർക്കും എത്തിപ്പിടിക്കാനാവില്ല; അവന്റെ മഹനീയതയുടെ അതിർത്തി നമ്മുടെ മനസ്സിന് അചിന്ത്യമാണ്. തന്നിൽ തന്നെ സുശക്തമായ, ബുദ്ധിയുള്ളതും വിവേചിച്ചറിയാവുന്നതുമായ, ആ ഔന്നത്യം ചെറുതാകും, വീണ്ടും വലുതാകും; എന്നാൽ തന്നിൽ തന്നെ മാറ്റമില്ലാതിരിക്കും. അതിർത്തിയില്ലാത്തതാണെങ്കിലും, അത് അതിർത്തി ഉള്ളതുപോലെയാണ്. നമുക്ക് തന്റെ പക്കലെത്തിച്ചേരാൻ ഇടയാകുന്നതിന് തന്റെ ദൂരം കുറച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. യേശുവേ, മനോഹര നാമമേ, അങ്ങയുടെ അലങ്കാരം അങ്ങിൽ നിന്നു തന്നെയാണ്! ഞങ്ങളാൽ തന്നെ ഞങ്ങൾ അലംകൃതരാകാൻ നീ കൃപ നൽകണമെ. ഞങ്ങളുടെ ഉപവാസം ഞങ്ങളുടെ അലങ്കാരമായിരിക്കട്ടെ. ഞങ്ങളുടെ പ്രാർഥന ഞങ്ങളുടെ ആഭരണമായിരിക്കട്ടെ. നീ നിന്റെ ശക്തി ഞങ്ങളിൽ കലർത്തിയതുപോലെ, നിന്റെ നാമം ഞങ്ങളുടെ നാമത്തോട് കലർത്തണമെ. അങ്ങനെ നിന്റെ നാമത്താൽ ഞങ്ങളുടേത് സുന്ദരമാകട്ടെ. ഞങ്ങളുടെ താഴ്ന്ന അവസ്ഥയെ ഉയർത്തിയ നിനക്ക് സ്തുതി.

5. ..........

# 22

## "ഞാൻ എന്റെ വായ് വിജ്ഞാനത്തിൽ തുറക്കും" എന്ന രീതി (5)

1. ദൈവമേ, നിഷ്ക്കളങ്കന് ഉൾക്കാഴ്ച നൽകണമെ; ഓ, ഗുരുവേ, ഋജുമാനസ്സന് ഉൾക്കാഴ്ച നൽകണമെ. എന്റെ കർത്താവേ, നിന്നോടുകൂടെ ആരംഭിക്കാൻ ഞങ്ങൾ പഠിക്കട്ടെ; കാരണം, ആദിയും ആരംഭവും നിന്നിൽ നിന്നുത്ഭവിക്കുന്നു. നിന്നോടുകൂടെ അവസാനിപ്പിക്കാൻ ഞങ്ങൾ പഠിക്കട്ടെ; കാരണം, നീയാണ് എല്ലാറ്റിന്റെയും അന്ത്യം. എന്റെ കർത്താവേ, നിനക്ക് ആരംഭവും അന്ത്യവും ഇല്ലാതിരിക്കെ, സൃഷ്ടികൾ നിന്നിൽ നിന്നാണ് ആരം

www.malankaralibrary.com

ഭവും അന്ത്യവും സ്വീകരിച്ചിരിക്കുന്നത്. നിന്റെ കൽപ്പനയിൻ കീഴിലാണ് അവയുടെ വ്യാപാരം; നിന്റെ ഇച്ഛയിൻ കീഴിലാണ് അവയുടെ അന്ത്യം.

2. എന്റെ കർത്താവേ, നിനക്ക് പതിവായിരിക്കുന്നതുപോലെ, നിന്റെ കാരുണ്യത്താൽ എന്റെ യാചനകൾ സാധിച്ചുതരണമെ. എന്റെ അപേക്ഷ നിരസ്സിക്കത്തക്കവിധം നിന്റെ ഭണ്ഡാരത്തിൽ ഒരസൂയയുമില്ല. ആവശ്യക്കാരന് തന്റെ സമ്പത്ത് പങ്കിട്ടുകൊടുക്കുക എന്നതാണ് നിന്റെ നിക്ഷേപത്തിന്റെ ആവശ്യം. കാരണം, മരുഭൂമിയിലെ ഉറവ സൗജന്യമായി ജലം നൽകിയെങ്കിൽ, നിന്റെ ദാനം എത്ര വലുതായിരിക്കണം.......

3. സൃഷ്ടികൾ ചോദിക്കാതെ തന്നെ കാരുണ്യവാൻ സൗജന്യമായി നൽകുന്നു. കാരണം, ഇല്ലാതിരുന്ന ഒന്നിന്റെ അപേക്ഷ അവന് എങ്ങനെ സ്വീകരിക്കാൻ കഴിയുമായിരുന്നു! നിത്യാസ്തിത്വം ഇല്ലായ്മയിൽ നിന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചു. അവ ആവശ്യമുണ്ടായിരുന്നു എന്നതിനാലല്ല, പിന്നെയോ, അത് നന്മയായതിനാലത്രേ. തന്റെ സത്തയിൽ അത് സ്ഥിതിചെയ്യുന്നതുപോലെ, സൃഷ്ടിവഴി തന്റെ ഓരോ കർമവും സ്ഥിതിചെയ്യുന്നു. അതിനു സ്വന്തമായി ശക്തിയുള്ളതുപോലെ, അത് അവയ്ക്ക് സ്വാതന്ത്ര്യം നൽകി.

4. യേശു തന്റെ പിതാവിന്റെ കരമാണ്. അവനോടുകൂടെ പിതാവ് രൂപീകരിക്കുകയും സൃഷ്ടിക്കുകയും സ്ഥാപിക്കുകയും ചെയ്തു. മനുഷ്യസൃഷ്ടിക്കുമുമ്പ് മനുഷ്യേന്ദ്രിയങ്ങൾക്കോ, അവയവങ്ങൾക്കോ യാതൊന്നിനും കഴിവില്ലായിരുന്നു. വായ് പ്രാർഥിക്കുന്നതിനു മുമ്പ് അവൻ അതിനെ രൂപീകരിച്ചു. സ്തുതിക്കുന്നതിനു മുമ്പ് അവൻ നാവ് രൂപീകരിച്ചു. മുട്ടുകുത്തി പ്രാർഥിക്കാതിരുന്ന സമയത്ത് അവൻ മുട്ടു രൂപീകരിച്ചു. കൈവിരിച്ച് സ്തുതിക്കാതിരുന്നപ്പോൾ, അവൻ കൈകൾ രൂപീകരിച്ചു. നല്ലവനായ നിനക്കും നല്ലവന്റെ പുത്രനായ നിനക്കും നിന്റെ സൃഷ്ടിയിൽ നിന്ന് സ്തുതി.

5. ആവശ്യക്കാരനായ എനിക്ക് ഞാൻ ചോദിക്കാതെ തന്നെ സൗജന്യമായി തന്ന ദാതാവേ! അവന്റെ തിരുഹിതം എന്നെ മാതാവിന്റെ ഉദരത്തിൽ രൂപീകരിച്ചു; അതു ഞാനും ഉദരവും അറിഞ്ഞില്ല. നിശ്ശബ്ദമായി അവൻ അവയവങ്ങൾ കൂട്ടിച്ചേർത്തു, ശാന്തമായി സന്ധികൾ ഉറപ്പിച്ചു. സാവധാനം ചെവികൾ നിർമിച്ചു, ആത്മാവിനെ ഊതിക്കയറ്റി. നൽകപ്പെട്ടിടത്തുനിന്ന് ഭക്ഷണം അവിടെ കടന്നുവന്നു, കൽപ്പന ലഭിച്ചിടത്തുനിന്ന് ജീവവായു കടന്നുവന്നു. പ്രസവവേദന ആസന്നമായപ്പോൾ കവാടം തുറന്ന് പാപി സൃഷ്ടിയിലേക്ക് കടന്നുവന്നു.

6....

www.malankaralibrary.com

# 23

## "സൃഷ്ടികളുടെ ഉടയവന് സ്തുതി" എന്ന രീതി (1)

1. ഓ, സമൃദ്ധമായി ദാനങ്ങൾ നൽകുന്നവൻ, യാചിക്കുന്നവരുടെ ആവശ്യങ്ങൾ കാണുന്നു. ഒരുവന്റെ അധരയാചന ഉപദ്രവകരമാണെന്ന് അവിടുന്ന് കാണുമ്പോൾ, കുറേക്കൂടി വലിയൊരു നന്മ പ്രദാനംചെയ്യാൻ, അത് നിഷേധിക്കുന്നു. എല്ലാ അപേക്ഷകളുടെയും കവാടം ഇതാണ്: കിട്ടാത്തവവനും കിട്ടിയവനും ഒന്നിച്ച് തന്റെ സഹായം സ്വീകരിച്ച് പുറത്തേക്ക് പോകുന്നു.

*പ്രതിസ്തോത്രം: സഹായിക്കാനായി നൽകുകയും നിഷേധിക്കുകയും ചെയ്യുന്ന ദാനങ്ങളുടെ ദാതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഒരു കടക്കാരനും ഒരാവശ്യക്കാരനും നല്ലവന്റെ പക്കലെത്തുമ്പോൾ, അവൻ ആവശ്യക്കാരന് സമ്മാനിക്കും, കടക്കാരനോട് ക്ഷമിക്കുകയും ചെയ്യും. ദാതാവിന്റെ വാതിൽക്കൽ നിന്ന് ആവശ്യക്കാരൻ തന്റെ പോഷണവും കടക്കാരൻ മോചനവും വഹിച്ചുകൊണ്ട് ഒരുപോലെ തിരികെ പോകുന്നു.

3. അവിടുന്ന് എപ്പോഴും ദാതാവാണെന്നു കാണുക. തന്റെ സ്നേഹം നൽകുന്നതിലും നിഷേധിക്കുന്നതിലും തന്റെ കാരുണ്യം കാണിക്കുന്നു. കാരണം, അപേക്ഷകന് മരണം മറഞ്ഞിരിക്കുന്നെങ്കിൽ, അത് തെറ്റായ അപേക്ഷയാണ്. അവിടുന്ന് അത് നിഷേധിക്കുന്നെങ്കിലും, ഇവിടെയും അവിടുന്ന് നമ്മുടെ അർപ്പണം വലുതാക്കുന്നു. കാരണം, നമുക്ക് ക്ഷതം വരുന്നത് നിഷേധിക്കുന്നതിലൂടെ അവിടുന്ന് തന്റെ കാരുണ്യത്തിന്റെ ഭണ്ഡാരം നമുക്കായി തുറക്കുന്നു.

4. ഒരു കുട്ടി വിവേചനാരഹിതമായി ഉപദ്രവകരമായത് ചോദിക്കുകയും ദാതാവ് വിവേകരഹിതമായി അത് നൽകുകയും ചെയ്താൽ, കുട്ടിയുടെ അപേക്ഷയുടെ വിഡ്ഢിത്തം അയാളോട് ചേർന്നിരിക്കും. ലഭിച്ച ദാനം ശകാരത്തിൽ നിന്നും കുറ്റപ്പെടുത്തലിൽ നിന്നും വിമുക്തമായിരിക്കുമെങ്കിലും, ദാതാവിന്റെ വിജ്ഞാനത്തെ വിഡ്ഢിത്തം പൂർണമായി ബാധിക്കും.

5. അതുകൊണ്ട് അവിടുന്ന് ദാനം നിഷേധിക്കുന്നു...എന്നിട്ടും മർക്കടമുഷ്ടിയോടെ അപേക്ഷിച്ചാൽ, ന്യായമായി അനുതപിക്കണം.....

6. അപേക്ഷകന്റെ മുറുമുറുപ്പിലും.....കൃതജ്ഞത കുടികൊള്ളുന്നു. ആവശ്യക്കാരന് നിഷേധിച്ചെന്ന് അപേക്ഷകൻ ആദ്യം ആരോപണം ഉന്നയിച്ചേക്കാം. കുട്ടിയെ വളർത്തുമ്പോളുള്ള ക്ലേശങ്ങളിൽ സന്തോഷം മറഞ്ഞി

www.malankaralibrary.com

രിക്കുന്നതുപോലെ, കുട്ടിക്ക് മരണമാണ് നിഷേധിച്ചതെന്ന് കാണുമ്പോൾ, അവസാനം അവൻ അതിന് നന്ദി പറയും.

7. നിന്റെ യാചനകൾ ശ്രദ്ധിക്കപ്പെടുമ്പോഴും മാറ്റിവയ്ക്കപ്പെടുമ്പോഴും നീ സന്തോഷിക്കണം . നിനക്ക് നല്ലതെന്താണെന്നും ചീത്തയെന്താണെന്നും നിന്നെ പഠിപ്പിക്കാൻ അദൃശ്യൻ നിശ്ശബ്ദമായി അനുവദിക്കുന്നു. ദോഷകരമായവ അവന്റെ നിരസിക്കലിൽ നിന്നും നന്മയായവ നിനക്ക് ലഭിക്കുന്നതിൽ നിന്നും തിരിച്ചറിയുക! ഇപ്രകാരം, ആവശ്യക്കാരെ അവരുടെ എല്ലാ യാചനകളെപ്പറ്റിയും നിശ്ശബ്ദൻ പഠിപ്പിക്കുന്നു.

8. അവിടുന്ന് നിരസിക്കുന്ന ഓരോ യാചനയും ദോഷകരമായ അപേക്ഷയായി മനസ്സിലാക്കുക. അവിടുന്ന് സാധിച്ചുതരുന്ന ഓരോ യാചനയും പ്രയോജനകരമായ അപേക്ഷയായും മനസ്സിലാക്കുക.

9. ....ആ ദാതാവ് നല്ലവനും നീതിമാനുമാണ്. നിന്റെ അപേക്ഷ നിരസിക്കാൻ അവിടുത്തേക്ക് സാധിക്കയില്ല. കാരണം, അവന്റെ നന്മയിൽ വിദ്വേഷമില്ല; അവന്റെ നീതിയിൽ അസൂയയുമില്ല.

10. നിനക്ക് നിഷേധിച്ചതിൽ അനുതപിച്ചതിനാലല്ല വിളംബം വരുത്തി നിനക്ക് നൽകുന്നത്. വെയിലിന്റെ കാഠിന്യം സഹിച്ചവർ ഉച്ചയ്ക്ക് എത്തുന്നതുവരെ നിന്നെ പരീക്ഷിച്ച് പരിശോധിച്ചറിയുന്നതിനും അങ്ങനെ നീ ഉച്ചയ്ക്ക് നിന്റെ പ്രതിഫലം തേടുന്നതിനും നിനക്ക് മുഖപ്രസന്നതയും സമ്മാനവും ഒന്നിച്ചുനൽകുന്നതിനുമാണിത്.

11. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ആദ്യം വന്നവർക്കും ഒടുക്കം വന്നവർക്കും...പരസ്പരം വേർതിരിക്കാതെ...ഒരുപോലെ കൂലി കൊടുത്തു.... ആദ്യം വന്നവർ വലിയവരായിരുന്നു; പ്രതിഫലത്തിനുവേണ്ടി അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. മറിച്ച്, അവസാനം വന്നവർ നിശ്ശബ്ദരായിരുന്നു; അവരുടെ മൗനത്തിലൂടെ അവർ ദാതാവിന് നന്ദിയർപ്പിച്ചു.[48]

12. അവരെ തുല്യരാക്കിയപ്പോഴും അവർ തമ്മിലുള്ള വ്യത്യാസം കാണിച്ചു. അവർക്ക് പിന്നീട് കൊടുക്കാഞ്ഞതിൽ അവർക്കുള്ള ആനുകൂല്യം കാട്ടി. അവൻ ബുദ്ധിപൂർവം നടപടി എടുത്തതിലൂടെ, ഉറക്കെ വിളിച്ചുപറയുന്നതിനും മുഖപ്രസാദം ലഭിക്കുന്നതിനുമുള്ള അവസരം നൽകി.

13.........

14. വിജയിയായ പോരാളി തന്റെ പുഷ്പഹാരത്തിൽ പ്രശോഭിക്കുന്നു. നിത്യസൗഭാഗ്യം തുല്യമാണെങ്കിലും....പുഷ്പഹാരത്തിൽ വ്യത്യാസമുണ്ടായിരിക്കും. കാരണം, ഇരുവരും സൗഭാഗ്യം അനുഭവിക്കുമ്പോഴും....

48. മത്താ.20,8–15.

www.malankaralibrary.com

15. കാരണം, വിജയിയായ പോരാളി, കൂടുതൽ ലഭിക്കാതെ തന്നെ വിശ്വാസി ആയിരിക്കും. അവന് പരസ്യമായി പുഷ്പഹാരം ആവശ്യപ്പെടാൻ കഴിയും. തന്റെ വേദനകളിലൂടെ അവൻ തന്റെ പലിശ കൂട്ടി. അവൻ തന്റെ ശരീരത്തിൽ വേദന വിതച്ചു, അവൻ വിതച്ച വേദനകളിൽനിന്ന് പുഷ്പ ഹാരവും സമ്പത്തും സ്തുതിയും അവൻ കൊയ്തു.

16. അല്ലയോ, യാചകാ, ദാതാവിന്റെ കവാടത്തിൽ മുട്ടാനായി ഓടുക. കാരണം, അവിടുന്ന് നിനക്ക് നൽകാതിരിക്കുമ്പോഴും, അപേക്ഷയേക്കാൾ ശ്രേഷ്ഠമായ ക്ഷമ നിനക്ക് ലഭിക്കാൻ അവൻ ഇടയാക്കും. ദാതാവിനെപ്പറ്റി: അവിടുന്ന് നിഷേധിക്കുമ്പോൾ കൂടുതൽ നൽകുന്നു. അതായത്, ക്ഷമ എന്ന മഹാദാനം സമ്മാനിക്കുന്നു.

17. കാരണം, സമ്പത്തു നിറഞ്ഞ നിക്ഷേപമാണ് ക്ഷമ. അവസാനം വരെ കാത്തുനിൽക്കാൻ കഴിയുന്നവൻ.....

# 24

## “സൃഷ്ടികളുടെ ഉടയവന് സ്തുതി” എന്ന രീതി (2)

1. ..........

2. ......അബ്രാം പുഷ്പമാല അണിയിക്കപ്പെട്ടു. എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്ന അലസത രണ്ട് കഠിനപ്രകൃതികളെ കീഴ്പ്പെടുത്തി. ക്ഷമയുടെ പുളിപ്പിൽനിന്ന് വിശ്വാസം അവരിൽ മറഞ്ഞിരുന്നതിനാൽ....[49]

3. അദൃശ്യൻ കാണുന്ന നയനമാണ് വിശ്വാസം. എല്ലാ ക്ലേശങ്ങളും സഹിച്ചവൻ എല്ലാ വാഗ്ദാനങ്ങളും അവനിൽ കാണിച്ചു. അവനിൽ അബ്രഹാം തന്റെ വാഗ്ദാനം കണ്ടു; അവൻ തന്റെ നീണ്ടപോരാട്ടം നടത്തി. വിജയം കണ്ടവൻ വിപത്തുക്കളെ നിന്ദിച്ചു.

4. വലത്തുകൈ ഇപ്പോൾ നീട്ടി, അബ്രഹാമിന്റെ പുഷ്പമാലയുടെ പ്രതീകമായി നൂറ് എന്ന എണ്ണത്തിൽ എത്തി; അവൻ നീണ്ട നൂറുവർഷം പോരാട്ടം നടത്തി. പുഷ്പങ്ങളിൽ നിന്നെന്നവണ്ണം തന്റെ വിരലുകൾ കൊണ്ട് മാല കോർക്കുകയും വിജയിയായ വൃദ്ധന് ചാർത്തുകയും ചെയ്ത വലത്തുകൈ ആര് കണ്ടിട്ടുണ്ട്?

5. ഇടത്തുകൈയും വലത്തുകൈയും ഒരുപോലെ പോരാട്ടത്തിലാണ്. ഒരു വിജയപുഷ്പമാല പോലെ അതിൽ ഏതിനാണ് എണ്ണം തികയ്ക്കാനാ

49. അർഥം വ്യക്തമല്ല.

www.malankaralibrary.com

കുക! തൊണ്ണൂറ്റൊൻപതു വരെയുള്ള എണ്ണത്തെ തന്റെ മടിയിൽ ഇടത്തുകൈ ചുറ്റിപ്പിടിക്കുന്നു. വലത്തുകൈ ഒറ്റവർഷം കൊണ്ട് അതിനെ പിടിച്ചെടുക്കുകയും അവിടെ കോർക്കുകയും വിജയമാല ഉണ്ടാക്കുകയും ചെയ്തു.

6. ഇവ രണ്ടിന്റെയും പ്രതീകം പാപത്തെയും ദൈവികകൃപയെയും പ്രതിനിധാനം ചെയ്യുന്നു. അവ രണ്ടും അക്കാരണത്താൽ പോരാടുന്നു. വിജയമാലപോലെ ലോകത്തെ അവയിലേത് പിടിച്ചെടുക്കും? പാപം എല്ലാ ജഡങ്ങളെയും കീഴടക്കി. ഒരു പാപരഹിതശരീരത്തിലൂടെ കൃപ ആ ശരീരങ്ങളെ സ്വതന്ത്രമാക്കി. അതിലൂടെ വിജയിച്ച ജഡങ്ങളെ അവയ്ക്കിടയിൽ മാല്യം ചാർത്തി.

7. ഈ പ്രതീകം മുൻകൂട്ടി വരച്ചുകാണിച്ചിരിക്കുന്നു. തൊണ്ണൂറ്റൊൻപത് എണ്ണത്തെ ഇടത്തുകൈ അതിന്റെ നുകത്തിൻ കീഴിൽ കൊണ്ടുവന്നിരുന്നു. എന്നാൽ സ്വതന്ത്രയിൽ നിന്നു ജനിച്ച ശിശുവായ ഇസഹാക്കിൽ വലത്തുകൈ ഇടത്തിന്റെ ശക്തിയിൽനിന്ന് എണ്ണത്തെ സ്വതന്ത്രമാക്കി. ഏകജാതനുവേണ്ടി മാല കൊരുക്കുകയും അതിനാൽ വിജയിക്കുകയും അവനെ അണിയിക്കുകയും ചെയ്തു.

8. ഈ പ്രതീകം അതിന്റെ സത്യാധരത്തിനുവേണ്ടി നിശ്ശബ്ദതയിൽ കാത്തിരുന്നു: ഇതാ, എല്ലാവരെയും സ്വതന്ത്രരാക്കുന്ന ഏകശിശുവിലൂടെ വിഗ്രഹാരാധനയിൽ നിന്ന് എല്ലാ ജനതകളെയും കൃപ രക്ഷിച്ച് സ്വതന്ത്രരാക്കി. ഒരിക്കൽ ഹീനമായിരുന്നതിന് സ്നേഹത്തിന്റെ ഒരേയൊരു വിജയമാല്യം കൊരുക്കുകയും അതുകൊണ്ട് വിജയിക്കുകയും മാല്യം ചാർത്തുകയും ചെയ്തു.

9. മറ്റൊരു പ്രതീകം ശ്രവിക്കുക: വലത്തുകൈ ഇടത്തേതിൽ നിന്നെടുത്തുകൊണ്ട് ഒന്നിലൂടെ എണ്ണം തന്റെ കൈയിലേക്ക് ആനയിച്ചു. അതുവഴി അത് തന്റെ വിരലുകൾക്കിടയിൽ സന്തോഷിച്ചു. അതുപോലെ കള്ളന്റെ വ്യക്തിത്വത്തിലൂടെ യഥാർഥ വലത്തുകൈ നമ്മെ പാതാളത്തിൽനിന്ന് സ്വതന്ത്രരാക്കി ഏദനിലേക്കാനയിച്ചു. അവന്റെ വാഗ്ദാനം ഏദനിലെ മരങ്ങൾക്കിടയിൽ ജയാരവം മുഴക്കുന്നു.

10. അവയിലും മറ്റൊരു പ്രതീകം കൂടി തേടിക്കാണുക: അത് വലത്തുവശത്തിന്റെ ഉത്ഥാനവും ഇടത്തുവശത്തിന്റെ പാതാളവും വളരെ സദൃശീകരിക്കുന്നു. കാരണം, വലത്തുകൈ ഇടത്തേതിൽ നിന്ന് എണ്ണം പിടിച്ചെടുക്കുന്നതുപോലെ, പാതാളത്തിന്റെ കൈകളിൽനിന്ന് ഉത്ഥാനം പരേതരെ പിടിച്ചെടുക്കുന്നു.

11. വലത്തുവശം എണ്ണത്തെ ഉണർത്തി ഇടതിന്റെ മടിയിൽ നിന്ന്

www.malankaralibrary.com

പുറപ്പെടുവിക്കുന്നത് നോക്കുക. തൊണ്ണൂറ്റൊൻപത് എണ്ണങ്ങൾ ഒന്നിലൂടെ ഒരേയൊരു പൂമാലയിൽ എന്നപോലെ കോർത്തിണക്കി, വിജയിച്ച വലതിനെ അണിയിക്കുന്നു. തന്റെ രക്ഷകന്റെ പുഷ്പമാലയായിത്തീർന്ന ആദ്യഎണ്ണ മാണിത്.

12. ഉത്ഥാനം പാതാളത്തിന്റെ കരങ്ങളിൽ നിന്ന് മൃതരെ പുറപ്പെടുവിക്കുകയും ഉത്ഥാനം ചെയ്ത പരേതർ രാജ്യത്തിലെ മേശയിൽ പൂമാലപോലെ കോർക്കപ്പെടുകയും ചെയ്യും. വിജയിച്ച ഉത്ഥാനത്തെ അവർ പൂമാല ചാർത്തുകയും മരണത്തിൽ നിന്ന് ജീവൻ പിടിച്ചെടുക്കുകയും ചെയ്യും.

13. ഇടത്തുകൈയും പാതാളവുമായി താരതമ്യപ്പെടുത്തുക. ഇടത്തുകൈ സംഖ്യയെ എന്നപോലെ, പാതാളം മൃതരെ ഉള്ളിലിട്ട് അടച്ചിരുന്നു. വലത്തുകൈ ഏകസംഖ്യയാലെന്നപോലെ, ഉത്ഥാനം ഒറ്റ ശബ്ദത്താൽ പാതാളത്തിന്റെ മടി പെട്ടെന്ന് ശൂന്യമാക്കി. എണ്ണങ്ങൾ ഇടതിനെ വിട്ടുപോയതുപോലെ, പരേതർ പാതാളം വിട്ടുപോകുന്നു.

14. ഇടത്തുകൈ തന്റെ ഉള്ളിൽ നീണ്ടകാലം സംഖ്യകളുടെ കൂട്ടത്തെ സ്വീകരിച്ചിരുന്നു. പെട്ടെന്ന് വലത്തുകൈ ഒന്നിലൂടെ അവയെ പിടിച്ചെടുത്തു. അതിലൊരു വലിയ പ്രതീകം മറഞ്ഞിരിക്കുന്നു: നീണ്ടകാലം പാതാളത്തിന്റെ ഉദരത്തിലായിരുന്ന ഭ്രൂണത്തെ ഉത്ഥാനത്തിന്റെ ഏകസ്വരം പുറത്തേക്ക് കൊണ്ടുവരും. സംഖ്യകൾ വലത്തേതിലേക്കെന്നവണ്ണം, പരേതർ ജീവനിലേക്ക് ഓടും.

15. ഇടയ്ക്കുള്ള വിഷയത്തിന്റെ ഓളങ്ങൾ ആദ്യവിഷയത്തെ മറച്ചുകളഞ്ഞു. എങ്കിലും സഹായകമായ ഓളങ്ങൾ കപ്പലിന്റെ ശത്രുവല്ല; കാരണം, അവ അതിന് ചിറകുസമാനമാണ്. അവകൊണ്ട് അതിനെ തുറമുഖത്തേക്ക് പറത്തുന്നു. നമ്മുടെ വിഷയം വിഴുങ്ങിക്കളഞ്ഞ ഓളങ്ങളും അതിനെ അന്ത്യത്തിലെത്തിക്കാൻ ധൃതിപ്പെടുന്നു.

16. ഒറ്റപ്പെട്ടതും സാധാരണവുമായ വിഷയങ്ങൾ അവതരിപ്പിക്കാനും അവയിലൂടെ അഭിവൃദ്ധി പ്രാപിക്കാനും അനുവാചകരെയും ക്ഷണിക്കുന്നു. എല്ലാറ്റിനും മുമ്പേ സ്നേഹം നിലനിൽക്കുന്നു. കാരണം, ഒരുവിഷയം കൈകാര്യം ചെയ്യുമ്പോൾ മറ്റുള്ളവയും അതോടൊപ്പം ചർച്ചാവിഷയമാകുന്നു. അങ്ങനെ അത് പൂർണതയിലെത്തുന്നു. നാമിപ്പോൾ ക്രമീകരിച്ച വിഷയം പോലെ എല്ലാ വിഷയങ്ങളും പൂർത്തീകരിക്കപ്പെടുകയും അന്ത്യത്തിൽ എത്തുകയും ചെയ്യുന്നു.

www.malankaralibrary.com

# 25

## "സൃഷ്ടികളുടെ ഉടയവന് സ്തുതി" എന്ന രീതി (૩)

1. നിശ്ശബ്ദതയാൽ ഹൃദയങ്ങളെ പരിശോധിക്കുന്നവന്റെ സമക്ഷം സെബദിപുത്രന്മാർ തങ്ങളുടെ നാവുകൊണ്ട് അപേക്ഷിച്ചതിൽ ആശ്ചര്യപ്പെടുവിൻ. നമ്മുടെ യാചനകൾ ധിക്കാരപൂർവം ആയിരിക്കരുതെന്നും നമ്മുടെ നിസ്സാരത അതിന്റെ യാചനകൾ പരിധിക്കുള്ളിലാണോ എന്ന് തൂക്കിനോക്കണമെന്നും എല്ലാ അപേക്ഷകരെയും അതിലൂടെ പഠിപ്പിക്കാൻ അവിടുന്ന് അവരുടെ യാചന തടഞ്ഞില്ല.

*പ്രതിസ്തോത്രം: നാം അപേക്ഷിക്കാതെ തന്നെ ദരിദ്രരായ നമുക്ക് തന്റെ നിക്ഷേപങ്ങൾ തുറന്നു തന്ന നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ദൈവം സർവശക്തനാണെന്ന് ബാലിശനായ ബുദ്ധിശൂന്യൻ ഉയർത്തിപ്പിടിക്കുന്നെങ്കിലും, അവിടുന്ന് ബുദ്ധിപൂർവകമായ വിവേചനത്തോടെയാണ് എല്ലാം പ്രവർത്തിക്കുന്നതെന്ന് അവൻ അറിയുന്നില്ല. ദൈവം സർവശക്തനാണ്, എന്നാൽ ചെയ്യാൻ പാടുള്ളതു മാത്രമേ അവിടുന്ന് ചെയ്യുന്നുള്ളൂ.

3. "നിങ്ങൾ അപേക്ഷിക്കുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ" എന്ന സർവജ്ഞവാക്കുകൾക്കുശേഷവും രണ്ടുശിഷ്യരും വിവേകരഹിതമായി അപേക്ഷിച്ചു. വിവേകരഹിതമായ അപേക്ഷകൾ അപേക്ഷകർക്ക് വേദന ജനിപ്പിക്കും എന്നു കാണിക്കാൻ, അവൻ അവരെ വേദനിപ്പിച്ചു. അത് വിവേകപൂർണമായ അപേക്ഷ അല്ലാതിരുന്നതിനാൽ, പശ്ചാത്താപമായിരുന്നു അനന്തരഫലം!

4. നന്നായി അപേക്ഷിക്കുന്നവർക്ക് തന്റെ കവാടം എത്രമാത്രം തുറന്നിട്ടിരിക്കുന്നു എന്നു കാണിക്കാൻ, അവർ അവരുടെ ആവശ്യം അറിയിക്കുന്നതിന് മുമ്പ് ആരംഭിക്കാനായി അവൻ അവരെ പ്രോത്സാഹിപ്പിച്ചു. തെറ്റായി അപേക്ഷിക്കുന്നവർക്ക് തന്റെ കവാടം എത്രമാത്രം അടഞ്ഞിരിക്കുന്നു എന്നു കാണിക്കാൻ, അവർ തങ്ങളുടെ ആവശ്യം അറിയിച്ചതിനു ശേഷം, തന്റെ വിവേകത്തിൽ അവൻ അവരെ ദുഃഖിപ്പിച്ചു.

5. നമ്മുടെ കർത്താവ് തന്റെ മുന്നറിവ് പ്രയോഗിച്ച് അവരുടെ അഭ്യർഥന അവരുടെ വായിൽ തടഞ്ഞിരുന്നെങ്കിൽ, അവൻ നമ്മുടെ അഭ്യർഥനകൾക്ക് തന്റെ വാതിൽ അടച്ചുകളയുന്നെന്ന് മനുഷ്യർ കരുതുമായിരുന്നു. അപേക്ഷകരുടെ അപേക്ഷകൾ ഉചിതമായ അതിർത്തി കടക്കുമ്പോൾ, തങ്ങളുടെ അപേക്ഷകൾക്ക് അപേക്ഷകർ തന്നെ വാതിലടച്ചുകളയുന്നെന്ന് ഇപ്പോൾ കാണുക.

www.malankaralibrary.com

6. താൻ തുടങ്ങിയ എല്ലാ വിഷയങ്ങളും ഒന്നിച്ച് ഒരേയൊരു വിഷയത്തോടു കൂട്ടിച്ചേർക്കുന്നത് സംസാരിക്കുന്നവന് ചേർന്നതല്ല. കാരണം, മറ്റു വിഷയങ്ങളിൽ ശ്രദ്ധിക്കാൻ കഴിയാതെ വരും. തന്റെ കൺമുമ്പിൽ നിന്ന് തന്റെ വിഷയം നഷ്ടപ്പെടാനിടയാകും. അതുകൊണ്ട് സെബദിപുത്രന്മാരുടെ വിവരണം മുൻഗണനയ്ക്കെടുക്കാം. അങ്ങനെ, ആരംഭിച്ച വിഷയം പൂർത്തിയാക്കാം.

7. മനുഷ്യർ ബഹുമാനസ്ഥാനം തെരഞ്ഞെടുക്കാൻ ഉത്തേജിതരും പ്രേരിതരുമാകാനുള്ള അടിസ്ഥാനം ചൂണ്ടിക്കാട്ടാൻ ഞാനാഗ്രഹിച്ചു. അവരുടെ ആവേശം അതിരുകടന്നുപോയി. അവർ കൃത്യമായ പാത വിട്ടുപോയി. ഇപ്പോൾ അവർ വഴിക്കു പുറത്തുകൂടിയാണ് നടക്കുന്നത്. കടലിനെകൈക്കുമ്പിളിൽ അളക്കാൻ എന്നെ കഴിവുറ്റവനാക്കാൻ ആർക്കു കഴിയും?

8. സെബദിപുത്രന്മാരുടെ ഉള്ളിലേക്കു കയറിയതുപോലെ കീർത്തിസ്പൃഹയുടെ വിഷം കാണുമ്പോൾ, അത് തുടർന്ന് ഉള്ളിലേക്ക് കടക്കാതിരിക്കാൻ, ബുദ്ധിമാനായ വൈദ്യൻ ഉടനെ ഓടി വഴിയടയ്ക്കും. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ശരീരത്തിൽ യാചനയുടെ രൂപത്തിൽ അത് പാഞ്ഞുകയറിയപ്പോൾ, വേദനയുടെ കാരണം വൈദ്യൻ വെട്ടിനീക്കുകയും ദോഷത്തിന്റെ ഉറവ ശൂന്യമാക്കുകയും ചെയ്തു.

9. അതുകൊണ്ട്, അപേക്ഷിക്കുന്ന നീ ദാതാവിന്റെ പക്കലേക്ക് ഓടുന്നതിനുമുമ്പ് നിന്റെ അപേക്ഷ പ്രയോജനപ്രദമാണോയെന്നു ചിന്തിക്കണം. നിനക്ക് സന്ദർഭമുണ്ടാക്കിയ അടിസ്ഥാനം തേടുകയും വേണം. നഷ്ടം വരുത്താൻ ഹേതുഭൂതമാണ് നിന്റെ യാചനയുടെ അടിസ്ഥാനമെങ്കിൽ, സെബദിപുത്രന്മാരുടെ വൈദ്യൻ അതിന്റെ ഉറവ വറ്റിപ്പോകാൻ ഇടയാക്കും.

10. അപേക്ഷകരേ, നിങ്ങൾ ദാതാവിനെപ്പോലെ ആകണം. നമുക്ക് നൽകാൻ അവൻ കഴിവുറ്റവനാണ്; എന്നാൽ ദോഷകരമായത് നൽകാൻ അവന് തീരെ കഴിവില്ല. കടങ്ങൾ വെട്ടിക്കുറയ്ക്കാൻ അവന് കഴിയും; എന്നാൽ അവന്റെ നീതി അത് അനുവദിക്കുന്നില്ല. മോചനം നിഷേധിക്കാൻ അവന് കഴിയും; എന്നാൽ അവന്റെ കൃപ അത് അനുവദിക്കുന്നില്ല.

11. വാക്കുകളുടെ ഉറവയായ വായെ ഭയവും സ്നേഹവും നിയന്ത്രിക്കണം. അതിന്റെ നിന്ദ്യമായവയെ ഭയം നിയന്ത്രിക്കുന്നു. അതിന്റെ നിക്ഷേപങ്ങൾ സ്നേഹം മുന്നോട്ട് കൊണ്ടുവരുന്നു. നന്മ വെളിപ്പെടുത്താതിരിക്കാൻ അതിന് കഴിയും; എന്നാൽ നന്മയോടുള്ള സ്നേഹം അതനുവദിക്കുന്നില്ല. അതിന് തിന്മ ഉന്നയിക്കാനാകും; എന്നാൽ ന്യായവിധിയെപ്പറ്റിയുള്ള ഭയം അത് അനുവദിക്കുന്നില്ല.

www.malankaralibrary.com

12. നല്ലതും തീയതുമായ എല്ലാ വാക്കുകൾക്കും സുസജ്ജമായ വാഹനമൃഗമാണ് നാവ്. അതുകൊണ്ട് അതിന്റെ പ്രക്ഷുബ്ധമായ ചലനം ക്രമീകരിക്കാൻ അതിന് കടിഞ്ഞാൺ ആവശ്യമാണ്. കാരണം, വീഴ്ത്തുന്ന കുഴികളുടെ ഇടയിൽ കൂടിയാണ് അതിന്റെ ചലനം. അങ്ങനെ കർക്കശരായ പരിചാരകരുടെ കൂടെപ്പോലും കാലിടറാതെയും തട്ടിമുട്ടാതെയും ഒറ്റ ദിവസംപോലും തന്റെ ചലനം അവസാനിപ്പിക്കാൻ അതിനു തന്നെ കഴിവില്ല.

13. ഒരാളുടെ പക്കലേക്ക് എല്ലാ അപേക്ഷകളും ഓടിയെത്തുന്നു. ഉന്നതത്തിലെ അദൃശ്യകാത് നമ്മുടെ അപേക്ഷകൾ പരിശോധിച്ച് വേർതിരിക്കുന്നു. പ്രയോജനകരമായവ തെരഞ്ഞെടുക്കുന്നു. ഉപദ്രവകരമായവ തിരസ്ക്കരിക്കുന്നു. നാവിന് എല്ലാം ചോദിക്കാൻ കഴിയും; എന്നാൽ അപേക്ഷകന് പ്രയോജനപ്രദമായവ മാത്രമേ നൽകാൻ അവന് കഴിയൂ.

14. വിശ്വാസം ദൈവത്വത്തിലെത്തിക്കുന്ന അപേക്ഷകളെല്ലം സ്വീകരിക്കപ്പെടും. അതിന്റെ കൈകളിലൂടെയാണ് വ്രതങ്ങളും കാഴ്ചയർപ്പണങ്ങളും അർപ്പിക്കപ്പെടുക. അതിന്റെ കൈകളിൽനിന്ന് ഫലം സ്വീകരിക്കാൻ ദൈവിക മഹനീയത ആവശ്യപ്പെടുന്നു. കാരണം, വിശ്വാസം വിഭജിതമനസ്സിന്റെ മാലിന്യത്തിൽ നിന്ന് ഹൃദയയാചന ശുദ്ധീകരിക്കുന്നു.

15. ഹൃദയത്തിൽ വിശ്വാസവേര് നടുമ്പോൾ, അധരാപേക്ഷ സ്വീകരിക്കപ്പെടുന്നു. അത് ഫലപ്രാപ്തിയിലെത്താൻ ദൈവം കാത്തിരിക്കുമ്പോൾ, നമുക്ക് വിസമ്മതം ദൂരെയകറ്റാം. കാരണം, ഫലം യഥാകാലം ഫലപ്രാപ്തിയിൽ എത്തുന്നതുവരെ കൃഷിക്കാരൻ ക്ഷമാരഹിതനല്ല. അതിന്റെ സമയത്തിലേക്ക് അയാൾ അതിലൂടെ ജീവൻ നേടുന്നു.

16. നല്ലവനായ ദാതാവ് യാചനയും അതിന്റെ സമയവും പരിശോധിക്കുന്നു. കാരണം, അസമയത്ത് പറിക്കുന്ന പഴം മരണത്തിലേക്ക് നയിക്കുന്നു. അതുപോലെ, ഇപ്പോൾ ഉപദ്രവകരവും പിന്നീട് പ്രയോജനകരവുമായ സമ്മാനവും കൊടുക്കപ്പെടും. അപേക്ഷകൻ ധൃതിയിൽ ചെയ്താൽ, ദാതാവ് വിളംബം വരുത്തും.

17. ബുദ്ധിമാനായ ദാതാവ് യാചനയും അതിന്റെ സമയവും ഇപ്പോൾ പരിഗണിക്കുന്നു. ഒരു നിശ്ചിതകാലത്തേക്കുള്ള അപേക്ഷ ഇക്കാലത്ത് സഹായത്തിന് എതിരാകുമെന്ന് കാണുമ്പോൾ, മറ്റൊരു സമയത്തേക്ക് അയാളത് മാറ്റിവയ്ക്കന്നു. ഉപദ്രവകരമായ കാലത്ത് അപേക്ഷിച്ചത് നൽകാതെ അപേക്ഷകനെ പ്രകോപിപ്പിച്ചാലും, ശരിയായ സമയത്ത് സഹായം നൽകി അവനെ സമാശ്വസിപ്പിക്കും.

18. ശിശുവിന്റെ വളർത്തമ്മയെപ്പോലെ ദൈവത്വം നമ്മോട് സന്മ

www.malankaralibrary.com

മനോഭാവം കാട്ടുന്നു. അവൾ ഉചിതമായ സമയത്ത് അതിനെസഹായിക്കുന്നു, അതിന്റെ മുലകുടി മാറുന്ന സമയം അവൾക്കറിയാം. അതിന്റെ പോഷണത്തിന് എപ്പോൾ അതിന് പാൽ കൊടുക്കണമെന്നും എപ്പോൾ റൊട്ടി കൊടുക്കണമെന്നും അവൾക്കറിയാം. അതിന്റെ വളർച്ചയ്ക്കനുസൃതമായി കൃത്യമായ സഹായങ്ങൾ അവൾ നൽകുന്നു.

19. കടലിലെന്നപോലെ എല്ലാ യാചനകളുടെയും തുറമുഖമാണ് നീതി. നല്ല യാചനകൾ അത് സ്വീകരിക്കുന്നു, അല്ലാത്തവ താഴ്ത്തിക്കളയുന്നു. എല്ലാ അപേക്ഷകളും അംഗീകരിച്ചാൽ, ദുഷിച്ച വഴിപിഴയ്ക്കൽ സംഭവിക്കും; അപേക്ഷകൻ തന്റെ അപേക്ഷയുമായി മല്ലിടേണ്ടതായും വരും.

20. എല്ലാം ശ്രവിക്കുന്ന കാതിനു സ്തുതി. എല്ലാ യാചനകളുടെയും ശരിയായ തീച്ചൂളയാണത്. അപേക്ഷകന് ജീവൻ മറഞ്ഞിരിക്കുന്നതിനാൽ, ശരിയായ യാചനകൾ അതിൽ പരിഗണിക്കപ്പെടും. അപേക്ഷകന് മരണം ഒളിഞ്ഞിരിക്കുന്നതിനാൽ, ദോഷകരമായവ തള്ളിക്കളയപ്പെടുന്നു. തെറ്റ് അതിനെ വായിലെത്തിക്കുന്നു. ബുദ്ധി അതിനെ കാതിൽ പരിശോധിക്കുന്നു

21. തെറ്റ് ശെമയോന്റെ വായിൽ വാക്കു കയറ്റി. അവൻ ഇപ്രകാരം പറഞ്ഞു:"കർത്താവേ, അത് നിന്നിൽ നിന്ന് അകന്നുപോകട്ടെ." എന്നാൽ ഒരു തീച്ചൂളയിലെന്നവണ്ണം ഈ കപടവചനം കാതിലേക്കു കടന്നു. അത് പൂർണമായും ശത്രുതയിലാണെന്ന ബോധ്യത്തിൽ എത്തിച്ചു. തന്റെ വേട്ടക്കാരനെ തെറ്റ് വേട്ടയാടാൻ വന്നു. വഴിതെറ്റിക്കാൻ ആഗ്രഹിച്ച തെറ്റിന് വഴിതെറ്റി.

22. സത്യത്തിന്റെയും കാരുണ്യത്തിന്റെയും കാതിനെ നമ്മുടെ അപേക്ഷകൾ വിശ്വസിച്ചേൽപ്പിക്കാം. ഉപദ്രവം നിറഞ്ഞ അപേക്ഷകൾ അത് തന്റെ സത്യത്തിൽ തെരഞ്ഞെടുത്ത് പുറന്തള്ളട്ടെ. പ്രയോജനപൂർണമായ തന്റെ കാരുണ്യത്താൽ നല്ലവ സാധിച്ചുതരട്ടെ. നമുക്ക് നൽകിയതിനാൽ നല്ലവന് നന്ദി പറയാം. നമുക്ക് നൽകാത്തതിനാൽ നീതിമാനെ ആരാധിക്കാം.

23. തന്റെ കലവറയിലെ സമ്പാദ്യത്തിന്റെ ഉറവ തുറക്കുന്ന ആ ദാതാവ് ഒരിക്കലും ഒരു സമ്മാനവും പിടിച്ചുവയ്ക്കുന്നില്ല. അവിടുന്ന് അത് ചെയ്യുന്നെങ്കിൽ, തന്റെ സമ്മാനം കിട്ടുന്നയാളിന് വിലയുള്ളതായി തീരുന്നതിനും അത് കിട്ടാൻ അവൻ സ്ഥിരതയോടെ അപേക്ഷിക്കുന്നതിനുമാണ്. കാരണം, ആ സമ്മാനം ലഭിച്ചുകഴിഞ്ഞാൽ, അപേക്ഷ നിശ്ശബ്ദമാകുന്നു.

www.malankaralibrary.com

# 26

## "ഓ, എന്റെ വിദ്യാർഥികളേ" എന്ന രീതി (1)

1. എന്റെ കർത്താവേ, നിന്റെ ഉറവയിൽ നിന്ന് എന്നെ കുടിപ്പിക്കണമെ. നിന്റെ ദാനത്താൽ എന്റെ ആത്മാവിനെ സമ്പന്നമാക്കണമെ. ആത്മാവിനെ ആന്തരികമായി സംരക്ഷിക്കുന്ന കവചത്താൽ എന്നെയും പൊതിയണമെ. നല്ലവൻ എന്ന നിലയിൽ എന്നിൽ എല്ലാ സഹായങ്ങളും വർദ്ധിപ്പിക്കണമെ. എന്നെ സൗഖ്യമാക്കുന്ന മരുന്ന് എനിക്കും തന്നാലും. എന്റെ കളങ്കം നിന്നിൽ വെണ്മയാക്കാൻ ഇടയാക്കണമെ. നിന്റെ നിക്ഷേപങ്ങളാൽ എന്റെ കടങ്ങൾ മായിച്ചുകളയണമെ.

*പ്രതിസ്തോത്രം: നല്ലവനേ, നിനക്കു സ്തുതി. നല്ലവന്റെ പുത്രാ, നിനക്ക് കൃതജ്ഞത.*

2. എന്റെ കർത്താവേ, നിന്റെ സമ്പൂർണത എന്റെ കുറവുകൾ നിന്റെ മേൽ വഹിച്ചു. നിന്റെ ശക്തി എന്നെ വേദനകളിൽ പൊതിഞ്ഞു. വളർച്ചയുണ്ടായ സമ്പൂർണനേ, കൽപ്പന പൂർത്തിയാക്കിയ പരിച്ഛേദിതനേ, തന്റെ തോളിൽ ഈശായിയുടെ കുറ്റിയുടെ ആധിപത്യം വഹിച്ചവനേ, ആവനാഴിയിൽ വച്ചിരിക്കുന്ന മിനുക്കിയ അസ്ത്രമേ! തന്നെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് സ്വർഗീയമണവറ വാഗ്ദാനം ചെയ്തിരിക്കുന്നു; എന്നാൽ തന്നെ വെറുക്കുന്നവർക്ക് ഗേഹെന്നായും.

3. നിന്റെ ചുവടുവയ്പ് സമാധാനപൂർണമാണ്. എന്റെ കർത്താവേ, നിന്റെ താഴാഴ്മ നിന്റെ മഹത്വമാണ്. നിന്നിലുള്ള വിശ്വാസം സമസ്തസൗഭാഗ്യങ്ങളും എത്തിക്കുന്നു. സ്വർഗീയോന്നതങ്ങളിൽ നിന്ന് താഴേക്കിറങ്ങി വന്ന ദൂതാ, ഇതാ, നിന്റെ പീഡാസഹനം ഞങ്ങളുടെ സമാധാനത്തിന്റെ ഉറവിടമാണ്. ഇതാ, നിന്റെ കുരിശ് ഞങ്ങളുടെ വിജയമാലയാണ്. ഇതാ, നിന്റെ സ്നേഹം അതിനാൽ അലങ്കരിക്കപ്പെടുന്നവർക്ക് സൗന്ദര്യപൂർണതയാണ്.

4. നിന്റെ സംശുദ്ധത മഹത്വവസ്ത്രമാണ്. അതിനാൽ പൊതിയപ്പെട്ടവൻ ധർമിഷ്ഠനാണ്. സംശുദ്ധൻ നിന്റെ ഉടമ്പടിക്ക് യോഗ്യനാണ്. വിജയികൾ നിന്നെപ്രതിയുള്ള പോരാട്ടത്തിൽ സുസ്ഥിരരായിരുന്നു. പരിശ്രമശാലികൾ വിജയിക്കാനായി പോരാട്ടത്തിൽ ഉറച്ചുനിന്നു. ക്ഷണിക്കപ്പെട്ട നീതിമാന്മാർ മണവറയിൽ പ്രവേശിച്ചു. ചുരുങ്ങിയ കാലത്തെ പോരാട്ടം നിത്യവിജയം സമ്മാനിക്കുന്നു.

5. നിന്റെ കൃപ ഞങ്ങൾക്ക് കണ്ണാടിയാണ്. അതിൽ നോക്കുന്നവൻ ഭാഗ്യവാൻ! കാരണം, നിന്റെ നന്മനിറഞ്ഞ സൗഭാഗ്യം വിവരണാതീത

www.malankaralibrary.com

മാണ്. അതിന്റെ അനുഭവം മാത്രമേ വിവരിക്കാനാവൂ. അതിനെ പരിഗണിക്കുന്നവരുടെ സൗഭാഗ്യം തികച്ചും വലുതാണ്. അത് താഴ്മയുള്ളവന് പൂർണമായി നന്മകൾ കൽപ്പിച്ചുകൊടുക്കുന്നു. പിതാവിന്റെ മുദ്ര അതിലവൻ നേടിയെടുക്കുന്നു. അവൻ വഴി പുത്രന്റെ മുദ്ര[50] അവൻ ധരിക്കുന്നു.

6. നിന്റെ വലത്തുകൈ പുഷ്പഹാരം മെടയുന്നു; വിജയികൾ അതിനാൽ അണിയിക്കപ്പെടുന്നു. നിന്റെ നീതി മിതത്വം ക്രമീകരിക്കുന്നു. കടം കൊടുക്കുന്നവൻ അതുവഴി നേട്ടമുണ്ടാക്കുന്നു. എന്നാൽ അതിന്റെ നീതി നിറഞ്ഞ അളവിനോട് നുണയർക്ക് സൗഹൃദമില്ല. കാരണം, അത് വാഗ്ദാനങ്ങൾ നിയന്ത്രിക്കുകയും അവന് നിഷേധിക്കുകയും ചെയ്യുന്നു. കാരണം, മാലിന്യം മുഴുവൻ അവർക്ക് തിരികെ നൽകത്തക്കവിധം അത്ര വലുതാണ് അവരുടെ പാപത്തിന്റെ അളവ്.

7. നിന്റെ മഹനീയത അളക്കാൻ ആർക്കു കഴിയും? നിന്റെ ദൈവത്വം അപഗ്രഥിക്കാൻ ആർക്കു കഴിയും? അറിവിന്റെ നിറകുടവും നിന്റെ മുമ്പിൽ തന്റെ പൂർണത നിഷേധിച്ചുപറയുന്നു. നിന്റെ ശുശ്രൂഷയ്ക്കുള്ള സജീവ പണിയായുധമായ മാലാഖാ, തന്റെ സ്രഷ്ടാവിനാൽ സൃഷ്ടിക്കപ്പെട്ട ഉപകരണമാണ്. അതിനു നിന്നെ വിശദീകരിക്കാൻ കഴിയുമെന്ന് ആരാണ് വിശ്വസിക്കുക?

8. നിന്നെ അപഗ്രഥിച്ചെന്നു കരുതുന്നത് ഭോഷത്തമാണ്. അവന്റെ ചിന്ത അവനെ വളരെ അഹങ്കാരിയാക്കി. അവന്റെ അഹന്ത വളരെ കടന്നതാണ്. അവന്റെ പ്രകൃതി അവനെ ഖണ്ഡിക്കുന്നതായി കാട്ടുന്നു. കാരണം, നിയമദാതാവ് അവനിൽ ഒരടയാളം വച്ചിരിക്കുന്നു. അവിടുന്ന് അവനിൽ വേദനയും വിശപ്പും ദാഹവും വച്ചിരിക്കുന്നു. അവനിൽ ദൈവത്തിന്റെ അടയാളമായി നിരവധി വിപത്തുകൾ വയ്ക്കപ്പെട്ടിരിക്കുന്നു. അവയിൽ നിന്ന്അവൻ ഒഴിവാകുന്നില്ല.

9. എന്റെ കർത്താവേ, ഞങ്ങളുടെ വായ് നിനക്ക് വളരെ ചെറുതാണ്. ഞങ്ങളുടെ ബുദ്ധി നിനക്ക് ഒരു കണ്ണാടിയേക്കാൾ വലുതല്ല. വായിട്ടടിക്കൽ ഞങ്ങളെ ഗർവുള്ളവരാക്കുന്നു. തെറ്റിലുള്ള അലഞ്ഞുതിരിയൽ ഞങ്ങൾക്ക് നിഗളിക്കാനുള്ള ഹേതുവാകുന്നു. ബുദ്ധിമാൻ ബുദ്ധിപൂർവം സംസാരിക്കുന്നു. കാരണം, ജീവന്റെ വചനം അവൻ താരതമ്യത്തിനെടുക്കുന്നു. ബഹുമാനം നൽകാൻ, അവൻ ഗ്രഹിക്കുകയും നിശ്ശബ്ദനായിരിക്കുകയും ചെയ്യുന്നു. സഹായം നൽകാൻ അവൻ താരതമ്യപ്പെടുത്തി പഠിപ്പിക്കുന്നു.

10. എന്റെ കർത്താവേ, ഞങ്ങളുടെ കല്ലറ ഞങ്ങളെ കാത്തിരിക്കുന്നു. ഞങ്ങളുടെ അന്ത്യനാഴിക അനുദിനം ഞങ്ങളെ കാത്തിരിക്കുന്നു. മരണ

50. ഥുപ്സാ

www.malankaralibrary.com

www.malankaralibrary.com

പ്പോലെ സത്യം കുതിച്ചുകയറുന്നു. നിഴലുപോലെ നുണ അപ്രത്യക്ഷമാകുന്നു.

3. നിന്റെ വായ് പത്ത് ഹാ, കഷ്ടവും നിന്റെ നാവ് പത്ത് സൗഭാഗ്യവും നൽകി. നിർബന്ധത്താലല്ല നീയത് നൽകിയത്. ഓരോരുത്തരും താന്താങ്ങളുടെ ഇഷ്ടമനുസരിച്ച് തെരഞ്ഞെടുക്കുന്നു. തന്റെ ജീവിതരീതികൊണ്ട്  ഹാ, കഷ്ടത്താൽ വസ്ത്രം ധരിക്കാൻ ഒരാൾ ധൈര്യം കാട്ടുന്നു. മറ്റൊരാൾ വിജയിച്ച് മംഗളകരമായ സൗഭാഗ്യത്തിൽ തന്നെത്തന്നെ പൊതിയുന്നു. പ്രയാസം കൂടാതെ ലഭിക്കുന്ന ഹാ, കഷ്ടമാണ് അന്വേഷണം. എളുപ്പം നേടാവുന്ന സൗഭാഗ്യമാണ് വിശ്വാസം!

4. സ്വർഗരാജ്യത്തിൽ ജീവൻ അവകാശമാക്കുക എന്നതിൽ വിജ്ഞാനിയുടെ വിജ്ഞാനം അടങ്ങിയിരിക്കുന്നു. നല്ലൊരന്ത്യം തനിക്കായി സജ്ജമാക്കുക എന്നതിൽ വിജ്ഞാനിയുടെ വിജ്ഞാനം അടങ്ങിയിരിക്കുന്നു. ആ ബുദ്ധിമാനായ ജോസഫിന്റെ പ്രവൃത്തികൾ നോക്കുക. അവൻ തന്റെ നിക്ഷേപം എപ്രകാരം ജ്വാലയിൽ നിന്ന് രക്ഷപെടുത്തിയെന്ന് കാണുക. സോളമൻ തന്റെ സാരോപദേശങ്ങളിൽ ബുദ്ധിമാനായിരുന്നു; എന്നാൽ ദുഷിച്ച സ്ത്രീകളാൽ അവന്റെ വൈദഗ്ധ്യം കീഴമർത്തപ്പെട്ടു.

5. പണ്ഡിതന് വഴിതെറ്റിയാൽ വിദ്യാർഥികൾ എവിടെയായിരിക്കും? യേശുവിന്റെ പ്രബോധനം സുവ്യക്തമാണ്. പണ്ഡിതർ അതിന്റെ ഉറവ കലക്കി. വിജ്ഞാനത്തിന്റെ മഹാസമുദ്രമാണ് യേശു. പണ്ഡിതന്മാർ കച്ചവടക്കാരായിരിക്കണം. അവകാശികൾ തങ്ങളുടെ അവകാശം ശുഷ്ക്കാന്തിയോടെ കൈകാര്യംചെയ്തു.

6. നിന്റെ ജനനം അവാച്യമാണ്. എല്ലാ നാവുകൾക്കും അത് അന്യമാണ്. ഉന്നതത്തിലെ ഈറയരേക്കാൾ ഉന്നതമാണത്. സമസ്തവിജ്ഞാനത്തിനും അപ്പുറത്താണത്. അത് സമയത്തിനും കാലത്തിനും വഴങ്ങുന്നതല്ല. അത് ചിന്തയുടെയും ഭാഷയുടെയും ബന്ധുവല്ല. വിഡ്ഢികളായ നിങ്ങളുടെയും ബന്ധുവല്ല. എല്ലാറ്റിൽനിന്നും പൂർണമായി മറഞ്ഞിരിക്കുന്ന ഉത്ഭവത്തെ പരിശോധിക്കാതിരിക്കരുതോ!

7. എന്റെ കർത്താവേ, നീ ദൈവമാണെന്നുള്ളതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു. വീണ്ടും, നീ മനുഷ്യനാണെന്നുള്ളതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു. അത്ഭുതവും ആശ്ചര്യവും കൂടിക്കലരുന്നു. സ്തുതിപ്പിന് അവസാനമില്ല. എന്റെ കർത്താവേ, നിന്റെ മനുഷ്യത്വത്തിന്റെ ദൃശ്യപ്രകാശം പ്രസരിക്കുന്നു. നിന്റെ ദൈവികമഹോന്നതയുടെ അദൃശ്യപ്രകാശവും പ്രകാശിക്കുന്നു. പ്രകാശം പ്രകാശവുമായി കൂടിക്കലരുകയും നീതിസൂര്യനായി തീരുകയും ചെയ്തു.

www.malankaralibrary.com

www.malankaralibrary.com

# 28

## "പറുദീസാ/തലമുറകളുടെ വിധി" എന്ന രീതി (2)

1. നാം സൃഷ്ടികളുടെ ഉടമസ്ഥരായിരിക്കുന്നതാണോ, നാം സ്രഷ്ടാവിന്റെ ഉടമസ്ഥതയിലായിരിക്കാൻ അവിടുത്തെ കരങ്ങളിലായിരിക്കുന്നതാണോ ഏതാണ് ശ്രേഷ്ഠമെന്ന് നമുക്ക് കാണാം. മനുഷ്യൻ തന്റെ സ്രഷ്ടാവിനെപ്പോലെ എല്ലാറ്റിനെക്കാളും വലുതാണ്. നാം നമ്മുടെ ആത്മാവിനെയും നമ്മുടെ ദൈവത്തെയും നേടിയില്ലെങ്കിൽ, എല്ലാം അവന്റെ ഉടമസ്ഥതയിലാണെന്നും എല്ലാം നഷ്ടപ്പെട്ടവരായി തീരുമെന്നും നാമറിയണം. മുൻകൂട്ടി സ്വന്തമാക്കിയ ഉടമയുടേതാണ് സമസ്തവും.

*പ്രതിസ്തോത്രം: നിന്റെ കർതൃത്വത്തിന് സ്വന്തമാകാൻ യോഗ്യത ലഭിച്ചവൻ ഭാഗ്യവാൻ!*

2. തന്റെ സമ്പാദ്യം തനിക്കെതിരെ ഉയരുന്നത് ആരാണ് ഇഷ്ടപ്പെടുക? നാം പരിശീലിപ്പിക്കപ്പെടേണ്ടിവരുമ്പോൾ, നാമെങ്ങനെ പരിശീലിപ്പിക്കുന്നെന്ന് ചിന്തിക്കണം. ഇതാ, നമ്മുടെ വാഹനമൃഗത്തിന് കടിഞ്ഞാൺ! നമ്മുടെ ചുമട്ടുമൃഗത്തിന് മുനയുള്ള വടി! പരിശീലിപ്പിക്കുന്നതിന്, എല്ലാറ്റിനെയും പരിശീലിപ്പിക്കുന്നവൻ നമ്മുടെ കൈകളിൽ വടി തന്നിരിക്കുന്നു. പരിശീലനാവസരം തന്റെ വടി ഉറങ്ങിയാൽ, അത് അവന് അപമാനകരമായിരിക്കും.

3. അലറിയടിക്കുന്ന കടൽത്തിരകളെ കപ്പലുകൾ കീഴടക്കുന്നു. ചെങ്കുത്തായ മലനിരകളെ വേട്ടക്കാർ കീഴടക്കുന്നു. വിശാലവയലുകളെ കർഷകർ കീഴടക്കുന്നു. എല്ലാത്തരം മൃഗങ്ങളെയും നാം കീഴടക്കുന്നു. എല്ലാം നമുക്ക് കീഴ്പ്പെടുത്തിയവൻ നമ്മെ കീഴ്പ്പെടുത്തുന്നില്ലെങ്കിൽ, അവൻ മറ്റെല്ലാ സൃഷ്ടികളെയും കീഴ്പ്പെടുത്തിയിട്ട് നമ്മെ മത്സരത്തിനായി സൃഷ്ടിച്ചത് നിന്ദ്യമായിരിക്കും.

4. നമ്മുടെ ആത്മാവാണോ സൃഷ്ടിയാണോ ഉപരിശ്രേഷ്ഠമായതെന്ന് നമുക്ക് തൂക്കിനോക്കാം. സൃഷ്ടിയും അതിലുള്ള സമസ്തവും നാം കീഴ്പ്പെടുത്തിയെന്നു സങ്കൽപ്പിക്കുക. എന്നാൽ എല്ലാറ്റിനെയും കീഴ്പ്പെടുത്തിയ നമ്മുടെ ആത്മാവ്, ശിക്ഷണരഹിതമായാൽ മത്സരക്കാരനാകാം. അപ്പോൾ ദൈവം നമുക്ക് ഉപകാരം എന്നതിനേക്കാൾ ഉപദ്രവമാണ് ചെയ്തത്. എല്ലാറ്റിനെയും കീഴപ്പെടുത്താൻ അവിടുന്ന് നമ്മെ അനുവദിച്ചെങ്കിൽ, നാം സ്വയം നിയന്ത്രിക്കാൻ വിട്ടുപോയതാകാം. അനന്തരാ

www.malankaralibrary.com

www.malankaralibrary.com

ക്കാതിരുന്ന്, ഈ പരിശീലനത്തിലൂടെ അതിനെ മെരുക്കാമായിരുന്നു. തന്റെ ആത്മാവിനെ ഗ്രന്ഥങ്ങളാൽ പോഷിപ്പിക്കുകയും അധ്വാനിക്കുകയും ചെയ്യുമ്പോൾ അവൻ ആത്മാവിലും ശരീരത്തിലും സൗന്ദര്യമുള്ളവനായിരിക്കും. അതുവഴി രണ്ടു ശുദ്ധീകരണങ്ങൾ അവനെ ശുദ്ധീകരിക്കുന്നു. ശുദ്ധീകരണം വർദ്ധിക്കുന്നതനുസരിച്ച് സൗന്ദര്യവും വർദ്ധിക്കുന്നു.

10. ആരോഗ്യകരമായ പരിശീലനം ശരീരത്തിന് കവചം പോലെയാണ്. അതുവഴി അവൻ അലസതയെ കീഴടക്കുന്നു. ആത്മാവും അചഞ്ചലതയുടെ തഴക്കം ധരിക്കുകയും ആസക്തികളെ കീഴമർത്തുകയും ചെയ്യുന്നു. ഈ കാര്യങ്ങൾ നമ്മെ പരിശീലിപ്പിക്കുന്ന നല്ലവനെ ന്യായീകരിക്കുന്നു. അവന്റെ പരിശീലനം, എല്ലാ പാപങ്ങളും ചവിട്ടിമെതിക്കുന്ന കവചം ധരിച്ച കുതികാലാകും[54].

11. പിതാക്കന്മാർ വത്സലമക്കളെ പരിശീലിപ്പിക്കുന്നു. വാത്സല്യത്തികവുണ്ടെങ്കിലും, അവർ അവരുടെ മക്കളെ അടിക്കുന്നു. കോപത്തിന്റെ നിഴലിൽ മറഞ്ഞിരിക്കുന്ന സ്നേഹം അവർ വഹിക്കുന്നു. നിഴൽമാത്രം കാണുന്നവൻ, വെറുപ്പിന്റെ നിഴലേ കാണുന്നുള്ളു. എന്നാൽ യഥാർഥത്തിൽ അതിന്റെ ഫലം കാരുണ്യമാണ്. ഉള്ളിലും പുറത്തും ഒരുപോലെ സ്നേഹമാണ്; ഉള്ളിൽ വേദനയോടു കൂടെയുള്ളതും പുറത്ത് കോപത്തിൽ മൂടിയതും.

12. പരിശീലിപ്പിക്കുന്ന പിതാവിന്റെ മുഖം നമ്മുടെ സ്രഷ്ടാവിനെ ദൃഷ്ടാന്തീകരിക്കുന്നു. അവൻ ഉള്ളിൽ കാരുണ്യം വഹിക്കുന്നു, ബാഹ്യമായി മാത്രം ഭീതി പൊതിഞ്ഞിരിക്കുന്നു. അവന്റെ കോപം, പാപം ചെയ്തവനെതിരെ കാരുണ്യത്താൽ വീർപ്പുമുട്ടുന്നു. അതിന്റെ വിക്ഷോഭത്തിൽ അവന്റെ സ്നേഹം മറഞ്ഞിരിക്കുന്നു. ഭീഷണിപ്പെടുത്തുമ്പോൾ അവൻ സാന്ത്വനപ്പെടുത്തുന്നു. അവന്റെ കലക്കം, തെളിഞ്ഞതാണ്. അവന്റെ മ്ലാനത പ്രസന്നമാണ്!

13. പൊതുവേ വ്യാപിച്ചിരിക്കുന്ന പൈശാചിക ക്രോധത്തിന്റെ പൊടിയോ, മണമോ ഒന്നും അവന്റെ സംശുദ്ധിയുമായി ചേർന്നിട്ടില്ല. അവൻ ആന്തരികമായി സംശുദ്ധനാകയാൽ, എല്ലാറ്റിലും പൂർണമായി സംശുദ്ധനാണ്. അവന് തുല്യനായി മറ്റാരുമില്ല. അവനിൽ ഇളക്കിമറിക്കുന്ന യാതൊന്നുമില്ല. ബലപ്രയോഗത്താൽ അടിച്ചമർത്തേണ്ട ഒരധമപ്രകൃതി അവനിലില്ല. അവൻ വിജ്ഞാനമാണ്, അധ്വാനം കൂടാതെ അതിന്റെ സ്വാതന്ത്ര്യം സംശുദ്ധമാണ്.

---

54. ഉൽപ.3,15.

www.malankaralibrary.com

www.malankaralibrary.com

മൃതവുമായിരിക്കുന്നത് എങ്ങനെ? അത് സത്യമായിരിക്കെ, അസത്യമായി രിക്കുന്നത് എങ്ങനെ? അപ്രകാരം നാം ചിന്തിക്കാതിരിക്കട്ടെ. അതുപോലെ, അതേപ്പറ്റി പറയുന്നതും അന്യമായിരിക്കണം. വാക്കുകൾക്കും വാക്കുകൾ വളച്ചൊടിക്കുന്നവർക്കും ഉപരിസ്ഥനായിരിക്കെ, തന്റെ നന്മയാൽ മാനുഷിക വാക്കുകളുടെ തലത്തിലേക്ക് കടന്നുവരാൻ ആഗ്രഹിച്ചവനിൽ നിന്നും അപ്ര കാരമുള്ളത് അകന്നിരിക്കട്ടെ.

# 29

## "എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ" എന്ന രീതി (1)

1. ഓ, സംശുദ്ധനും പരിശുദ്ധനുമേ, നിന്നെ ഞാനെങ്ങനെ പ്രകീർ ത്തിക്കും? എന്റെ കർത്താവേ, വെടിപ്പും വിശുദ്ധിയുമുള്ളതും നിനക്ക് സദൃ ശ്യവുമായ നാവിനുമാത്രമേ നിന്നെ പ്രകീർത്തിക്കാൻ കഴിയൂ. തന്റെ കീർത്തനം പ്രീതികരമാകാൻ വെടിപ്പുള്ളവന് വെടിപ്പുള്ളതും വിശുദ്ധിയു ള്ളവന് വിശുദ്ധിയുള്ളതും എന്താണ്?

*പ്രതിസ്തോത്രം: നിന്റെ സ്തുതിപ്പിനായി തന്റെ ചിന്തയെ സംശുദ്ധ മാക്കിയവൻ ഭാഗ്യവാൻ!*

2. നിനക്ക് കീർത്തനം ആലപിക്കുന്നതിൽ നിന്ന് പാപികളെ തടയാത്ത കാരുണ്യം നിമിത്തം, നിന്റെ ദയ അനുതാപികളുടെ വായ് ഒരിക്കലും അടച്ചുകളഞ്ഞിട്ടില്ല. എന്റെ കർത്താവേ, നിന്റെ സ്വരം പിശാചുക്കളുടെ വായടച്ചുപൂട്ടി. എന്നാൽ അത് മൂകരുടെ വായ് തുറക്കുകയും അവരുടെ സ്വരം നിനക്ക് നന്ദിപറയുകയും ചെയ്തു.

3. എന്റെ കർത്താവേ, നിന്റെ ദാസനിൽ നിന്ന് മൂകതയുടെ മറ എടു ത്തുമാറ്റണമെ. കാരണം, എന്റെ കർത്താവേ, നിശ്ശബ്ദൻ മറ്റൊരു മൂകനാണ്. നിന്റെ കീർത്തനം ആലപിക്കാതെ നിശ്ശബ്ദമായിരിക്കുന്ന നാവ് മൂകന്റെ നാവിന് തുല്യമാണ്.

4. എന്റെ കർത്താവേ, കഴുത സംസാരിക്കുകയും സക്കറിയായുടെ വായ് മൂകവാഹനമൃഗസമാനം ആകുകയും ചെയ്തത് വളരെ ലജ്ജാകര മാണ്. എഴുതപ്പെട്ടിരിക്കുന്നതുപോലെ, കഴുത മനുഷ്യനെപ്പോലെയും അവൻ കഴുതയെപ്പോലെയുമായി.

5. ഇതാ, എന്റെ കർത്താവേ, നിന്റെ ദാസന്റെ വായ് നിന്റെ ദാനത്തി നായി വാഞ്ചിക്കുന്നു. എന്റെ കർത്താവേ, നീ മൂകജന്തുവായ കഴുതയുടെ

www.malankaralibrary.com

www.malankaralibrary.com

13. എന്റെ കർത്താവേ, അക്കാലത്ത് മനുഷ്യർ നിന്നെ കുരിശിൽ തറച്ചു. ഇന്ന് ഓരോരുത്തരും സ്നേഹത്തിന്റെ കുരിശിൽ തങ്ങളെത്തന്നെ തറയ്ക്കുന്നു. ആണികളുടെ സ്ഥാനത്ത് ഉപവാസവും മുൾമുടിയുടെ സ്ഥാനത്ത് കൽപ്പനകളും വരട്ടെ.

14. നിന്റെ കുരിശ് ഞങ്ങളിൽ അവയവങ്ങളുടെ വാഹനമായിരിക്കട്ടെ. സംശുദ്ധചിന്തകൾ ആത്മീയ കുതിരകളായിരിക്കട്ടെ. ക്രോബകളുടെ ആ വാഹനംപോലെ ഞങ്ങളുടെ ആത്മാക്കളിൽ നിന്റെ സ്തുതി വിജയകരമായി വഹിക്കപ്പെടട്ടെ.

# 30

## “എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ” എന്ന രീതി (2)

1. എന്റെ കർത്താവേ, പുതിയ ഫലമൊന്നും കൂടാതെ എന്റെ മനസ്സ് ശൂന്യമായിരിക്കുന്നു. നീ ഹന്നായ്ക്ക് ഉദരഫലം നൽകിയതുപോലെ എന്റെ ആത്മാവിന് വിജയവും ഫലവും നൽകണമെ. അങ്ങനെ എന്റെ വായിൽ നിന്നു വരുന്ന സ്തുതിയാകുന്ന ഫലം, വന്ധ്യാപുത്രനെയെന്നപോലെ നിനക്കു ഞാൻ അർപ്പിക്കട്ടെ.

*പ്രതിസ്തോത്രം: തന്റെ ദാനത്താൽ പാപിയെ സമ്പന്നനാക്കുന്നവന് സ്തുതി.*

2. ഹന്നാ നിന്നോട് പ്രാർഥിക്കുകയും നേർച്ച നേരുകയും ചെയ്തു. അവൾ നിന്നോട് അപേക്ഷിച്ചത് അവൾ നിനക്ക് നേർച്ച നേർന്നു. നിന്നിൽ നിന്ന് അവൾക്കതു ലഭിച്ചു. അവൾ അതിനെ നിനക്ക് നൽകുകയും ചെയ്തു. ലഭിച്ചയാൾ നന്ദി പറഞ്ഞു; നൽകിയ ആൾ പ്രകീർത്തിക്കപ്പെട്ടു.

3. നിന്റെ വിജ്ഞാന ഗർത്തത്തിൽ വഴിതെറ്റാത്തവൻ ആരുണ്ട്? ദാതാവ് കൃപാദാനം നൽകി, ദാനം ലഭിച്ചയാൾ അതെടുത്ത് തിരികെ ദാതാവിന് അർപ്പണമായി നൽകി.

4. ദാനം നൽകിയതിൽ ദാതാവ് സന്തോഷിച്ചു. തന്റെ സ്വന്തം ദാനം തനിക്ക് അർപ്പണമായി തിരികെ നൽകിയതിലും അവൻ സന്തോഷിച്ചു. അവൻ നൽകിയതിനാൽ ദാതാവായി, അവൻ സ്വീകരിച്ചതിനാൽ കടക്കാരനായി.

5. ദാനം ചോദിച്ചപ്പോൾ ഹന്നാ ദുഃഖിതയായിരുന്നു. ദാനം ലഭിച്ചപ്പോൾ അവളത് സന്തോഷപൂർവം തിരികെ സമ്മാനിച്ചു. അവൾ ദാനം സ്വീകരി

www.malankaralibrary.com

www.malankaralibrary.com

13. എന്റെ കർത്താവേ, ഗ്രഹിക്കാൻ കഴിവുള്ളവനെ നിഗൂഢമായവ ഏൽപ്പിക്കുക. അർഹനായവനെ നിഗൂഢമായവ ഏൽപ്പിക്കുക. ദൃശ്യമായവ കൊണ്ട് എന്നെ സമ്പന്നനാക്കിയാലും. അങ്ങനെ എന്റെ സ്വരത്തിനനുസ രിച്ച് എന്റെ വീണ നിന്നെ പ്രകീർത്തിക്കും.

14. വാക്കുകളാൽ നിന്റെ കർമങ്ങൾ പാടാൻ എന്നെ യോഗ്യനാക്കി യാലും. ഞാൻ നിന്റെ മഹനീയ കർമങ്ങൾ വിവരിക്കുന്നത് നിനക്ക് ആവ ശ്യമില്ല. നിന്നോടുള്ള സ്നേഹത്തിൽ എന്നെ നവീകരിക്കാൻ അവയ്ക്ക് കഴി യും. പുതുതായി എന്റെ നാവിൽ നിന്ന് നിനക്കത് കേൾക്കാനിടയാകും.

15. കാരണം, എന്റെ കർത്താവേ, ഞാനൊരു പ്രാർഥന നടത്തുന്ന തിനു മുമ്പുതന്നെ അത് എന്താണെന്നും അത് എപ്രകാരമാണെന്നും നിന ക്കറിയാം. എങ്കിലും നിന്നോട് പ്രാർഥിക്കാൻ ആരെങ്കിലും മുട്ടുകുത്തുമ്പോൾ, പുതുതായി ശ്രവിക്കാൻ നീ നിന്റെ ചെവി ചായിക്കുന്നു.

16. നിന്റെ വിജ്ഞാനം എന്തായിരുന്നെന്നും എന്തായിരിക്കുമെന്നും അറിയപ്പെട്ടിരിക്കുന്നു. എങ്കിലും, അതാതിന്റെ അവസരം പുതുതായി കാണു ന്നതിന്, നിന്റെ കരുണയാൽ ഭാവികാര്യങ്ങൾ നിനക്ക് സുജ്ഞാതമാണെ ങ്കിലും, നീ മറച്ചുവയ്ക്കുന്നു.

17. അവൻ ദൃശ്യമായവ മാത്രമേ അറിയുന്നുള്ളു എന്നു നാം സങ്കൽപ്പി ക്കാതിരിക്കാൻ, അവന്റെ ചിന്ത അദൃശ്യമായവയും മുൻകൂട്ടി വെളിപ്പെടു ത്തി. അതുകൊണ്ട് നമ്മെ ശ്രവിക്കാൻ അവൻ താഴേക്ക് കുനിഞ്ഞതിൽ നിന്ന്, നമ്മെ സന്തോഷിപ്പിക്കാൻ അറിയാവുന്ന അവന്റെ സ്നേഹം നമുക്ക് തിരിച്ചറിയാം.

18. എല്ലാം അറിയുന്നവൻ, നാം വിളിക്കുന്നതിനു മുമ്പ് അറിയുന്നു എന്നു പറഞ്ഞ് ബലഹീനത വഞ്ചനാപൂർവം പ്രവർത്തിച്ച് ഉപദ്രവം ഉണ്ടാ ക്കാതിരിക്കാനും നാം തന്നോട് അപേക്ഷിക്കാനും തന്റെ സ്നേഹത്താൽ അവൻ അറിവില്ലാത്തവൻ ആയിത്തീർന്നു.

19. ഞങ്ങളുടെ പ്രയോജനത്തിനുള്ള നിന്റെ നടപടി കൃതജ്ഞത അർഹിക്കുന്നു. കാരണം, ഞങ്ങളെ സഹായിക്കാനായി നീ നിന്റെ വിജ്ഞാനം വെളിപ്പെടുത്തി. വീണ്ടും, ഞങ്ങൾ വിജയിക്കാനായി, നീ നിന്റെ വിജ്ഞാനം മറച്ചുവച്ചു. ഇവയിലെല്ലാം നിനക്കു സ്തുതി.

20. എന്റെ കർത്താവേ, എഫ്രേം മലയിൽ നിന്നുതന്നെ വന്ന സാമു വേൽ എന്ന നിന്റെ സമ്മാനമായ ഉദരഫലം ശുശ്രൂഷിച്ചതുപോലെ, എന്നിൽ നിന്ന് പുറത്തേക്കു വന്ന നിന്റെ ദാനഫലം നിന്റെ ഭവനത്തിൽ നിന്റെ മുമ്പാകെ ശുശ്രൂഷ ചെയ്യട്ടെ.

www.malankaralibrary.com

www.malankaralibrary.com

ഭാരമുള്ള കല്ല് അവന്റെമേൽ വയ്ക്കുന്നു. പാപിയുടെമേൽ വലിയ ഭാരവും നീതിമാന്റെ മേൽ ലഘുപാപവും വയ്ക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതു പോലെ, ഒരു ശിശുവിന് ഇടർച്ച വരുത്തുന്നവനെ അവൻ കടലിലേക്ക് എറിയുന്നു. അതിൽ നിന്ന് അവൻ ഒരിക്കലും പൊങ്ങിവരികയില്ല. ഗർവുള്ളവന്റെ കഴുത്തിൽ അവൻ അഹന്ത കെട്ടിത്തൂക്കുന്നു. അങ്ങനെ തന്റെ ആത്മപ്രശംസയിൽ നിന്ന് അവനൊരിക്കലും തലയൂരാനാകില്ല.

6. അവൻ ന്യായാധിപന്റെ നാവ് വളച്ചൊടിക്കുന്നു. ശ്രോതാവിന്റെ കാത് തെറ്റായി തിരിക്കുന്നു. വലിയവർ തിന്മ സംസാരിക്കുന്നു, ചെറിയവർ തെറ്റായി സ്തുതിക്കുന്നു. ഏശായാ നിശ്ശബ്ദനാകുകയും ശാസിക്കാതിരിക്കുകയും ചെയ്തതിനാൽ, വർഷം മുഴുവൻ പ്രവചനം നിശ്ശബ്ദമായി. നീതിമാൻ തന്റെ മൗനത്താൽ പാപം ചെയ്തെങ്കിൽ, പാപകരമായത് ആര് പ്രകീർത്തിക്കും!

7. തെളിഞ്ഞ പ്രകാശത്തിൽ നിൽക്കുന്ന മനുഷ്യൻ തന്റെ ഉള്ളിൽ അദൃശ്യമായ അന്ധകാരത്തിന്റെ വസ്ത്രം ധരിക്കുന്നു; കാരണം, അവന്റെ ഉള്ളിൽ നിഗൂഢതകൾ മറഞ്ഞിരിക്കുന്നു, ഒറ്റപ്പെട്ട കളങ്കങ്ങൾ അവൻ ഒളിച്ചുവച്ചിരിക്കുന്നു. പകൽ വെളിച്ചത്തിൽ ഗേഹാസി തന്റെ യജമാനന്റെ മുമ്പിൽ നിന്നു; എന്നാൽ മോഷ്ടിക്കപ്പെട്ട പണം അവന്റെ ഉള്ളിൽ മറഞ്ഞിരുന്നു. അവന്റെ ശരീരത്തിലെ കുഷ്ഠം അവന്റെ ഉള്ളിലെ അന്ധകാരം വെളിപ്പെടുത്തി.

8. രണ്ട് അന്ധകാരശിഷ്യർ, രണ്ട് പ്രകാശഗുരുക്കന്മാർ! ചെറിയ പ്രകാശമായ ഏലീശായുടെ മുമ്പിൽ ചെറിയ അന്ധകാരമായ ഗേഹാസി കടന്നുചെന്നു; ചെറിയ കിരണം അന്ധകാരത്തെ കുറ്റപ്പെടുത്തി. സൂര്യന്റെ ശക്തിയുള്ള പ്രകാശം, കടുത്ത കൂരിരുട്ടോടു കൂടിയ സ്കറിയോത്തായെ തുറന്നു കാട്ടി. ആ പ്രകാശം കാലാവസാനത്തിൽ എല്ലാ കറകളെയും കുറ്റപ്പെടുത്തും.

9. വെറുമൊരു കുഷ്ഠരോഗിയായ നാമാനെ ശുദ്ധനാക്കിയ ഏലീശായുടെ മുമ്പിൽനിന്ന് ഗേഹാസിക്ക് ഓടിയൊളിക്കാൻ കഴിഞ്ഞില്ലെങ്കിൽ, തനിക്ക് ഓടിയൊളിക്കാനാവില്ലെന്ന് ആ കള്ളൻ[56] ചിന്തിച്ചില്ല. നമ്മുടെ കർത്താവ് ശിഷ്യരെ അയച്ചപ്പോൾ, ആ കള്ളൻ തന്റെ സഖികളോടൊപ്പം നമ്മുടെ കർത്താവിൽ നിന്നു സ്വീകരിച്ച ശക്തിയാൽ ചെയ്ത അത്ഭുതങ്ങൾ ഏലീശായുടേതിനേക്കാൾ വലിയവ ആയിരുന്നെങ്കിലും വഞ്ചിക്കാനായി ഗേഹാസിയെപ്പോലെ അവൻ കടന്നുവന്നു.

10. ആ ഭാഗ്യവതിയായ ശൂനേംകാരിക്കുവേണ്ടിയുള്ള ഗേഹാസിയുടെ അധ്വാനം വളരെ നിന്ദ്യമായിരുന്നു. അവൾ അവന്റെ അത്യാർത്തിയുടെ

56. യൂദാസ്

www.malankaralibrary.com

www.malankaralibrary.com

ആയിരുന്നില്ല അവരുടെ മനസ്സ്. നീതിമാന്മാർ നിരാശരാകാതെ എല്ലാ പരീക്ഷകളെയും ജയിച്ചു. തങ്ങളുടെ പോരാട്ടത്തിൽ വിജയപുഷ്പമാല പ്രകാശിപ്പിച്ച നീതിമാന്മാർ വാഴ്ത്തപ്പെട്ടവരാകുന്നു.

5. പ്രശസ്തി അവരെ അഹങ്കാരികളാക്കിയില്ല. അപമാനം അവരെ നിരാശരാക്കിയില്ല. അവരുടെ ഉപ്പ് അവരിൽ സദാ നിലനിന്നു, അവരുടെ സത്കർമങ്ങളുടെ പരിമളം നിലച്ചുപോയില്ല. കച്ചവടക്കാരൻ തന്റെ സുഗന്ധദ്രവ്യങ്ങളുടെ പരിമളം പരത്തുന്നതുപോലെ, അവരിലൂടെ എല്ലാ ഹൃദയങ്ങളിലേക്കും സ്നേഹം സൗരഭ്യം പരത്തുന്നു. തങ്ങളുടെ ശ്രോതാക്കൾക്ക് അവർ രുചി പകരുന്നു. തങ്ങളുടെ ശിഷ്യർക്ക് അവർ ജീവൻ നേടിക്കൊടുക്കുന്നു. അവരുടെ നിക്ഷേപത്തിൽനിന്ന് അവരുടെ സത്കർമങ്ങളുടെ സൗരഭ്യം കാറ്റിൽ പരത്തുന്ന നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ദാവീദിന്റെ പുത്രന്റെ മുമ്പിൽ നിയമജ്ഞർ എന്നപോലെ ദാവീദിന്റെ മുമ്പിൽ ശിമെയി നിന്നു. യൂദജനം അവനെ നിന്ദിച്ചതുപോലെ അവൻ കല്ലെറിയുകയും പൂഴി വാരിയെറിയുകയും ചെയ്തു. ദാവീദ് നിശ്ശബ്ദനായിരുന്നു, അവന്റെ മൗനം തന്റെ മകനുവേണ്ടിയുള്ള ഒരു പ്രതീകമായിരുന്നു. അവൻ പൂഴിക്കു പകരം വായുടെ തുപ്പൽ സഹിച്ചു, ശകാരവചനങ്ങൾക്കു പകരം മുതുകത്ത് അടിയേറ്റു, കല്ലിന്റെ ദൃഷ്ടാന്തത്തിൽ അവർ അവനെ ആണികൾ കൊണ്ട് കുത്തിത്തുളച്ചു. ദാവീദ് ക്ഷമാപൂർവം ഒരുവനെ സഹിച്ചതിനുപകരം ആ ജനത്തെ മുഴുവൻ സഹിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ഓ, കയ്പ്പേറിയ ദൂഷണം! നിന്നോടുകൂടെ തന്റെ നാവ് മലിനമാക്കാൻ ആരാണ് താൽപ്പര്യപ്പെടുക! എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്ന സ്രഷ്ടാവിനോട് നുണയൻ പോരടിക്കുന്നു. തന്റെ സ്രഷ്ടാവിനെ കീഴടക്കാമെന്ന് അവൻ കരുതുന്നു. അവനെ പാപത്തിനു പ്രേരിപ്പിക്കുന്ന ദുഷ്ടനെപ്പറ്റി അവൻ നമുക്ക് വിശദീകരിച്ചു തരട്ടെ. നീതിമാനായ ദൈവത്തിൽനിന്ന് അവനെ വിമുക്തനാക്കിയ നല്ലവനായ ദൈവം ദുഷ്ടശത്രുവിൽനിന്ന് കൂടി അവനെ എന്തുകൊണ്ട് മോചിപ്പിച്ചില്ല? സ്വാതന്ത്ര്യം എന്ന ദാനം ലഭിച്ച നുണയനെ നിർബന്ധിക്കാത്ത സ്രഷ്ടാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

8. സ്രഷ്ടാവ് യഥാർഥത്തിൽ അവനേക്കാൾ ബലഹീനൻ ആണോ? അവനെ ഉപദ്രവിക്കാൻ അവനു കഴിവില്ലേ? അഥവാ അവന് ദോഷം ചെയ്യാതിരിക്കാൻ മറ്റൊരു ശക്തി അവനിൽനിന്ന് സ്വാഭാവികാവശ്യം തടയുന്നുണ്ടോ? കുറ്റവാചകം കൊണ്ട് രണ്ടും നിർവഹിക്കപ്പെടുന്നു. വിശപ്പും ദാഹവും ഉണ്ടാക്കിയതാരാണ്? സ്രഷ്ടാവാണെങ്കിൽ, അവനാണ് ബലവാൻ. അവൻ നല്ലവനായ ദൈവമാണെങ്കിൽ, അവനാണ് കയ്പ്പുള്ളവൻ!

www.malankaralibrary.com

www.malankaralibrary.com

കണ്ടില്ലെന്ന് നീതിമാന് എങ്ങനെ നടിക്കാനാകും? കാളയ്ക്ക് രണ്ട് കൊമ്പുകളേയുള്ളു. എന്നാൽ ധനവാന് എഴുപത്തേഴും അതിൽ കൂടുതലുമുണ്ട്. ഓ, പിടിച്ചു പറിക്കുകയും അവശരായ മൃഗങ്ങളുടെ അധ്വാനം കാർന്നു തിന്നുകയും ചെയ്യുന്ന കൊഴുത്ത കാളകളേ! താണിറങ്ങി വന്ന് മനുഷ്യർക്കു വേണ്ടി കൊല്ലപ്പെട്ട കൊഴുത്ത കാള വാഴ്ത്തപ്പെട്ടതാകുന്നു.

5. അത്യാർത്തിയുള്ളവനും കലഹപ്രിയനും അസൂയാലുവും തങ്ങളുടെ സഹമനുഷ്യരെ കുത്തുന്നു; അതിനേക്കാളുപരി താർക്കികൻ അനുദിനം ശ്രോതാക്കളെ കുത്തുന്നു. ഒരാളെ മാത്രം കുത്തിക്കൊന്ന കാളയെയും അതിന്റെ ഉടമസ്ഥനെയും കരുണാരഹിതമായി കല്ലെറിഞ്ഞു കൊല്ലുന്നെങ്കിൽ, അനേകരെ തന്റെ വാക്കുകളാൽ മുറിപ്പെടുത്തുന്ന ധിക്കാരിയെ എങ്ങനെ വെറുതെ വിടാനാകും? എന്റെ കർത്താവേ, അവനെ നിന്റെ സത്യം പഠിപ്പിക്കണമെ. നിന്റെ നുകത്തിൻ കീഴിൽ അവൻ തന്റെ ഇടനാഴി പണിയട്ടെ.

6. "ഒരാൾ ഒരു കിണർ തുറന്നാൽ, അതിലാരും വീണുപോകാതിരിക്കാൻ വീണ്ടും അത് അടച്ചിടണം"[62]. നുണയൻ വായ് തുറക്കുമ്പോൾ, അവന്റെ സംസാരം മുഴുവൻ കെണിയാണ്. കാണപ്പെടുന്ന കിണറിനെ സംബന്ധിച്ച് ദൈവം ഈ കൽപ്പന നൽകിയെങ്കിൽ, എപ്പോഴും തുറന്നിരുന്ന് ഒരു കിണറ്റിലല്ല, ശ്രോതാക്കളെ പാപം ചെയ്യിച്ച് ഗേഹെന്നായിലേക്ക് മറിച്ചിടുന്ന നാവിനെപ്പറ്റി അവിടുന്ന് എങ്ങനെയായിരിക്കും കോപിക്കുക? ദുഷ്ടൻ ആദത്തെ തള്ളിയിട്ട അദൃശ്യമായ അഗാധം അടച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഒരാൾക്ക് ദുശ്ശാഠ്യമുള്ള ഒരു മകനുണ്ടായിരിക്കുകയും അവൻ തന്റെ പിതാവിനെ അപമാനിക്കുകയും ചെയ്താൽ, അവൻ മരിക്കണം"[63]. ബലഹീനരും കാലികരുമായ മനുഷ്യർക്കെതിരെ, മാതാപിതാക്കൾക്കെതിരെ, കരമുയർത്തുന്നവൻ ഭീകരമായ മരണശിക്ഷയ്ക്ക് വിധേയനാണെങ്കിൽ, എല്ലാവർക്കും നല്ലവനായ ആ പിതാവിനെതിരെ നിന്ദനം വമിക്കുന്ന നാവ് എത്ര ഭീകരവേദനയ്ക്കാണ് അർഹമായിരിക്കുന്നത്! നല്ലവനായ നീതിമാനെ നിന്ദിച്ച നുണയന്റെ മുമ്പിൽ, അവിടുന്ന് വാഴ്ത്തപ്പെട്ടവനാകട്ടെ.

---

62. പുറ.21,33.

63. ആവ. 21, 18-21; പുറ.21,17.

www.malankaralibrary.com

www.malankaralibrary.com

5. പ്രതീകങ്ങൾ ചിലപ്പോൾ പ്രയോജനപ്രദമാണ്. മറ്റുചിലപ്പോൾ നിരസിക്കേണ്ടവയാണ്. വായ് മധുരമുള്ള ഫലം തോടോടുകൂടെ ഭുജിക്കാറില്ല. എബ്രായർ പിന്നീട് സങ്കേതനഗരങ്ങൾ വിട്ടുപോയി[65]. എന്നാൽ നാമാകട്ടെ, അനുതാപത്തിന്റെ സംരക്ഷിത നഗരത്തിൽ എപ്പോഴും പാർക്കാൻ ആഗ്രഹിക്കുന്നു. എബ്രായർ പ്രതീകം ഉപേക്ഷിച്ചു. വരുവിൻ, അതിന്റെ യാഥാർഥ്യം കൊണ്ടുമൂടുവാൻ നാം ആഗ്രഹിക്കുന്നു.

6. നോഹ പെട്ടകത്തിൽ നിന്നു പുറപ്പെട്ടു. എന്നാൽ അവൻ തന്റെ സംശുദ്ധത കൈവെടിഞ്ഞില്ല. അവൻ പെട്ടകം വിട്ടുപേക്ഷിച്ചു പുറപ്പെട്ടു. എന്നാൽ അവൻ തന്റെ വിശ്വാസം ഉപേക്ഷിച്ചില്ല. വീഞ്ഞ് കുടിച്ച അവൻ നഗ്നനായി കിടന്നത് ഹാം കണ്ടു.[66] എന്നാൽ അവനെ അനിയന്ത്രിതനായി സാത്താൻ കണ്ടില്ല. അവൻ വസ്ത്രം ധരിക്കയും അവന്റെ ഹൃദയം അനാവൃതമായിരിക്കുകയും ചെയ്തിരുന്നെങ്കിൽ എന്ന് സാത്താൻ ആശിച്ചു. ബാഹ്യമായി വസ്ത്രം ധരിച്ചും ആന്തരികമായി നഗ്നനായും ദുഷ്ടൻ നമ്മെ കാണാതിരിക്കട്ടെ.

7. സങ്കേതനഗരവും സകലർക്കും വാതിൽ തുറന്നു കൊടുത്തിരുന്നില്ല. കാരണം, മനഃപൂർവം കൊല നടത്തിയ കൊലപാതകിയെ അത് അകത്ത് കടത്തിയില്ല. എന്നാൽ അവൻ അകത്തു കടന്നാൽ അവനെ പുറത്താക്കി വാളിന് കയ്യാളിച്ചിരുന്നു.[67] അത് പാപിയോട് രോഷാകുലമായും ശത്രുതയോടും ഭീകരമായും വർത്തിച്ചിരുന്നു. എന്നാൽ തന്റെ പക്കലണയുന്ന സകലരെയും ആശ്ലേഷിക്കാൻ അനുതാപം കൈകൾ വിരിച്ചിരിക്കുന്നു. ഓ, അനുതാപമേ,നിന്റെ കർത്താവിനെപ്പോലെ നീ പാപികളെ സ്നേഹിക്കുന്നു. ദൈവികകൃപ നിന്നിൽ മുദ്രിതമായിരിക്കുന്നു.

8. ക്രോധത്തിന്റെയും കരുണയുടെയും പ്രതീകമായിട്ടാണ് സങ്കേതനഗരങ്ങൾ രൂപീകൃതമായത്. സങ്കേതനഗരങ്ങളിലെപ്പോലെ നീതിയും കൃപയും ഒരുപോലെ അനുതാപത്തിൽ പകർത്തിയിരിക്കുന്നു. മനഃപൂർവം കൊന്നവനോട് നിയമം കരുണ കാണിച്ചില്ല. ശരിയാംവണ്ണം അനുതപിക്കാതിരുന്ന സ്കറിയോത്തായുടെ അനുതാപം രക്ഷകന്റെ നീതി സ്വീകരിച്ചില്ല. അനുചിതമായി പ്രവർത്തിക്കുകയും നീതിനിറഞ്ഞ കൽപ്പനയെ ദുഷിക്കുകയും ചെയ്യുന്ന നുണയർ ലജ്ജിക്കട്ടെ.

9. വികലാംഗരും അന്ധരും മുടന്തരും അവഗണിക്കപ്പെട്ടവരുടെ ഗണത്തിലായിരുന്നു. പീഡിപ്പിച്ചവരിൽ നിന്നുള്ള ഓട്ടത്തിൽ സങ്കേതനഗരത്തിൽ എത്തിച്ചേരാൻ കഴിയാത്തവരായ അവർ തള്ളിമാറ്റപ്പെട്ടിരുന്നു. അനുതാപത്തിലേക്ക് വരാൻ ആഗ്രഹിക്കാത്ത ഉറക്കംതൂങ്ങികളുടെയും അശ്രദ്ധരു

---

65. സംഖ്യ, 35,28. 66. ഉൽപ.9,22. 67. സംഖ്യ, 35,16ff.

www.malankaralibrary.com

www.malankaralibrary.com

7. ഇരുകൈകളും ഉപമാമയമായി തുല്യമാണ്. അവയിലൊന്ന് മറ്റൊന്നിൽനിന്ന് അകന്നിരുന്നാൽ, ബലഹീനമാണ്. എന്നാലവ പരസ്പരം യോജിച്ചിരുന്നാൽ, ലോകത്തെ കീഴടക്കും.

8. അവ കരയും കടലും കീഴടക്കുന്നു. അവ അയിര് ഉരുക്കി ഒഴിക്കുന്നു, ഇരുമ്പിനെ മാർദ്ദവമാക്കി വളയ്ക്കുന്നു. ആഴത്തിൽ നിന്ന് നിക്ഷേപങ്ങൾ കോരിയെടുത്ത് മുകളിലേക്ക് കൊണ്ടുവരുന്നു. മലയിൽ നിന്ന് കല്ലുകൾ വെട്ടിയെടുത്ത് താഴേക്ക് കൊണ്ടുവരുന്നു.

9. പത്തു വിരലുകളാകുന്ന പെൺമക്കളുള്ള മാതാക്കളാണ് രണ്ടു കൈകളും. ഈ ബലഹീന പുത്രിമാരെക്കൊണ്ട് മഹാശക്തികളെ അവ കീഴ്പ്പെടുത്തുന്നു. അവയുടെ ശക്തി നിസ്സാരമാണ്. അവയുടെ പ്രവൃത്തി ശ്രേഷ്ഠമാണ്.

10. അവ കുറച്ചേയുള്ളു, എന്നാൽ നിരവധി അലങ്കാരങ്ങൾ നിർമിക്കുന്നതിനാൽ നിരവധിയാണ്. അവ നിസ്സാരമാണ്, എന്നാൽ അവ പടങ്ങൾ വരയ്ക്കുന്നതിനാൽ മനോഹരമാണ്. അവ മൂകമാണ്, എന്നാൽ ഗ്രന്ഥങ്ങൾ രചിക്കുന്നതിനാൽ വാഗ്വൈഭവമുള്ളവയാണ്.

11. അവ തുറന്നിരിക്കുന്നു, എങ്കിലും കണക്കിന്റെ എണ്ണങ്ങളിൽ അവ പൊതിഞ്ഞിരിക്കുന്നു. ശൂന്യമായ കരങ്ങളെ നിറയ്ക്കുന്നത് ലോകം മുഴുവനും അതിലെ കണക്കിലെ എണ്ണങ്ങളും മാത്രമാണ്.

12. അതിന് ഒറ്റയൊരു ബന്ധുവേയുള്ളു. തുല്യമായ ഉത്ഭവമുള്ള ഒരു സഖി മാത്രം. ഒരേ ജന്മമുള്ള ഒരു സ്നേഹിതമാത്രം. അതിന്റെ വിജ്ഞാനം വിവരിക്കാൻ പ്രയാസമാണ്. അത് മറ്റതിൽ നിന്ന് വ്യത്യസ്തമാണെങ്കിലും അതിനേപ്പോലെയുള്ള മുദ്ര പതിഞ്ഞിരിക്കുന്നു. എല്ലാറ്റിലും അത് മറ്റതിന് തുല്യമാണ്.

13. അതിന്റെ ദൂതനാണവൻ; അത് ചിറകുകളില്ലാതെ മുമ്പോട്ട് പറക്കുന്നു, ചിറകുകളില്ലാതെ തിരകെ വരുന്നു, തൂവലുകളില്ലാതെ വട്ടമിട്ടു പറക്കുന്നു. അത് വിശ്വസിച്ചേൽപ്പിച്ച പ്രതീകം തന്റെ മടിയിൽ ഒളിച്ചു വയ്ക്കുന്നു.

14. അതിന്റെ സ്വരം കാതിൽ തട്ടാതെ അത് മന്ത്രിക്കുന്നു. തന്റെ നിശ്ശബ്ദതയിൽ അത് കാതിലേക്കല്ല സംസാരിക്കുക. തന്റെ നിഗൂഢപ്രതീകം അത് കണ്ണിന് മാത്രം വെളിപ്പെടുത്തുന്നു.

15. കാരണം, കാത് അതിന്റെ സ്വരം കേൾക്കുന്നില്ല. അതിന്റെ മൂകമായ നാവ് കാതിന് അപരിചിതമാണ്. നിശ്ശബ്ദതയിൽ ബന്ധുവായിരിക്കുന്ന ഒരു സന്തതിയേ അതിന്റെ നാവിനുള്ളു.

www.malankaralibrary.com

www.malankaralibrary.com

ള്ളതാകുന്നു. അതിൽ തട്ടുന്ന രശ്മിയാൽ അത് പ്രകാശിക്കുന്നു. അതിന്റെ ശോഭയാൽ അത് ശോഭാമയമാകുന്നു. അതിന്റെ തിളക്കത്താൽ അത് മഹനീയമാകുന്നു. അതിന്റെ സൗന്ദര്യത്താൽ അത് അലംകൃതമാകുന്നു.

*പ്രതിസ്തോത്രം: പ്രകാശത്തെ സൃഷ്ടിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. കണ്ണിലെന്നപോലെ പ്രകാശം മറിയത്തിൽ വന്നു വസിച്ചു. അത് അവളുടെ മനസ്സിനെ ശുദ്ധീകരിച്ചു. അവളുടെ ചിന്തയെ ശോഭാമയമാക്കി, അവളുടെ ബുദ്ധിയെ പരിശുദ്ധമാക്കി, അവളുടെ കന്യാത്വത്തെ പ്രകാശിപ്പിച്ചു.

3. അവൻ സ്നാനപ്പെട്ട നദി പ്രതീകാത്മകമായി അവനെ വീണ്ടും ഗർഭം ധരിച്ചു. ജലത്തിന്റെ നനവുള്ള ഉദരം വെടിപ്പിൽ അവനെ ഗർഭം ധരിച്ചു. ശുദ്ധതയിൽ അവനെ പ്രസവിച്ചു. മഹത്വത്തിലേക്ക് കയറാൻ ഇടയാക്കി.

4. നദിയുടെ സംശുദ്ധമായ ഉദരത്തിൽ മനുഷ്യപുത്രിയെ നീ തിരിച്ചറിയണം. പുരുഷനെ അറിയാതെ അവൾ ഗർഭിണിയായി, സംയോഗമെന്യേ അവൾ പ്രസവിച്ചു. ഒരു ദാനത്തിലൂടെ ആ ദാനത്തിന്റെ കർത്താവിനെ അവൾ വളർത്തി.

5. പകൽവെളിച്ചം നദിയിലെന്നപോലെ കിരണം ഉദരത്തിൽ! മലമുകളിൽ അവൻ പ്രകാശിച്ചു. ഉദരത്തിലും അവൻ പ്രകാശിച്ചു. നദിയിൽ നിന്നുള്ള കരേറ്റത്തിൽ അവൻ പ്രശോഭിതനായി. തന്റെ സ്വർഗോരോഹണത്തിൽ അവൻ പ്രകാശിച്ചു.

6. മോശ ധരിച്ച ശോഭ അവനെ പൊതിഞ്ഞത് പുറത്തു നിന്നാണ്. എന്നാൽ ക്രിസ്തു മുങ്ങിയ നദി ഉള്ളിൽ നിന്നാണ് പ്രകാശം ധരിച്ചത്. അതുപോലെ അവൻ വസിച്ച മറിയത്തിന്റെ ശരീരം ഉള്ളിൽ നിന്ന് പ്രകാശിച്ചു.

7. ദൈവമഹത്വം ചുരുങ്ങിയ സമയം കണ്ട മോശ ദൈവിക മഹത്വത്താൽ പ്രശോഭിച്ചു.[70] എങ്കിൽ ക്രിസ്തു വസിച്ച ശരീരവും അവൻ സ്നാനപ്പെട്ട നദിയും എത്രയധികമായി പ്രശോഭിക്കും!

8. മരുഭൂമിയിൽ വച്ച് വിക്കനായ മോശ ധരിച്ച ശോഭ,[71] തന്റെ ഭവനം ഇരുട്ടാക്കാൻ അനുവദിച്ചില്ല; കാരണം, അവന്റെ മുഖത്തു നിന്നുള്ള പ്രകാശം സൂര്യനെപ്പോലെ വർത്തിക്കുകയും അവനു പാത തെളിക്കുകയും ചെയ്തു.

70. പുറ. 34,29. 71. പുറ.4,11.

www.malankaralibrary.com

www.malankaralibrary.com

2. ശരീരത്തിന്റെ വിവിധാവയവങ്ങൾ പ്രകാശിതമാകുന്നതും അതിന്റെ വ്യാപാരങ്ങളിലെല്ലാം നന്നായി വർത്തിക്കുന്നതും അതിന്റെ എല്ലാ ഇന്ദ്രിയങ്ങളിലും അലംകൃതമായിരിക്കുന്നതും അതിന്റെ വിവിധാവയവങ്ങളിൽ മഹനീയമായിരിക്കുന്നതും കണ്ണിലൂടെയാണ്.

3. പ്രകാശത്തിന്റെ ഉറവിടത്തെ സ്വീകരിക്കുന്ന ധരയാണ് മറിയം എന്നത് സുവ്യക്തമാണ്. എല്ലാ തിന്മകളുടെയും ഉറവിടമായ ഹവ്വായിലൂടെ ഇരുണ്ടുപോയ ലോകത്തെ അതിന്റെ നിവാസികളോടുകൂടെ അവളിലൂടെ അത് പ്രകാശിപ്പിച്ചു.

4. ഹവ്വായും മറിയവും അവരുടെ പ്രതീകങ്ങളിൽ, ഒന്ന് ഒരു കണ്ണ് പൊട്ടി ഇരുണ്ടുപോയതും മറ്റത് തെളിഞ്ഞ് പ്രകാശിച്ച് മുഴുവൻ പ്രകാശം നൽകുന്നതുമായ ശരീരത്തിന് തുല്യമാണ്.

5. നീ കാണുന്ന ലോകത്തിൽ രണ്ടു കണ്ണുകൾ ഉറപ്പിച്ച് വച്ചിരിക്കുന്നു. ഹവ്വായാണ് അതിന്റെ ഇരുണ്ട ഇടത്തെ കണ്ണ്; മറിയമാണ് പ്രകാശിക്കുന്ന വലത്തേത്.

6. ഇരുണ്ട നയനത്തിലൂടെ ലോകം മുഴുവൻ ഇരുണ്ടുപോയി. ജനങ്ങൾ തപ്പിത്തടഞ്ഞു. അവർ തട്ടിയ ഓരോ കല്ലും ദേവനാണെന്നു കരുതുകയും തെറ്റിനെ സത്യമെന്നു വിളിക്കുകയും ചെയ്തു.

7. എന്നാൽ മറ്റേ നയനത്താൽ ലോകത്തിന്റെ മധ്യത്തിൽ വസിച്ച സ്വർഗീയപ്രകാശത്താൽ ലോകം പ്രകാശിതമായപ്പോൾ, മനുഷ്യർ വീണ്ടും ദൈവവുമായി അനുരഞ്ജനപ്പെട്ടു; തങ്ങൾ തട്ടിമുട്ടിയത് തങ്ങളുടെ ജീവൻ തന്നെ നശിപ്പിക്കുന്നതാണെന്ന് അവർ തിരിച്ചറിഞ്ഞു.

# 38

## "ഇതാണ് മാസം" എന്ന രീതി (1)

1. ദുഷ്ടരുടെ നാട്ടിൽ നല്ലവൻ വസിച്ച ആ കാലത്തെപ്പറ്റി സംസാരിക്കാൻ ആർക്ക് കഴിയും? ബഹുമാന്യൻ നിന്ദ്യരുടെ കൂടെ ആയിരുന്നു. ജീവന്റെ ഉറവ കയ്പുള്ളവരുടെ ഇടയിൽ മാധുര്യമൊഴുക്കി.

*പ്രതിസ്തോത്രം: തന്റെ പുത്രനെ അയച്ച് ഞങ്ങളുടെ വേദനകൾ സുഖമാക്കിയ പിതാവിന് സ്തുതി.*

2. അവിടെ മഹാത്ഭുതം സംഭവിച്ചു. കാരണം, എല്ലാ സൗഖ്യമാക്കലുകളും മറ്റ് സഹായങ്ങളുമായും, എല്ലാ അത്ഭുതകർമങ്ങളും മറ്റ് സത്കർമ

www.malankaralibrary.com

www.malankaralibrary.com

10. കേൾവി തിരികെ കിട്ടിയ ചെകിടൻ മറ്റ് ചെകിടർക്കും കേൾവി നേടിക്കൊടുക്കാൻ തുടങ്ങി. നടത്തയിൽ വേഗതയുള്ള ആരോഗ്യവാന്റെ മുമ്പിൽ കടന്ന മുടന്തൻ തനിക്കുവേണ്ടി കാത്തുനിൽക്കാൻ, ആരോഗ്യമുള്ളവൻ മുടന്തനെ പിറകിൽ നിന്നു വിളിച്ചു. കാഴ്ച തിരികെ കിട്ടിയ അന്ധൻ തന്നെ നയിച്ചവനെ വിട്ടുപേക്ഷിച്ചു.

11. തുറക്കപ്പെട്ട അന്ധമായ നയനം സമസ്ത സൃഷ്ടികളുടെയും മനോഹാരിത കണ്ട് അന്ധാളിച്ചു പോയി. കണ്ട് തൃപ്തിവരാനും എന്തിനോട് തുല്യമാണെന്ന് നോക്കിക്കാണാനുമായി അത് മാധുര്യപ്രകാശത്തെ തുറിച്ചുനോക്കി.

12. തനിക്ക് അന്യമായിരുന്ന ശബ്ദം ആസ്വദിച്ച ചെകിടന്റെ കാത് ശബ്ദത്തിലും വാക്കുകളിലും ആശ്ചര്യഭരിതമായി. വലത്തുകൈ ശോഷിച്ചവന്റെ കൈ സുഖമാക്കിയപ്പോൾ, ഹൃദയസന്തോഷത്താൽ തന്റെ കൈ കുലുക്കുന്നതിൽ നിന്ന് അവൻ പിന്മാറിയില്ല.[76]

13. വീണ്ടും നടക്കാൻ കഴിഞ്ഞ മുടന്തന് അനങ്ങാതെ നിൽക്കുന്നത് എങ്ങനെയെന്ന് അറിഞ്ഞുകൂടായിരുന്നു. അടച്ചുപൂട്ടിയ വായ്ക്ക് പെട്ടെന്ന് സംസാരിക്കാൻ കഴിഞ്ഞപ്പോൾ, തന്റെ വാക്കുകൾ നിർത്തുന്നത് എങ്ങനെയെന്ന് അറിവില്ലായിരുന്നു. കുഷ്ഠം മാറിയവന് തന്റെ ശരീരപരിശോധന കൊണ്ട് മതിവന്നില്ല.

14. തന്റെ വീണ്ടും തുറന്ന കണ്ണുകൾ ചെകിടനെ കാണിക്കാൻ അന്ധൻ കാത്തുനിന്നു. ചെകിടനും കടം പകരംവീട്ടി. അവനും നിന്ന് തന്റെ തുറന്ന കാതുകൾ കാട്ടി. മുടന്തൻ അവരെ കണ്ട് തന്റെ പാദങ്ങളുടെ നടത്ത കാണിച്ചു.

15. പാതാളവാസഗൃഹം എങ്ങനെയിരിക്കുന്നു, അവിടെയുള്ള ആത്മാക്കൾ അവനെ തിരിച്ചറിഞ്ഞോ എന്നൊക്കെ ചോദിക്കാൻ, ഉയിർത്ത മരിച്ചവന്റെ ചുറ്റും ജീവനുള്ളവർ ഓടിക്കൂടി. അവൻ പറഞ്ഞു: എന്റെ ഉറക്കക്കിടക്കയിൽ നിന്നെന്നപോലെ ഞാനെഴുന്നേറ്റു.

16. കൂട്ടങ്ങൾ അവനു ചുറ്റുംകൂടി. വിരൂപർ അവനെ വലയംചെയ്തു. നമ്മുടെ കർത്താവ് അവിടെനിന്നു. ഒരന്ധൻ പ്രവേശിച്ചു, കാഴ്ചയുള്ളവനായി അവൻ കടന്നുപോയി. ഒരു മുടന്തൻ പ്രവേശിച്ചു, നടന്നുകൊണ്ട് അവൻ കടന്നുപോയി. തളർവാതരോഗി തന്റെ കിടക്കയുമെടുത്തുകൊണ്ട് വിളിച്ചുപറഞ്ഞു: വഴിമാറിത്തരുവിൻ.

17. വൈദ്യശാസ്ത്രവിദഗ്ധർക്കും ഡോക്ടർമാർക്കും യൂദയായിൽ

76. ലൂ.6,6–10.

www.malankaralibrary.com

www.malankaralibrary.com

ഉറവയായിരുന്നു അവരുടെ പാനീയം. മേഘമായിരുന്നു അവരുടെ തണൽ. അഗ്നിസ്തംഭമായിരുന്നു അവരുടെ വെളിച്ചം. കാളക്കുട്ടിയായിരുന്നു അവരുടെ ദേവൻ. അനീതി അവരുടെ സ്നേഹിതനും സത്യം അവരുടെ എതിരാളിയുമായിരുന്നു.

*പ്രതിസ്തോത്രം: എല്ലായ്പ്പോഴും അവനിൽ അഭയം തേടുന്നവൻ ഭാഗ്യവാൻ.*

2. പ്രവാചകന്മാരുടെ കാലത്തേക്കാൾ വലുതായിരുന്നു പ്രവാചകന്മാരുടെ നാഥന്റെ കാലം. പിശാചുക്കൾ വേട്ടയാടപ്പെട്ടു, വേദന കീഴടക്കപ്പെട്ടു, കടങ്ങൾ ക്ഷമിക്കപ്പെട്ടു, ജനങ്ങൾ രക്ഷിക്കപ്പെട്ടു, കാളക്കുട്ടി പാപം ചെയ്യിച്ച ജനത്തെ നീതീകരിക്കാൻ തടിച്ച കാളക്കുട്ടി ആഗതനായി.

3. ഇളകിമറിഞ്ഞ കടൽ അലറിയടിച്ചപ്പോൾ, അവനതിൽ തന്റെ ശാന്തത കലർത്തി. ഭ്രാന്തു പിടിച്ചവരിൽ അവൻ തന്റെ ബുദ്ധി കലർത്തി. വിഷയാസക്തരിൽ തന്റെ സംശുദ്ധത കലർത്തി. അവൻ പാത്രത്തിൽ തന്റെ ഉപ്പുചേർക്കുകയും അത് രുചിയുള്ളതാകുകയും ചെയ്തു.

4. പീഡിതൻ സന്തോഷിച്ചു. ദരിദ്രൻ ധനവാനായി. ആവശ്യക്കാരൻ രാജാവായി. കുട്ടികൾ വിളിച്ചുകൂവുന്നതുകണ്ട് തകർന്നവൻ ഓശാനാ വിളികളാൽ പ്രകാശിതനാകാൻ തുടങ്ങി. അവൻ ഒലിവിൻകൊമ്പുകളെടുത്ത് സ്തുതിയും സ്തോത്രവും അർപ്പിച്ചു.[78]

5. ഭക്ഷണം എവിടെ കിട്ടുമെന്ന് വിലപിച്ചിരുന്നവന്റെ പക്കലേക്ക് ഭക്ഷണം വന്നു....മിച്ചം വന്നത് നിറഞ്ഞിരുന്നു. വാഴ്ത്തിയ കഷണങ്ങൾ കൊണ്ട് കുട്ടകളും വിവേകപൂർവം നിറച്ച നല്ല വീഞ്ഞുകൊണ്ട് ഭരണികളും നിറഞ്ഞിരുന്നു.[79]

6. കുടിക്കുന്നവരെ മത്തുപിടിപ്പിക്കുക എന്നതാണ് സാധാരണയായി വീഞ്ഞിന്റെ സ്വഭാവം. എന്നാൽ അത്ഭുതാടയാളത്താലുണ്ടായ കാനായിലെ വീഞ്ഞാകട്ടെ, ബുദ്ധിശൂന്യർക്ക് വിവേകം നൽകി. എന്തിൽ നിന്നാണ് അത് രൂപീകൃതമായതെന്ന് കണ്ടവർ അതിൽ വിവേകം പാനംചെയ്തു.

7. ആ വീഞ്ഞിന്റെ മാറ്റത്തേക്കാൾ വലുതായിരുന്നു അതിന്റെ കുടി. അത് നാവിന് സാധാരണ കുടിയുടെ രുചി നൽകി. എന്നാൽ അത് അസാധാരണമായ ഒന്ന് കുടിക്കാൻ തുടങ്ങി. അത് കുടിക്കാനല്ല, ഗ്രഹിക്കാനാണ് നാവ് ആഗ്രഹിച്ചത്.

8. കടൽ സമൃദ്ധമായ മത്സ്യക്കൂട്ടത്തെ നൽകി. അത് അവന്റെ മുമ്പിൽ കൂട്ടിയിട്ടു. അപ്പത്തിന്റെ തികവ് കര നൽകി. കല്യാണവിരുന്ന് നല്ല വീഞ്ഞ്

78. മത്താ.21,8. 79. മത്താ.14,20. യോഹ.2,11.

www.malankaralibrary.com

www.malankaralibrary.com

16. നിന്ദ്യമായ കഴുതക്കുട്ടിയുടെ പുറത്ത് അവൻ യാത്ര ചെയ്തതു കണ്ട് അവനെ നിന്ദിച്ചവൻ, അവൻ അനായാസം കടലിന്റെ ഓളങ്ങളിൽ സഞ്ചരിക്കുന്നതുകണ്ട് ആശ്ചര്യഭരിതനാകേണ്ടതാണ്. കഴുതക്കുട്ടിയിലൂടെയും കടലിലൂടെയും രാജാക്കന്മാരേക്കാൾ ചെറുതായും അവരേക്കാൾ വലുതായും അവൻ യാത്രചെയതു.

# 40

## "ഇതാണ് മാസം" എന്ന രീതി (з)

1. വളരെ അമ്പരപ്പോടെ, വിഷണ്ണനായി സാത്താൻ മുകളിലേക്ക് കയറി. അവൻ കയറി മലമുകളിൽ ഇരുന്നുകൊണ്ട് നമ്മുടെ രക്ഷകനോട് പറഞ്ഞു: "നീ എന്നെ വീണാരാധിച്ചാൽ, ഈ ജനതതിയെ ഞാൻ നിനക്ക് തരാം."

*പ്രതിസ്തോത്രം: നഷ്ടപ്പെട്ട നമ്മെ കണ്ടെത്താൻ വന്ന പുത്രനു സ്തുതി.*

2. താണുപോയ തന്റെ തല ദുഷ്ടൻ ധൈര്യമവലംബിച്ച് ഉയർത്തി. തന്നെ നിരാകരിച്ചുപേക്ഷിച്ചു പോയവർ, തന്നെ കീഴടക്കിയവന്റെ ചുറ്റും നിൽക്കുന്നത് അവൻ കണ്ടു. അവർ അവന് സ്തുതിയർപ്പിക്കുകയും അവനിൽ അഭയം തേടുകയും ചെയ്തു.

3. അശുദ്ധർ സംശുദ്ധരാകുന്നതും പാപികൾ നീതീകരിക്കപ്പെടുന്നതും കണ്ട് ദുഷ്ടൻ നിലവിളിച്ചു. തന്റെ സൈന്യാധിപനായ ലെഗിയോൻ തന്റെ കൂട്ടത്തോടൊപ്പം കടലിൽ മുങ്ങിത്താഴുന്നത് അവൻ കണ്ടു.

4. "മർദിക്കപ്പെട്ടവരേ, വരുവിൻ, നിങ്ങളുടെ വസ്തുവകകൾ തിരിച്ചെടുക്കുവിൻ" എന്നു വിളിച്ചുപറയുന്ന, തന്റെ സ്നേഹിതനായ സക്കായിയെ അവൻ കണ്ടു. ദാനത്തിൽ നിന്ന് സ്കറിയോത്താ മോഷ്ടിക്കുന്നത് സൂത്രത്തിൽ കണ്ടതിനാൽ, അവനൽപം ആശ്വാസമുണ്ടായി.

5. ആദ്യജാതന്റെ മുമ്പിൽ വിജാതിയർ ഓശാന എന്ന് വിളിച്ചുപറയുന്നതു കണ്ടപ്പോൾ, അവന് കഠിനവേദനയും തലചുറ്റലും അനുഭവപ്പെട്ടു.

6. ദുഷ്ടൻ യാഥാർഥ്യത്തോടൊപ്പം പ്രതീകവും ദർശിച്ചു. കഴുതക്കുട്ടിയും വിജാതിയരും! മെരുങ്ങാത്ത കഴുതക്കുട്ടി അവനെ പ്രതീകാത്മകമായി വഹിച്ചു. വിജാതിയരുടെ ഹൃദയം യഥാർഥമായി അവനെ വഹിച്ചു. പ്രതീകത്തോടോപ്പം യാഥാർഥ്യവും ഒന്നിച്ചു കണ്ടതിനാൽ അവൻ നിലവിളിച്ചു.

7. അവന് ഉച്ചത്തിൽ ഓശാന പാടുന്ന വിജാതിയരെ അവൻ കണ്ടു.

www.malankaralibrary.com

www.malankaralibrary.com

ബ്ദവീണകളും നിനക്ക് സ്തുതിയർപ്പിക്കുന്നു. ആ ജനത്തിന്റെ വീണമാത്രം തങ്ങളുടെ വീണക്കമ്പികൾ നിശ്ശബ്ദമാക്കി.

5. അവരെ ഒന്നിച്ചുകൂട്ടാൻ മോശ രണ്ട് കൊമ്പുകൾ ഊതാൻ കൽപ്പിച്ചു.[84] ദാവീദ് കിന്നരം കൊണ്ട് പാടി. നിശ്ശബ്ദരായ ജനത്തെ ആരോട് ഉപമിക്കും? സ്തുതി മറച്ചുവച്ച ശബ്ദരഹിതമായ ചെറിയമണിയും മൂകരായ വൃദ്ധരുമാണവർ!

6. ആ കാളക്കുട്ടിയുടെ മുമ്പിൽ അവർ നാദവും കൈത്താളവുംകൊണ്ട് ആർപ്പുവിളിച്ചു. ആ മൂകവിഗ്രഹത്തിന്റെ മുമ്പിൽ അവർ ഉച്ചത്തിൽ അലറി. എന്നാൽ എല്ലാം ശ്രവിക്കുന്നവന്റെ മുമ്പിൽ അവർ നിശ്ശബ്ദരായി നിലകൊണ്ടു. അവരെത്ര തലതിരിഞ്ഞവരാണെന്ന് ഋജുവായ പ്രകൃതി അവരെ ബോധ്യപ്പെടുത്തട്ടെ.

7. സീയോൻ പുത്രിക്ക് അവളുടെ സഖിയായ വിഗ്രഹത്തോട് പ്രേമം തോന്നി. എന്നാൽ അതിനെ എങ്ങനെ വിളിക്കണമായിരുന്നു? കൈകൊണ്ടു നിർമിച്ചതിനെ അവൾ ഹൃദയത്തിൽ സ്വീകരിച്ചു. അതിന് ആരാധന അർപ്പിച്ച് അതിനെ അവൾ കർത്താവാക്കി. അതിനോട് പ്രണയാഭ്യർഥന നടത്തി. തികച്ചും നിന്ദ്യമായ അതിനെ ബാൽ[85] എന്നു വിളിച്ചു.

8. സ്തുതിയർപ്പിച്ച കുട്ടികളുടെ നിരയെ എന്തിനോട് സാദൃശ്യപ്പെടുത്താം? സ്തുതി എന്നപോലെ വായിൽ ഒലിവുശിഖരം നിറച്ച സംശുദ്ധ പ്രാവിനോട് താരതമ്യപ്പെടുത്താം. ഒലിവു ശിഖരത്തിലൂടെ സംസാരിച്ച പ്രാവിന്റെ വായ്പോലും നിശ്ശബ്ദരായ യൂദരെ കുറ്റം വിധിക്കും.

9. സൃഷ്ടിയുടെമേൽ ആ പ്രളയത്തിന്റെ മ്ലാനതയും നിശ്ശബ്ദതയും പരന്ന നിശ്ശബ്ദകാലത്തെ ആ നിശ്ശബ്ദശിഖരം സദൃശീകരിച്ചു. എന്നാൽ നമ്മുടെ കർത്താവിന്റെ കാലം ശോഭായമാനവും മനോഹരവും ആയിരുന്നു. അത് എല്ലാറ്റിനെയും സന്തോഷിപ്പിച്ചു.

10. സ്തുതിയുടെയും കൃതജ്ഞതയുടെയും അവസരം, നന്ദിയില്ലാത്തവർ നിശ്ശബ്ദരായിരുന്നു. മൂകരും ബധിരരും സ്തുതിപാടി. അടഞ്ഞിരുന്ന വായ്കൾ സ്തുതികളർപ്പിച്ചു. അവർ നിശ്ശബ്ദരായിരുന്നപ്പോൾ, സാക്ഷ്യം വഹിക്കാനെന്നവണ്ണം കല്ലുകൾ ആർപ്പുവിളിച്ചു.

11. കല്ലറകൾ തുറന്ന് സ്തുതികളുയർന്നു; സ്തുതി നിഷേധിച്ച ഭൂവാസികൾക്കെതിരെ ഭൂമി കുലുങ്ങി, ഗംഭീരശബ്ദമുയർന്നു. ദേവാലയ വാതിൽമറ, അവരുടെ അടഞ്ഞിരുന്ന കാതുകൾ കീറി.

---

84. സംഖ്യ, 10,1-10. 85. ഭർത്താവ്.

www.malankaralibrary.com

www.malankaralibrary.com

2. നിന്റെ ഭണ്ഡാരത്തിലെ നിക്ഷേപങ്ങൾ എണ്ണാൻ ആർക്കാണ് കഴിയുക? സമസ്തസൃഷ്ടികളുടെയും ശബ്ദത്തേക്കാൾ ഞങ്ങളുടെ വായുടെ സ്തുതി നീ കൂടുതൽ ഇഷ്ടപ്പെടുന്നു. ഓ, രാജപുത്രാ, കടലും കരയും ആഘോഷമായി നിന്നെ വഹിക്കുന്നു.

3. കിന്നരത്താൽ വശീകരിക്കപ്പെട്ട് രാജാവുറങ്ങി. ഒരു മഹാവീണ പോലെ അനേകനാദങ്ങളിൽ കടൽ അലറി. നമ്മുടെ രാജാവ് ഉറങ്ങി. അദൃശ്യനയനം അവനിൽ ഉണർന്നിരുന്നപ്പോൾ, ശരീരമുറങ്ങി.

4. കടലിന്റെ ആ ഇരമ്പൽ നിനക്ക് മർമരശബ്ദമായിരുന്നു. പടവിലുണ്ടായിരുന്നവർക്ക് അത് ഇടിമുഴക്കവും ഗംഭീരഗർജനവുമായിരുന്നു. അവർ ഭയന്നു വിറച്ചു; എഴുന്നേറ്റ് തങ്ങളെ രക്ഷിക്കാൻ, ഉറക്കം പോയവർ ഉണർവുള്ളവനെ ഉണർത്തി.

5. കടലിന്റെ കിന്നരം: ഓളങ്ങളാണ് അതിന്റെ കമ്പികൾ; കാറ്റാണ് അതിന്റെ വിരൽ; കിന്നരസമാനം കടൽ ശാന്തമായി; വിരൽ സമാനം കാറ്റടങ്ങി. അതിനെ ഉത്തേജിപ്പിച്ച കൽപ്പന അതിനെ ശാന്തമാക്കി.

6. തിരകൾ അടങ്ങിയപ്പോൾ വായ് കൃതജ്ഞതാവചനം ഉച്ചരിച്ചു. ശബ്ദത്തിനു പകരം ശബ്ദം വന്നു: കടലിന്റെ ഇരമ്പലിനു പകരം അധരങ്ങളുടെ സ്തുതിവന്നു. കപ്പൽ നിഗൂഢപ്രതീകങ്ങൾ കൊണ്ട് വ്യാപാരം ചെയ്യാൻ തുടങ്ങി.

7. നിക്ഷേപങ്ങളെ സംബന്ധിച്ച് അവരുടെ മനസ്സ് ശൂന്യമായിരുന്നു. സമ്പദ്സമൃദ്ധിയാൽ അവ അവരുടെ ബുദ്ധിയെ നിറച്ചു. പത്തുമീനാ കൂടി കൊണ്ടുവന്ന മീനാ അതാണ്. പത്തു താലന്തു കൊണ്ടുവന്ന വിശ്വാസമെന്ന രാജകീയതാലന്ത് അതാണ്.[88]

8. കടലിന്റെ നാഥൻ സഹായമെത്തിക്കാൻ കടലിലേക്കിറങ്ങി. കാലിക നിക്ഷേപങ്ങൾ സംഭരിക്കാൻ കച്ചവടക്കാർ അധ്വാനിക്കുന്നത് അവൻ കണ്ടു. അന്യമായതിലൂടെ സ്വന്തമായത് അവർ നഷ്ടമാക്കി, അങ്ങനെ ആത്മാവ് നഷ്ടപ്പെടുത്തി.

9. അവർ തങ്ങളെത്തന്നെ നഷ്ടപ്പെടുത്തുകയും അതു നേടണമെന്ന് ആഗ്രഹിക്കുകയും ചെയ്തതിനാൽ, അവർ എങ്ങനെ തങ്ങളെത്തന്നെ തേടണമെന്നും തങ്ങളുടെ സ്വന്തം വ്യക്തിത്വം നേടണമെന്നും അവൻ അവരെ പഠിപ്പിച്ചു. കച്ചവടക്കാർ ഓരോരുത്തരും താന്താങ്ങളുടെ ആത്മാക്കളെ നേടാനായി തങ്ങളുടെ ജീവിതരീതിയിൽ മാറ്റംവരുത്തി.

10. സമസ്ത നേട്ടങ്ങളെയും വിഴുങ്ങുന്ന കടൽ നേട്ടമുണ്ടാക്കി.

88. ലൂ.19,13-25.

www.malankaralibrary.com

അതിന്റെ ഇരമ്പലാൽ ജീവന്റെ നിക്ഷേപമായ വിശ്വാസം എല്ലാ കച്ചവട ക്കാർക്കും പ്രദാനംചെയ്തു. കടലിന്റെ ആ ഇരമ്പലാൽ പുത്രന്റെ സ്വരത്തിന്റെ ഔന്നത്യം അവർ ഗ്രഹിച്ചു.

11. നമ്മുടെ രക്ഷകൻ കണ്ണിനും കാതിനും കടലിന്മീതേ സ്വസ്തത യേകി. മൂകർ സ്തുതി കരേറ്റാൻ അശക്തരായിരിക്കെ, അധരം സംസാരി ക്കുകയും നാവ് ഇന്ദ്രിയങ്ങളുടെ കടംവീട്ടി സ്തുതിയർപ്പിക്കുകയും ചെയ്തു.

# 43

## “ക്ഷമയുള്ളവൻ ആരാണ്?” എന്ന രീതി (9)

1. കൽപ്പലകകളിൽ കൃത്യമായി എഴുതിയ ദൈവത്തിന്റെ അദൃശ്യ കരം, വിജാതിയത്വത്തിൽ ആണ്ടുപോയ ആ ജനത്തിന്മേൽ നിയമത്തിന്റെ കടിഞ്ഞാൺ വച്ചു.

*പ്രതിസ്തോത്രം: നിഗൂഢഗ്രന്ഥം വാഴ്ത്തപ്പെട്ടതാകുന്നു.*

2. ഹാഗാറിന്റെ കൊച്ചുകുട്ടി പുൽമേട്ടിലെ കാട്ടുകഴുത ആയിത്തീർന്നു.[89] സാറായുടെ സന്തതിയായ യഹൂദജനം മരുഭൂമിയിലെ കാളക്കുട്ടിയായി. അവർ മൃഗസമാനരാകുകയും മൂകമൃഗങ്ങളെ ആരാധിക്കു കയും ചെയതു.

3. കൽപ്പനകളുടെ പലകകൾ താഴേക്ക് വന്നപ്പോൾ അവ പിൽക്കാല നിയമങ്ങൾ കൊണ്ടുവന്നു. ആത്മീയപലകകൾ തന്നിൽനിന്ന് മുൻകാല നിയമങ്ങൾ തുടച്ചുമാറ്റിക്കളഞ്ഞു.

4. കൽപ്പലകകൾ നിയമത്തിന് നിലങ്ങൾ പോലെയായി. മുൻകാല പലകകളിൽ ആദ്യകാലനിയമങ്ങൾ രേഖപ്പെടുത്തിയിരുന്നു; പിൽക്കാല പലകകളിൽ പിൽക്കാലനിയമങ്ങളും രേഖപ്പെടുത്തിയിരുന്നു.

5. ശരിയായ പലകകൾ പെട്ടെന്ന് കൂട്ടിച്ചേർക്കപ്പെടാനായി കൽപ്പല കകളെ വൈദ്യൻ ഉടച്ചുകളഞ്ഞു. ദൃശ്യമായവകൊണ്ട് ആ അദൃശ്യപലക ഭയപ്പെടുത്തി.

6. കൽപ്പന ആത്മാക്കളുടെ വൈദ്യനാകയാൽ, കൽപ്പലകകൾ പൊട്ടിച്ചപ്പോഴും, പൊട്ടിച്ചിതറിയ കൽപ്പലകകളിലൂടെ ആ ജനത്തിന്റെ മുറിവുകൾ വച്ചുകെട്ടി എന്നതിനാൽ കൽപ്പലകകളിലൂടെ സുഖപ്പെടുത്തി.

---

89. ഉൽപ.16,12.

www.malankaralibrary.com

7. അത് നയനങ്ങളിൽ വിസ്മയവും ആത്മാക്കളിൽ ഭയവും നിറച്ചു. വിജാതിയത്വത്താൽ മുറിവേറ്റ ജനം, പൊട്ടിച്ചിതറിയ അമൂല്യകൽപ്പലക കളുടെ ദർശനത്താൽ തങ്ങളെത്തന്നെ വച്ചുകെട്ടി.

8. പൊട്ടിപ്പോയ കൽപ്പലകകൾ കൊണ്ട് കൽപ്പനകളുടെ പലകകൾ മുറിവുണക്കിയതിനാൽ, പഴയതിനുപകരം പുതിയ പലകകൾ-കേവല പലകകൾക്കു പകരം എഴുതപ്പെട്ടവ - കൊണ്ടുവരുന്നതിന് അത് മുകളി ലേക്ക് കയറിപ്പോയി.

9. ഇവ മാഞ്ഞുപോയതിനാൽ, അവ തന്നെ പുതുതായി എഴുതി. മായിച്ചുകളഞ്ഞ, മുൻ അക്ഷരങ്ങൾ പലകകളിൽ അവ കണ്ടു. അവ ഒന്നിനു പിറകെ ഒന്നായി കൊത്തിവച്ചു. അവ സത്യരൂപമായിത്തീർന്നു.

10. കാരണം, കൽപ്പലകകളും അദൃശ്യപലകകളും കണ്ടിട്ടുള്ളവർ, രണ്ടിന്റെയും ടെക്സ്റ്റ് ഒന്നുതന്നെയെന്ന് മനസ്സിലാക്കും. രണ്ടെഴുത്തുകളും പരസ്പരം യോജിക്കുന്നു; എന്തുകൊണ്ടെന്നാൽ ഒന്നുമാത്രമാണ് അവയുടെ സത്യം.

11. സാബത് മാത്രമാണ് അത് കൂട്ടിച്ചേർത്തത്; ആത്മാവിന്റെ പലകകളിൽ അതില്ലായിരുന്നു. എന്നാൽ അത് അതിനെതിരല്ലായിരുന്നു. അത് രോഗങ്ങളുടെ പ്രവർത്തനശേഷി ഇല്ലാതാക്കി; അങ്ങനെ ആരോഗ്യം നിലനിന്നു.

12. ബലഹീനജനത്തിന് ചുരുങ്ങിയ കാലയളവിലേക്കുള്ള നിയമശാ സന നിമിത്തം, ഇതാണ് സത്യനിയമമെന്ന് ഈ ജനം കരുതി. എന്നാൽ താൻ നിർദേശിച്ച സാബത്തിലൂടെ നീതിമാൻ തന്റെ വിജ്ഞാനത്തിൽ അത് അസാധുവാക്കി.

13. യൂദജനത്തിനെതിരെ ഒരു ചോദ്യം: അവൻ ഛേദനാചാരത്തെപ്പറ്റി എഴുതാതെ സാബത് മാത്രം കൽപ്പലകകളിൽ എഴുതിയത് എന്തുകൊണ്ടാ ണ്? കൽപ്പന ഗർവുള്ള കൊമ്പുകൾ പരസ്പരം വേർതിരിച്ചു.

14. പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇരുകരങ്ങളിൽ ഏതാണ് വിജയം കരസ്ഥമാക്കുക? സാബത് വിജയിച്ചു, പിന്നീട് മറിച്ച് പരിച്ഛേദനം വിജയിച്ചു.

15. കൽപ്പലകകളിൽ സാബത് മാത്രം രേഖപ്പെടുത്തിയിരുന്നതിനാൽ, അത് വിജയിച്ചു. പിന്നീട് പരിച്ഛേദനം അതിനെ പരാജയപ്പെടുത്തി. അത് അതിൽ തന്നെ രണ്ട് വിജയമാല വഹിച്ചു. അത് നിർബന്ധത്താൽ വിജയിച്ചു; അത് സ്വതന്ത്രേച്ഛയാൽ വിജയിച്ചു.

www.malankaralibrary.com

www.malankaralibrary.com

4. നൽകപ്പെടാൻ പോകുന്ന രണ്ടുടമ്പടികളുടെ വിദൂരസ്ഥമായ ഒരു പമ അവൻ അവിടെ കൊത്തിവയ്ക്കുകയായിരുന്നു. നുണയർ അത് നിഷേധിക്കുന്നു. അവ രണ്ടിന്റെയും അർഥം ഒന്നുതന്നെ!

5. കാരണം, ഒരു പലക മറ്റതിൽ നിന്ന് വിഭജിതമല്ലാത്തതുപോലെ, ഒരുടമ്പടി മറ്റതിൽ നിന്ന് വിഭജിതമല്ല. യോജിപ്പുള്ളതിനെ വിഭജിതമായി വിവരിക്കുന്നവനാണ് അത് വിഭജിതമായിരിക്കുന്നത്.

6. നമ്മുടെ കർത്താവ് തന്റെ ദൈവികൗന്നത്യത്തിന്റെ ഹേതു ആയിരിക്കുന്നതുപോലെ, ആ വിരലിന്റെ ഹേതു നിയമം ആണെന്ന് കാണുക. അവന്റെ നിയമവും അവന്റെ വിരലും തന്റെ വത്സലസുതനു സാക്ഷ്യം വഹിക്കുന്നു.

7. കാരണം, നിയമത്തിന്റെ ദൈവികശക്തി നമ്മുടെ രക്ഷകന്റെ പ്രതീകം[90] ആണ്; ദൈവികവിരൽ തന്റെ വിജ്ഞാനത്തിന്റെ ടൈപ്പ്[91] ആണ്. വിരലിൽ ഒരു കടങ്കഥയും വിജ്ഞാനത്തിൽ ഒരത്ഭുതവും നിഗൂഢമായിരിക്കുന്നു.

8. എങ്ങനെയാണ് വിരൽ നിയമം എഴുതിയത്? പിടിയും പിച്ചളയും കൊണ്ടോ, ഈറയും മഷിയും കൊണ്ടോ? അത് എഴുതപ്പെട്ടു എന്നത് സുഗ്രാഹ്യമാണെങ്കിലും, എങ്ങനെയെന്നത് അഗ്രാഹ്യമായി നിലകൊള്ളുന്നു.

9. കൽപ്പനയുടെ ശക്തി ദൈവത്തിൽ നിന്നുവരുന്നു, ദൈവികവിരൽ ദൈവത്തിൽ നിന്നുമാണ്. എല്ലാറ്റിനെയും ജീവിപ്പിക്കുന്ന ശക്തി അവനിൽ നിന്നുതന്നെ ഉത്ഭവിക്കുന്നു.

10. നിയമത്തിന്റെ സമയത്തെപ്പറ്റി, അത് എപ്പോഴാണ് ദൈവികോദരത്തിൽ ഉദിച്ചതെന്ന് ഗ്രഹിക്കാനാവില്ല. എന്തുകൊണ്ടെന്നാൽ അത് അവന്റെ ഉള്ളിൽ പുതുതായി ഉദിച്ചു എന്നവണ്ണമല്ല സ്ഥിതിചെയ്യുന്നത്.

11. രണ്ടിലും അത് ബുദ്ധിമാന്മാരെ പ്രതിരോധിക്കുന്നു. അത് എപ്പോഴെന്ന് അവർ കാണുന്നില്ല. എങ്ങനെയെന്ന് അവരറിയുന്നില്ല. കാരണം, അതിന് എപ്പോൾ, എങ്ങനെ എന്നതുമായി യാതൊരു ബന്ധവുമില്ല.

12. എന്റെ സഹോദരങ്ങളേ, ഒരു ബാഹ്യഹേതു കൽപ്പന ഉളവാക്കി; അത് വിശുദ്ധ പലകയുടെ ഉദരത്തിൽ സ്വീകരിക്കപ്പെട്ടു; അത് സ്തുത്യർഹ കന്യകയായ ആ മനുഷ്യപുത്രിക്ക് തുല്യമായിത്തീർന്നു.

13. ഒരു മനുഷ്യൻ ആ പലകയുണ്ടാക്കി; ഒരു മനുഷ്യൻ ആ കന്യകയെ ജനിപ്പിച്ചു. ആ പലകയുടെ സ്നേഹിതൻ മോശയായിരുന്നു;

90. റാസാ. 91. ഥുപ്സാ.

www.malankaralibrary.com

www.malankaralibrary.com

നിശ്ചിത സമയത്തേക്കുമാത്രം പ്രവർത്തിച്ചു. അത് പഴയതായതിനാൽ പുറന്തള്ളപ്പെട്ടു. അത് ഭവനത്തിലേക്ക് വീണ്ടും തിരികെ വന്നില്ല. എന്നാൽ അവൻ ധരിച്ച സഭയാകുന്ന വസ്ത്രം ഉരിഞ്ഞുകളയാൻ അവൻ ആഗ്രഹിച്ചില്ല.

23. സിനഗോഗ് കാളക്കുട്ടിമൂലം ദുഷിച്ചതിനാൽ, അതു പുറന്തള്ളപ്പെടുമെന്ന് പഠിപ്പിക്കാൻ പലക നശിപ്പിക്കുകയും പൊട്ടിക്കുകയും ചെയ്തു. കാലപൂർത്തിവരെ അത് നിലനിൽക്കുന്നതിന്റെ കാരണം താഴെപ്പറയുന്നതു മാത്രമാണ്.

24. അവരിൽ നിന്നുത്ഭവിക്കുന്ന നീതിമാന്മാരോട് അവൻ അനീതി ചെയ്യാതിരിക്കുന്നതിനും അവരിൽ രൂപീകരിക്കാൻ ആഗ്രഹിച്ച പ്രതീകങ്ങൾ[94] അദൃശ്യമാകാതിരിക്കാനും പുതിയതുമായി ഒട്ടിച്ചേർന്ന വേരുകൾ വെട്ടിമുറിക്കപ്പെടാതിരിക്കാനുമായിരുന്നു അത്.

25. മറ്റൊരുപമയിൽ മറ്റൊരുവശം വീണ്ടും കാണുക: അപരാധം നിമിത്തം വേദനയ്ക്കിടയിൽ കൽപ്പന കല്ലിന്റെ വസ്ത്രം ഉരിഞ്ഞുകളയുകയും പിന്നീട് വീണ്ടും ധരിക്കുകയും ചെയ്തു.

26. അതുപോലെ, നമ്മുടെ കർത്താവ് ശരീരം ധരിക്കുകയും പാപം നിമിത്തം പീഡയനുഭവിക്കുകയും ചെയ്തു. കാളക്കുട്ടിനിമിത്തം ക്രോധം വിളിച്ചുവരുത്തിയ സിനഗോഗ് ഇടത്തുഭാഗത്തെ കള്ളനിൽ അവനെ വീണ്ടും പ്രകോപിപ്പിച്ചു. എന്നാൽ നമ്മുടെ കർത്താവ് വീണ്ടും ശരീരം ധരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തു.

# 45

## “നിങ്ങൾ സ്നേഹിച്ച ദൈവം” എന്ന രീതി

1. ആദം ഉയർത്തപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്തു. ഉന്നത നിരകളിലായിരുന്നു അവന്റെ ആരംഭം; ഭൗമിക താഴ്ചയിലായിരുന്നു അവന്റെ അന്ത്യം. പൂറുദീസായിൽ ആയിരുന്നു അവന്റെ ആരംഭം, കല്ലറയിലായിരുന്നു അവന്റെ അന്ത്യം.

*പ്രതിസ്തോത്രം: പാപികളോടു കരുണ കാണിക്കുന്നവന് സ്തുതി.*

2. ഹവ്വായുടെ സൃഷ്ടിക്കു മുമ്പ് അവന് സമ്പൂർണവും അവിഭജിതവുമായ ശരീരമായിരുന്നു. പ്രതീകാത്മകമായി ഒരു വസ്തു വരുന്നതിന് അവനിൽ നിന്ന് വാരിയെല്ലെടുത്തു. ഹവ്വാ പാപഹേതു ആയിത്തീർന്നു.

94. റാസേ.

www.malankaralibrary.com

www.malankaralibrary.com

11. കടലും കരയും കൃഷിസ്ഥലവും തൈകളും വിത്തുകളും ചെടികളും പണിയായുധങ്ങളും സ്വർണാഭരണങ്ങളും പരിശോധിക്കാൻ അവനറിയാം. അവൻ അവ തിരിച്ചറിയുകയും ചെയ്യുന്നു.

12. ദൃശ്യമായവ അവനറിയാം, അവൻ നിഗൂഢമായവ പരിശോധിക്കുന്നു. തന്റെ വാഹനമൃഗം നഷ്ടപ്പെട്ടാൽ അവൻ അതിനെ തേടുന്നു; കണ്ടെത്തൽ അവനു മനസ്സിലാകുമെങ്കിലും, തന്നെപ്പറ്റി മാത്രം അവൻ അന്വേഷിക്കുന്നില്ല.

13. നശ്വരകാര്യങ്ങളിൽ അവൻ പ്രവീണനാണ്, ഭാവിലോകവാഗ്ദാനങ്ങളെ സംബന്ധിച്ച് അവൻ അജ്ഞനാണ്! കാലിക സമ്പാദ്യങ്ങളെ കുറിച്ച് അവനു മനസ്സിലാകും; പ്രയോജനരഹിത കാര്യങ്ങളിൽ അവൻ തിടുക്കമുള്ളവനും അവശ്യകാര്യങ്ങളിൽ അലസനുമാണ്.

14. അവൻ എല്ലാ പ്രയാസങ്ങളെയും നിഷ്പ്രയാസം തരണം ചെയ്യുന്നു. എല്ലാ വൈതരണികളെയും ലളിതമായി കൈകാര്യം ചെയ്യുന്നു. എങ്കിലും തന്റെ യഥാർഥജീവൻ കണ്ടെത്തുന്നതിൽ അവൻ പരാജയപ്പെടുന്നു. അവന് നിരവധി സഹായകർ ഉണ്ടായിരുന്നിട്ടും, അതിന് പകരം അധ്വാനരഹിതമായി തന്റെ ആത്മീകമരണത്തിൽ എത്തുന്നു.

15. പ്രകൃതി അവനെ സഹായിക്കുന്നു, തിരുലിഖിതം അവനെ പിന്തുണയ്ക്കുന്നു, തുരുമ്പുപിടിക്കുന്നതിൽ നിന്ന് പിതാവ് അവനെ പൊതിയുന്നു, പുത്രൻ അവന് കൈയിൽ പരിച നൽകുന്നു, പരിശുദ്ധാത്മാവ് പോരാട്ടത്തിൽ അവനെ സഹായിക്കുന്നു.

16. ന്യായാധിപന്റെ വാൾ ഉള്ളിൽ ഭയം നിറയ്ക്കുന്നെങ്കിലും രാജകൽപ്പന ദണ്ഡനഭീഷണി ഉയർത്തുന്നെങ്കിലും, തിരുലിഖിതങ്ങളും മറ്റ് ഗ്രന്ഥങ്ങളും നടുക്കുന്നെങ്കിലും പാതാളത്തിന്റെ ശബ്ദം ഭയപ്പെടുത്തുന്നെങ്കിലും, അവൻ ദുഷ്ക്കർമങ്ങളിലേക്ക് എളുപ്പം വഴുതിവീഴുന്നു.

17. അവൻ തന്റെ അറിവിൽ ശിശുവല്ല, തന്റെ സാമർഥ്യത്തിൽ കാഴ്ചക്കുറവുള്ളവനല്ല, അവന്റെ അറിവിന്റെ അളവ് ചെറുതല്ല. കാരണം, അവൻ കണ്ടുപിടുത്തങ്ങളുടെ ഉറവയാണ്. അവൻതന്നെ സൃഷ്ടിയെ മുഴുവൻ കീഴ്പ്പെടുത്തുന്നു.

18. തന്റെ അതിഹ്രസ്വതയിൽ അവൻ ഒരു ഈയാംപാറ്റയാണ്. തന്റെ ബലഹീനതയിൽ അവൻ ഒരു തടിപ്പുഴുവാണ്. തന്റെ നിസ്സാരതയിൽ അവൻ ഒരു പച്ചവിട്ടിലാണ്. രാജാവിന്റെ കളപ്പുരയിലെ കീടംപോലെ അവൻ സൃഷ്ടിയെ ദ്രവിപ്പിക്കുന്നു.

19. അവൻ മലകളെപ്പറ്റി പര്യവേക്ഷണം നടത്തുന്നു. നദികളെ കൊള്ള

www.malankaralibrary.com

www.malankaralibrary.com

പസ്ഥമാണ്. സഭ മാത്രം അവന് അകലെയാണ്. എടുക്കാനായി അവൻ തന്നെ കൈ നീട്ടുന്നു; ദാനത്തിനു മാത്രം അത് നീളം കുറഞ്ഞതാണ്.

29. താൻ പരിചയസമ്പത്തില്ലാത്തവനാണെന്ന് അവൻ കരുതിയാൽ, അത് വിശ്വസനീയമല്ല. കാരണം, നിന്നെ കബളിപ്പിക്കാനായി അവൻ നിഷ്ക്കളങ്കനാണെന്ന് ഭാവിക്കുകയാണ്. ഇതാ, മാറ്റത്തിനു വിധേയമായ സൃഷ്ടികളെപ്പറ്റി അനുഭവത്തിലൂടെ അവൻ ഗ്രഹിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നെന്ന് അവനെ ഖണ്ഡിച്ചുകൊണ്ട് സർജ്ഞാനി പറയുന്നു.

30. "ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദങ്ങൾ വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം"[96]. എപ്പോൾ അത്യുഷ്ണമുണ്ടാകും, എപ്പോൾ മഴയുണ്ടാകും, എപ്പോൾ നല്ല കാലാവസ്ഥയുണ്ടാകും എന്നൊക്കെ അവൻ പ്രവചിക്കുന്നു.

31. വീണ്ടും, സൃഷ്ടിയെ പരിശോധനാവിധേയമാക്കാനും സ്രഷ്ടാവിന് പരിധി കൽപ്പിക്കാനും കഴിയും എന്നപോലെ, തന്റെ സ്രഷ്ടാവിനേക്കാൾ കൂടുതലായി അറിവിൽ മികച്ചു നിൽക്കാൻ ആഗ്രഹിക്കുന്നു എന്നത് മറ്റൊരു കയ്പ്പേറിയ സംഗതിയാണ്.

32. വൃക്ഷത്തിലൂടെ തന്റെ സ്രഷ്ടാവിനേക്കാൾ വലിയവനാകാൻ ആദം ആഗ്രഹിച്ചു. തന്റെ അന്വേഷണത്തേക്കാൾ വലിയവനായിരിക്കാൻ അവസാനത്തവർ ഇപ്പോൾ ആഗ്രഹിക്കുന്നു. അന്ത്യം ആരംഭത്തിനു തുല്യമാണ്. അതുകൊണ്ട് അവന്റെ വരവ് വാതിൽക്കൽ നിൽക്കുന്നു.

33. ആദത്തോട് അനുകമ്പ തോന്നുകയും അവന് അനുതാപത്തിനുള്ള അവസരം നൽകുകയും ചെയ്ത ദൈവം നമ്മുടെ അനുതാപത്തിനുള്ള കവാടവും തുറന്നിട്ടു. നമ്മുടെ കടങ്ങൾ പൊറുക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 46

## "പുതിയ മനുഷ്യൻ" എന്ന രീതി (1)

1. അസാധ്യമായവ എപ്പോഴെങ്കിലും പരിശോധനാവിഷയമാക്കുന്നതിന് ദുഷ്ടൻ നമ്മെ പ്രേരിപ്പിക്കുന്നു. അതു വിശ്വസനീയമായും തോന്നാം. അതിന്റെ സൗന്ദര്യം പരിശോധനാവിഷയമാക്കപ്പെടുമ്പോൾ, അത് ഉൾക്കൊ

96. ലൂ. 12,55.

www.malankaralibrary.com

www.malankaralibrary.com

8. ആദം പാപം ചെയ്തപ്പോൾ സർപ്പമായിരുന്നു അവന്റെ വാദി; അവൻ പാപം ചെയ്തശേഷം നീതിമാൻ അവനെ വിധിച്ചു. താൻ നഗ്നനാണെന്ന് കണ്ടപ്പോൾ, താൻ തെറ്റുകാരനാണെന്ന് അറിഞ്ഞതുപോലെ, മോഷ്ടിച്ച പഴം ഭക്ഷിച്ചപ്പോൾ അവൻ ഒളിച്ചിരുന്നു.[97]

9. ആദം നമുക്ക് സദൃശ്യനായിരിക്കുന്നതുപോലെ, നാം ആദത്തിന് സദൃശ്യരാണ്. അവൻ ഒളിച്ചിരുന്നതുപോലെ, നാം ആദത്തിന് സദൃശ്യരാണ്. കായേൻ ഒളിച്ചിരുന്നു, ആഖാർ ഒളിച്ചുവച്ചു,[98] ഗേഹാസി ഒളിച്ചുവച്ചു,[99] യൂദാസ് ഒളിച്ചുവച്ചു. നമ്മെ കുറ്റക്കാരായി വിധിച്ച ന്യായാധിപൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. ഹവ്വായ്ക്ക് സ്വർഗീയശോഭയും സർപ്പത്തിന് നിന്ദ്യതയും ഉണ്ടായിരുന്നു. അവൾ പരിശോധിക്കുകയും പരീക്ഷണത്തിന്റെ തീച്ചൂളയിൽ ഖണ്ഡിക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നിട്ടും ശോഭയേറിയ ഹവ്വാ നിന്ദ്യനും നികൃഷ്ടനുമായ സർപ്പത്തെ എതിർത്തു സംസാരിക്കാൻ കൂട്ടാക്കിയില്ല.

11. ഉന്നതദൂതനെ ഭയക്കാതെ ചോദിക്കുകയും വിറയ്ക്കാതെ അവനെക്കൊണ്ട് ഉത്തരം പറയിക്കുകയും ചെയ്ത മറിയത്തിൽ നാം അത്ഭുതസ്തബ്ധരാകണം. നിന്ദ്യനും പാദരഹിതനുമായ സർപ്പത്തോട് ഒരിക്കലെങ്കിലും ചോദിക്കാൻ ഹവ്വാ മെനക്കെട്ടില്ല. ദാസി ഗബ്രിയേലിനെതിരെ സംശയം ഉന്നയിച്ചു.

12. സജീവന്റെ പുത്രനെപ്പറ്റി പരിശോധിക്കാനല്ല മറിയം ആരാഞ്ഞത്. താൻ അറിഞ്ഞിട്ടില്ലാത്ത മർത്യനെ പറ്റിയാണ് അവൾ ചോദിച്ചത്[100]. എളുപ്പം വിശദീകരിക്കാവുന്ന കാര്യങ്ങളെപ്പറ്റിയാണ് ആ സത്യസന്ധനോട് മറിയം ചോദിച്ചത്. എന്നാൽ ഹവ്വായാകട്ടെ, ആ നുണയനിൽ നിന്ന് എല്ലാ അസാധ്യകാര്യങ്ങളും വിശ്വാസപൂർവം സ്വീകരിച്ചു.

13. വിവേകരഹിതയായ മാതാവാണ് നമ്മുടെ വേദനയുടെ ഉറവിടം. വിവേകവതിയായ സഹോദരിയാണ് നമ്മുടെ സമാധാനനിക്ഷേപം. മനുഷ്യൻ ചോദ്യം ചെയ്യേണ്ടിയിരുന്ന സർപ്പത്തെ അവൻ പരിശോധനാവിധേയനാക്കിയില്ല. എന്നാൽ മനുഷ്യൻ വിശ്വാസം അർപ്പിക്കേണ്ട ക്രിസ്തുവിനെ അവൻ പരിശോധിക്കുന്നു.

---

97. ഉൽപ. 3,7.8

98. ജോഷ്വാ, 7,20f.

99. 2രാജാ. 5,24. 100. ലൂ.1,34.

www.malankaralibrary.com

www.malankaralibrary.com

7. നിന്നെ മറ്റൊരുവനാണ് അയച്ചതെങ്കിൽ, അവന് അപമാനം തിരികെ കൊണ്ടുക്കൊടുക്കുക. കാരണം, അവൻ സ്വതന്ത്രനെ ഉപേക്ഷിച്ചു. അവൻ ഞങ്ങളുടെ സഹദാസനായിത്തീർന്നു. അവന്റെ കൂട്ടുകുറ്റവാളി മൃഗത്തിന്റെ ബന്ധുവായിത്തീർന്നു. നിന്റെ സഖി–നീയും അവനും–വാഹന മൃഗമാണെന്നുള്ളത് സുസ്പഷ്ടമാണ്.

8. കൊള്ളാം, ആദത്തിനെതിരെ നിന്നെ ത്രാസിന്റെ തട്ടത്തിൽ തൂക്കി നോക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ഒരു മൃഗത്തെ ഒരു മനുഷ്യനുമായി താരതമ്യപ്പെടുത്താൻ തുനിഞ്ഞാൽ, ആദത്തേക്കാൾ വളരെ ചെറുപ്പമായ നിന്റെ നാമം നിന്നെ ഖണ്ഡിക്കും.

9. മൃഗങ്ങളേക്കാൾ ആദത്തെ പ്രായമുള്ളവനാക്കാൻ, മൃഗങ്ങൾക്ക് അവയുടെ പേര് നൽകാൻ ദൈവം ആദത്തിന് സർവാധികാരം നൽകി. കാരണം, പിതാക്കന്മാർക്ക് മക്കളല്ല പേര് നൽകുന്നത്, പിന്നെയോ, മക്കൾക്ക് പിതാക്കന്മാരാണ് പേര് നൽകുക.

10. ദൈവം തന്റെ സത്തയാൽ[102] എല്ലാറ്റിനും മുമ്പനാകയാൽ, സമസ്ത സൃഷ്ടികൾക്കും പേര് നൽകി; ഈ പേര് നൽകലിൽ അവസാനം രൂപീകൃതമായവനും ഭാഗഭാഗിത്വം നൽകി. അങ്ങനെ മുതിർന്നവൻ എന്ന നിലയിൽ അവൻ എല്ലാ മൃഗങ്ങൾക്കും പേര് നൽകിയതിനാൽ അവൻ എല്ലാറ്റിനേക്കാളും പ്രായമുള്ളവനായി.

11. മനുഷ്യൻ ദൈവത്തിന്റെ അവസാനത്തേതും മുന്തിയതുമായ സൃഷ്ടിയാണ്. സൃഷ്ടിയിൽ അവനാണ് അവസാനത്തേത്. ബഹുമാനത്തിൽ അവനാണ് മുന്തിയവൻ. ശാരീരികാസ്തിത്വത്തിലൂടെ അവനു മുമ്പുണ്ടായിരുന്ന ആദ്യജീവികൾ, നാമകരണത്തിലൂടെ അവസാനത്തെ പിൽക്കാല ജീവികളായിത്തീർന്നു.

12. സർപ്പമേ, എന്തുകൊണ്ടാണ് ആദംമാത്രം ഹവ്വായ്ക്കും മൃഗങ്ങൾക്കും പേരുനൽകിയത്? മറ്റുസൃഷ്ടികൾ എന്തുകൊണ്ടാണ് പേര് നൽകാഞ്ഞത്? ആകാശവും ഭൂമിയും പറുദീസായും ആദവുമായി പോരാട്ടത്തിൽ ആയിരുന്നില്ല, കാരണം, സൃഷ്ടി തിന്മയല്ലായിരുന്നു.

13. ഇപ്രകാരം സ്രഷ്ടാവ് സൃഷ്ടിക്ക് പേര് നൽകി; മൃഗങ്ങളുടെ പേരുകൾ അവൻ ദാസന് വിട്ടുകൊടുത്തു. ഹവ്വായുടെയും പാമ്പിന്റെയും നാമങ്ങൾ അവൻ തന്നെ കൊടുത്തു എന്നും അവനെ അവ വഴിതെറ്റിക്കാതിരിക്കാൻ അവൻ തന്നെ കൂട്ടിച്ചേർത്തെന്നും അവൻ ചിന്തിക്കാൻ വേണ്ടിയായിരുന്നിത്.

---

102. ഈസൂസാ.

www.malankaralibrary.com

www.malankaralibrary.com

മരത്തെ പരിഗണിക്കുന്നെങ്കിൽ, അവർക്കിടയിൽ അസ്തിത്വം എന്ന നാമമി ല്ലെന്നും മറ്റൊരു ദൈവികശക്തിയില്ലെന്നും, ദൈവം നൽകിയതും അതു പോലെ ആദം നൽകിയതുമായ നാമം പഠിപ്പിക്കുന്നു. പാഷണ്ഡികൾ സൃഷ്ടികൾക്ക് നവനാമങ്ങൾ നൽകിയിരിക്കുന്നു.

6. പാഷണ്ഡികളോട് ഇപ്രകാരം ആരായാം: നീതിമാൻ അസ്തിത്വ നാമങ്ങൾ വെളിപ്പെടുത്താതെ മറച്ചുവച്ചെങ്കിൽ, അവ വെളിപ്പെടുത്താൻ ആർക്കു കഴിയും? നീതിമാൻ അവ മറച്ചുവയ്ക്കാനിടയില്ല. കാരണം, അവ അവന് അപമാനകരമല്ല. അപമാനകരമാണെങ്കിൽ, പാഷണ്ഡികൾ പരാജിതരായിരിക്കുന്നു.

7. നമ്മുടെ രക്ഷകനിൽ അഭിമാനിച്ചുകൊണ്ട്, ഇല്ലാത്ത സത്തകളുടെ പേരുകളിൽ ഒന്ന് അവിടുന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നതെന്ന് നമുക്ക് കാണാം. ഇല്ലാത്ത സത്തകളുടെ പേരുകൾ ഗ്രീക്കുകാരിൽ നിന്നാണ് പാഷ ണ്ഡികൾ പഠിച്ചിരിക്കുന്നത്. അവ തിരുലിഖിതത്തിൽ കാണുകയില്ല.

8. വഞ്ചനയുടെ സ്വരം ഭയപ്പെടുത്തുന്നതും അതിന്റെ വാക്കുകൾ അമ്പ രപ്പിക്കുന്നതുമാണ്. ഓരോ നാഴികയിലും അതിന്റെ മുഖഭാവം മാറുന്നു. വലയുണ്ടാക്കി കുരുക്കു വയ്ക്കുന്നവൻ നിരീക്ഷകന്റെ കണ്ണുകളിലേക്ക് നോക്കുകയും അനുകൂല നാഴിക കാത്തിരിക്കുകയും ചെയ്യുന്നു. അവന്റെ ഭയം അവന്റെ അപരാധം ഉച്ചത്തിൽ വിളിച്ചുപറയുന്നു.

9. ഇതാ, ചോദ്യം ചെയ്യാതെ അവൾ നുണയനെ വിശ്വസിച്ചു. നുണ യനെ സത്യവാനായി സ്വീകരിച്ചു. സൂത്രക്കാരനെ ശ്രവിച്ചു. അവൾ ഒരടയാ ളമോ, തെളിവോ, സാക്ഷ്യമോ ആവശ്യപ്പെട്ടില്ല. തന്റെ സത്യത്തിന്റെ എണ്ണ മറ്റ സാക്ഷ്യങ്ങൾ നിരത്തിവച്ച നല്ലവനെ അവർ നുണയനായി കരുതി.

10. ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും സ്രഷ്ടാവിന്റെ സാക്ഷികളാണ്. അവ അവന്റെ കൃപയെ പ്രകീർത്തിക്കുന്നു. ആ ദാതാവിന്റെ അറിയിപ്പുകാരനെപ്പോലെയാണ് പറുദീസാ. സമസ്ത സൃഷ്ടികളെയും അവി ടുന്ന് ആദത്തിന് സൗജന്യമായി സമ്മാനിച്ചു. എന്നാൽ അവൻ പാപം ചെയ്യാൻ തുനിഞ്ഞിറങ്ങി.

11. ആദാം ഇത്രയധികം ഉയർത്തപ്പെട്ടതിൽ ദുഷ്ടൻ അസൂയാലുവായി. ദാതാവിന്റെ ഭാവത്തിൽ കള്ളനെപ്പോലെ അവൻ അവനെ കൊള്ളയടിച്ചു. അവന്റെ സമ്മാനത്തിൽ മുള്ളുകളും വേദനകളും വിയർപ്പും പ്രയത്നവും അപമാനത്തിന്റെ ഇലകളും മനസ്സാക്ഷിക്കുത്തും മറഞ്ഞിരുന്നു.

12. തന്നോട് ചോദിച്ചവന് അപ്പത്തിനു പകരം ഒരു കല്ല്, മീനിനു പകരം ഒരു പാമ്പ്, മുട്ടയ്ക്ക് പകരം ഒരു തേൾ എന്നിവ അവൻ നീട്ടിക്കൊ

www.malankaralibrary.com

www.malankaralibrary.com

പുതിയ കാതിനുള്ളിൽ ജീവൻ കടക്കുകയും അവിടെനിന്ന് പുറത്തേക്ക് പ്രവഹിക്കുകയും ചെയ്തു.

8. ഒരു മരം മരണഹേതു ആയതുപോലെ മറ്റൊരു മരം ജീവന്റെ ഹേതു ആയിത്തീർന്നു. കാരണം, ഒന്നിൽ മരണം വിജയിച്ചു, മറ്റതിൽ ജീവൻ പ്രകാശിച്ചു.

9. ക്രിസ്തുരഹസ്യത്തിൽ ഹാനോക്കും ഏലിയായും ആദ്യമായി ജീവൻ കണ്ടെത്തി. അവർ പറുദീസായിലേക്ക് ആനയിക്കപ്പെടുകയും അവിടേക്ക് എടുക്കപ്പെടുകയും ചെയ്തു. രണ്ടുവിജയികൾ അതിലേക്ക് കടന്നു, രണ്ടു പരാജിതർ അതിൽ നിന്ന് പുറപ്പെട്ടുപോയി.

10. പറുദീസായിൽ പരാജയപ്പെട്ട രണ്ടുപേരേ രണ്ടുപേർ കുറ്റപ്പെടുത്താനായി ജേതാക്കളായ ഇരട്ടകൾ പറുദീസായിലേക്ക് പ്രവേശിച്ചു. രണ്ടുപേർ രണ്ടുപേരുടെ - കുട്ടികൾ മാതാപിതാക്കളുടെ - വിധികർത്താക്കളാകേണ്ടിയിരുന്നു.

11. തന്റെ ഭാര്യയെ ശ്രവിച്ചതിനാൽ ആദം പരാജയപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. സംശുദ്ധരായിരുന്നതിനാൽ വിജയികളെപ്പോലെ രണ്ടുപേർ അതിൽ പ്രവേശിച്ചു. ഏലിയാ തന്റെ ബ്രഹ്മചര്യത്താലും ഹാനോക്ക് തന്റെ സംയമനത്താലും!

12. ആദം പരാജയപ്പെട്ട പടച്ചട്ടയാൽ തന്നെ അവർ കീഴടക്കി. തന്റെ സ്വന്തം ആയുധ സജ്ജീകരണത്താൽ പരാജിതനായവനെ കൊണ്ടുചെന്നെത്തിച്ചത് ബലഹീനതയല്ല; പിന്നെയോ, അവരെ ആയുധം ധരിപ്പിക്കുകയും വിജയികളാക്കുകയും ചെയ്തവനാണ്.

13. നിത്യാവകാശം ജറുസലേമിലാണെന്ന് മയമില്ലാതെ അഭിപ്രായപ്പെടുന്ന വിഡ്ഢികളായ യൂദരുടെ അഹന്തയെ ഖണ്ഡിക്കാൻ ജീവന്റെ ഉദ്യാനത്തിലേക്ക് ഏലിയാ ആനയിക്കപ്പെട്ടു.

14. വാഗ്ദാനഭൂമി ആ അദൃശ്യോദ്യാനത്തിന്റെ കണ്ണാടിക്ക് തുല്യമാണ്. മൂലരൂപത്തിനുപകരം പ്രതിരൂപവും യാഥാർഥ്യത്തിനു പകരം പകർപ്പും ആരാണ് കാംക്ഷിക്കുക!

15. തങ്ങൾക്ക് അമ്മയാകാൻ തേനും പാലും ഒഴുകുന്ന ആ നാടിനെ പാർത്തിരിക്കുന്ന പരിച്ഛേദിതർ ശിശുക്കളെപ്പോലെ ജീവിക്കുന്നു. വളർത്തമ്മയെ നോക്കിയിരിക്കുന്ന കൊച്ചുകുട്ടികൾക്ക് സമമാണവർ!

16. എന്നാൽ പരിപൂർണർ ജീവന്റെ ഉദ്യാനം പാർത്തിരിക്കുന്നു. സജീവന്റെ പുത്രന്റെ പ്രതീകമായ ജീവവൃക്ഷം അതിൽ നിൽക്കുന്നു. അത് വിജനമാക്കപ്പെട്ട ആ ജറുസലേം പോലെ തകർന്നടിയുന്നില്ല.

www.malankaralibrary.com

www.malankaralibrary.com

അവകാശത്തിലേക്ക് അവൻ കയറി എന്നതിൽ അവൻ നിമിത്തം ആദം സമാശ്വസിപ്പിക്കപ്പെട്ടു.

3. താൻ ആട്ടിപ്പുറത്താക്കപ്പെട്ടെങ്കിലും, തന്റെ മക്കൾ സന്തോഷപൂർവം പ്രവേശിച്ചത് കാണാൻ ഇടയായതിൽ നമ്മുടെ പിതാവായ ആദം സന്തോഷിച്ചു. തന്റെ പുത്രനിൽ അവൻ ലജ്ജിതനായി. തന്റെ പുത്രനിൽ അവൻ സമാശ്വസിപ്പിക്കപ്പെട്ടു.

4. പറുദീസായിൽ പ്രവേശിച്ച് അവകാശത്തിലേക്ക് കടന്ന ഹാനോക്കിൽ ആദം സമാശ്വസിപ്പിക്കപ്പെടാനായി, അവൻ മരിക്കാൻ നിശ്ചയിക്കപ്പെട്ട ദിനത്തിൽ തന്നെ  മരിക്കാതിരിക്കാൻ മരണവിധി അഴിച്ച ആ കാരുണ്യവാൻ അവനെ ജീവനിൽ കാത്തു പരിപാലിച്ചു.

5. ആദം ഈ കൃപ രുചിച്ചുനോക്കുകയും മറ്റൊരു ഹവ്വായിലൂടെ തനിക്കും പ്രവേശിക്കാനാകുമെന്ന് തിരിച്ചറിയുകയും ചെയ്തു. തനിക്ക് പ്രത്യാശ ഉണ്ടായിരിക്കണമെന്നും തന്റെ അവകാശത്തിലേക്ക് തിരികെ കയറുമെന്നും അവൻ കണ്ടു.

6. പറുദീസായുടെ താക്കോൽ കരുണാപൂർവം തന്റെ പക്കൽ തന്നെ ഒളിച്ചുവയ്ക്കുകയും തോട്ടക്കാരന്റെ സാദൃശ്യത്തിൽ അതു തുറന്ന് തന്നെ അകത്തുകടത്തുകയും ചെയ്യുന്ന തന്റെ രക്ഷകന്റെ പ്രതീകം ആദം ഹാനോക്കിൽ ദർശിച്ചു.

7. ഹാനോക്ക് പറുദീസായുടെ ഉള്ളിലേക്ക് കടന്നപ്പോൾ നീതിയിലൂടെ ജീവനും കൃപയിലൂടെ ഔന്നത്യവും കണ്ടെത്താൻ, നീതിയും കൃപയും അവനെ ആ ജീവവൃക്ഷത്തിലേക്ക് നയിച്ചു.

8. ആ ജീവവൃക്ഷം കൂടാതെ ജീവൻ കണ്ടെത്താൻ ഹാനോക്കിന് കഴിഞ്ഞില്ലെങ്കിൽ, എല്ലാറ്റിനെയും ജീവിപ്പിക്കുന്ന ദൈവത്തിന്റെ സജീവ പുത്രനെ കൂടാതെ ജീവൻ കണ്ടെത്താൻ ആർക്കു കഴിയും?

9. നീതിപൂർവമല്ലാതെ തന്റെ അധ്വാനത്തിന് അനുസൃതമായ പ്രതിഫലം പ്രാപിക്കാൻ ആർക്കുമാവില്ല. കൃപയാലല്ലാതെ തന്റെ അധ്വാനത്തേക്കാൾ കൂടുതലായ പ്രതിഫലം പ്രാപിക്കാൻ ആർക്കുമാവില്ല.

10. സ്വർഗസമ്മാനം നീതിപൂർവം ലഭിക്കാനും സൗജന്യമായിട്ടല്ലാതെ ലഭിക്കാനും ആരുടെ അധ്വാനമാണ് മതിയായത്? നീതിപൂർവം ഒരു തുള്ളിക്കേ അവന് അവകാശമുള്ളു. ബാക്കിയുള്ളവയൊക്കെ കൃപയാലാണ് ലഭിക്കുക.

11. നീതിമാന്റെ അധ്വാനം അളവില്ലാത്ത സമ്പത്തു നൽകാൻ ദാതാവിന് അവസരം നൽകുന്നു. അവൻ എല്ലാവർക്കും ഇപ്രകാരം കൂട്ടിച്ചേർത്തു

www.malankaralibrary.com

www.malankaralibrary.com

2. പേടകത്തിലെ സമാധാനവാസം വന്നുകാണുന്നവൻ ഭാഗ്യവാൻ! സിംഹവും കാളയും, ആട്ടിൻകുട്ടിയും ചെന്നായും പരസ്പരം സമാധാനത്തിൽ കഴിയുന്നു. സർപ്പം പ്രാവിന്റെ അയൽക്കാരനും കുരുവി കഴുകന്റെ സമീപസ്ഥനുമാണ്. അവയുടെ ദുഷ്ടത സ്വാഭാവികമല്ലെന്ന് അവ പഠിപ്പിക്കുന്നു.

3. കടന്നുവന്ന് സഭയിൽ സമാധാനമുള്ള ഇടവകകളെ കാണാൻ കഴിയുന്നവൻ ഭാഗ്യവാൻ! ദൈവകൃപ അഹന്തയും ഭിന്നിപ്പും നീക്കി ദൂരെയകറ്റട്ടെ. പുരുഷൻ തന്റെ കൂടെയുള്ളവന്റെ സഖിയായിരിക്കട്ടെ. സ്ത്രീ സഹോദരിയും കൂടെ ഭാരം ചുമക്കുന്ന സഖിയുമായിരിക്കട്ടെ. സമാധാനത്തിന്റെ കണ്ണാടിയായ യോജിപ്പ് നമ്മുടെ ഇടയിൽ പ്രകാശിക്കട്ടെ. പേടകത്തിലെ വ്യക്തമായ പ്രതീകം നമ്മുടെ മുമ്പിൽ അവതരിപ്പിച്ച വ്യക്തതയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. നീസാൻമാസത്തെ മൂന്നു മനോഹാരിതകൾ കാണുക ആശ്ചര്യകരമാണ്. ഏകജാതന്റെ ഉത്ഥാനത്തിൽ അവ ഒരുപോലെ ശോഭായമാനമായി പ്രശോഭിക്കുന്നു. നീസാനുമുമ്പ് ഹർഷാരവം മുഴക്കാൻ ധര പൂക്കളുടെ നിറം ധരിക്കുന്നു, വായു കിളികളുടെ നിറം ധരിക്കുന്നു, സന്തുഷ്ട കിരണങ്ങളാൽ ആകാശം നിറയുന്നു. തന്റെ ക്രൂശാരോഹണത്താൽ ദുഃഖം ധരിച്ചവർ തന്റെ ഉത്ഥാനദിവസം മഹത്വവസ്ത്രം ധരിക്കുന്നു.

5. ദിവസങ്ങളുടെ അദൃശ്യ ഉറവിടവും മാസങ്ങളുടെയെല്ലാം മാതാവുമായ വർഷവും മണിക്കൂറുകളും സമയങ്ങളും നാഴികകളും പുത്രനെ ബഹുമാനിക്കുന്നു. മാസങ്ങളുടെ നാഥനെ മാസങ്ങൾ ബഹുമാനിക്കുന്നു. റാഹേൽ യാക്കോബിൽ ജോസഫിനെ ബഹുമാനിച്ചതുപോലെ, ആണ്ടുവട്ടം പ്രിയസുതനായ നീസാൻ മാസത്തിലൂടെ അവനെ ബഹുമാനിക്കുന്നു. അവൻ പുത്രന്റെ പ്രതീകം ആയിരുന്നതിനാൽ, ആണ്ടിന്റെ രാജാക്കന്മാരായ സൂര്യനും ചന്ദ്രനും അവനെ ബഹുമാനിച്ചു.

6. നീസാൻ മാസത്തിലെ പൗർണമിനാളിൽ ഈജിപ്തിൽ കുഞ്ഞാട് വിജയിക്കുകയും അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്തു. അഗ്നിത്തൂണും മേഘത്തൂണും ജനത്തിന് മുമ്പിൽ തിളങ്ങി പ്രകാശിച്ചു. നീസാൻ മാസത്തിലെ പൗർണമിയുടെ അവസരം സത്യകുഞ്ഞാടിന്റെ മരണം ശോഭായമാനമായ സൂര്യൻ വിളംബരം ചെയ്തു. കാരണം, നന്ദിയില്ലാത്തവർ തെറ്റായി നീതിയുടെ കടംവീട്ടി. അവിടെ അവൻ കടൽ പിളർത്തി. അതിനു പകരം പരിശുദ്ധാത്മാവ് ദൈവാലയത്തിന്റെ വാതിൽമറ ഇപ്പോൾ കീറിക്കളഞ്ഞു.

7. രണ്ട് കുഞ്ഞാടുകളും ഈജിപ്തിലെയും സീയോനിലെയും പെസഹാകളും പരസ്പര വിപരീതങ്ങളായിത്തീർന്നു. ഈജിപ്തിലെ ആ പെസഹായാൽ വിജാതിയർ മുങ്ങിച്ചാകുകയും എബ്രായർ രക്ഷിക്കപ്പെടുകയും

www.malankaralibrary.com

www.malankaralibrary.com

3. ധനവാനിൽ നിന്ന് അവൻ ഒരു സ്വർണ നാണയത്തുട്ട് ആവശ്യപ്പെടുന്നില്ല. ദരിദ്രനിൽനിന്ന് ഒരു താലന്ത് വെള്ളിയും ആവശ്യപ്പെടുന്നില്ല. ശക്തനിൽ നിന്ന് ഒരു താലന്ത് ലഭിക്കാൻ അവൻ താൽപ്പര്യപ്പെടുന്നു. താണ ദരിദ്രനിൽ നിന്നുള്ള ചില്ലിക്കാശാണെങ്കിൽ പോലും അതും സ്വീകരിക്കുന്നു. ധനവാൻ അൽപമാത്രമായി അർപ്പിച്ചാൽപോലും അവനത് അവഗണിച്ചിട്ട് സന്തോഷപൂർവം ആ അർപ്പണം സ്വീകരിക്കുന്നു. കാരണം, സ്നേഹത്തിൽ നിന്നാണ് അവൻ ആ നിസ്സാരത അർപ്പിച്ചതെന്ന് അവനറിയാം.

4. പിശാചുക്കൾക്ക്.... അർപ്പിച്ചപ്പോൾ ഇസ്രായേൽക്കാർക്ക് എങ്ങനെ തങ്ങളുടെ അർപ്പണത്തിൽ വഴിതെറ്റിയെന്ന് അവൻ കണ്ടു. അവരറിയാതെ അവനവരെ വിവേകപൂർവം വഴി നടത്തി. അർപ്പണം താൻ ആഗ്രഹിച്ചതാണെന്ന് അവനവരെ വിശ്വസിപ്പിച്ചു. തങ്ങളുടെ അർപ്പണരക്തത്താൽ അവർ അവന്റെ വിശുദ്ധിയെ മലിനമാക്കി. ചലമൊഴുകുന്ന അവരുടെ വ്രണം സുഖമാക്കാനായി തന്റെ പരിശുദ്ധി അതിലേക്ക് കുനിച്ച സംശുദ്ധവൈദ്യനായി അവൻ അവരുടെ അശുദ്ധി സഹിച്ചു.

5. അശുദ്ധപിശാചുക്കൾക്ക് അർപ്പണംകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഭക്ഷിക്കത്തക്കവിധം അവർക്ക് വിശക്കുന്നില്ല. കാരണം, വിശപ്പിന് ഉപരിസ്ഥമായ പ്രകൃതിയാണ് അവർക്കുള്ളത്. മനുഷ്യനിൽ ആധിപത്യം ഉറപ്പിക്കാനും അവനെ അടിമയാക്കി അവന്റെ നാഥനായിരിക്കാനുമാണ് അവന് വിശക്കുന്നത്. അതുപോലെ അർപ്പകരുടെ അർപ്പണത്തിലൂടെ നല്ലവൻ വിജാതിയത്വം അവരിൽ നിന്ന് അകറ്റി നിർത്തുന്നു.

6. എല്ലാ വേദനകൾക്കും ഉപകരിക്കുന്ന മരുന്നുകൾക്ക് തുല്യമാണ് ദൈവത്തിന്റെ മൊഴികൾ! അവ അവയുടെ നിറങ്ങളാൽ പരസ്പരം വ്യത്യസ്തങ്ങളാണ്. അവയുടെ സൗഖ്യദായകശക്തിയാൽ അവ പരസ്പരം ബന്ധിതമാണ്. ദൈവികമൊഴികളിൽ നമ്മുടെ കലഹത്തിലൂടെ തർക്കം അവതരിപ്പിച്ചത് നമ്മൾ മാത്രമാണ്. അങ്ങനെ അവ നമ്മുടെ വായിൽ തർക്കിക്കുന്നു. ഇതാ, കലഹപ്രിയരുടെ വായിൽ തിരുലിഖിതമൊഴികൾ പരസ്പരം തർക്കിക്കുന്നു.

7. കമ്പിളിയുടെ നിറവും മാറ്റത്തിന് വിധേയമാണ്. എന്നാൽ അതിനു വിപരീതമായി സത്യസത്തയ്ക്ക് മാറ്റമില്ല! അത് എല്ലാ നിറങ്ങളും എടുക്കുന്നതുകൊണ്ടും, നിറങ്ങൾ നിമിത്തവും അതിന് അതിന്റെ പ്രകൃതി നഷ്ടപ്പെടുന്നില്ല. അത് ഏകമാണ്, എന്നാൽ ഏകമല്ല. കാരണം, അതിന്റെ നിറം നിമിത്തം അത് ബഹുത്വമായിത്തീരുന്നു. അതിന്റെ യഥാർഥസത്ത നിമിത്തം അത് ഏകമാണ്. കാരണം, അതിന് ഒരേയൊരു ക്നോമായേയുള്ളൂ. എല്ലാ ശബ്ദങ്ങളിലും സത്യം സംസാരിക്കപ്പെടുന്നു. എന്നാൽ അതിന്റെ സത്യസത്ത നിമിത്തം അത് ഏകമായി സ്ഥിതിചെയ്യുന്നു.

www.malankaralibrary.com

www.malankaralibrary.com

ബി. നിഗൂഢമായവ വെളിവാക്കപ്പെടുന്ന നാളിൽ ഓരോ മനുഷ്യനും തന്റെ ചെയ്തികൾ ന്യായാധിപന്റെ പക്കൽ കൊണ്ടുവരുമ്പോൾ, നിന്റെ കൃപ എന്റെ മാലിന്യം മൂടണമെ. സംശുദ്ധരും നീതിമാന്മാരും അവരുടെ കാമ്യമായ വിജയം കരസ്ഥമാക്കും. അശുദ്ധരും പാപികളും അവരുടെ സഖികളോടുകൂടെ നിന്ദ്യമായ മാലിന്യം വഹിക്കും. എന്റെ വത്സലരേ, നാമെല്ലാവരും നമുക്കെല്ലാവർക്കും വേണ്ടി പ്രാർഥിക്കണം.

സി. ദൈവം പാപിയായ ആദത്തിന്റെ കണ്ണുകൾക്ക് അവന്റെ ശാരീരിക നഗ്നത കാട്ടിക്കൊടുത്തു. നീതിമാന്മാരുടെ കണ്ണുകൾക്ക് ആത്മാവിന്റെ നഗ്നത കാട്ടിക്കൊടുക്കും. മോശ വിജയമാലയും ലജ്ജയും കണ്ടതുപോലെ, നാം നമ്മുടെ നിഗൂഢത കാണും. കാരണം, ജോസഫ് എങ്ങനെ വിജയിച്ചെന്നും അവന്റെ പ്രഭ്വി എങ്ങനെ പരാജിതയായെന്നും അവൻ ആത്മാവിൽ ദർശിക്കുകയും മണവറയിൽ കാണുകയും ചെയ്തു. ഓരോ മനുഷ്യനും വസ്ത്രംപോലെ തന്റെ നിഗൂഢതകൾ വഹിക്കേണ്ടിവരും.

ഡി. നമ്മുടെ മുമ്പിലുള്ള ഒരു ദൃഷ്ടാന്തത്താൽ മനുഷ്യർ ഇക്കാര്യത്തിൽ നമ്മെ വിശ്വസിക്കാൻ ഇടയാകട്ടെ. ശാഖകളുടെ ഉള്ളിൽ അദൃശ്യമായിരിക്കുന്ന പഴങ്ങളെ ശാഖകൾ തന്നെ വെളിപ്പെടുത്തുന്നു. ഓ, മഹാപ്രതീകം. മരത്തിനിടയിൽ മറഞ്ഞിരുന്ന ഫലങ്ങളെയെല്ലാം മരം പൂർണമായി പുറത്തേക്ക് കാട്ടുകയും കാഴ്ചക്കാരുടെ മുമ്പിൽ ദൃശ്യമായി തൂക്കിയിടുകയും ചെയ്യുന്നു. എന്റെ വത്സലരേ, ദൃശ്യമായവയിലൂടെ അദൃശ്യമായവ നമുക്ക് ഗ്രഹിക്കാം.

ഇ. ശരീരത്തിൽ നിന്നും നമുക്ക് പഠിക്കുകയും ഒരു വാദം ഉന്നയിക്കുകയും ചെയ്യാം. കാരണം, അതിൽ മറഞ്ഞിരിക്കുന്നവ പലപ്പോഴായിട്ടാണ് കാണപ്പെടാൻ തുടങ്ങുന്നത്. ആദ്യം പല്ലുകൾ, പ്രായപൂർത്തിയിലെത്തുമ്പോൾ വ്രണം, കാലപൂർത്തിയിൽ വാർധക്യം. അതിന്റെ മറഞ്ഞിരുന്ന മാലിന്യവും വീക്കവും ദൃശ്യമാകുന്നു. അകത്തുള്ള പനി വസ്ത്രംപോലെ ശരീരത്തിൽ പ്രത്യക്ഷമാകുന്നു. ശരീരം അതിന്റെ ദൃശ്യതയിലൂടെ, വരാനിരിക്കുന്നതിന്റെ അറിയിപ്പുകാരനാകും.

www.malankaralibrary.com

www.malankaralibrary.com

വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം
ഷില്ലിയിലെ രക്തസാക്ഷികളുടെ  നടപടികൾ
തെർത്തുല്യൻ, പ്രാർഥനയെപ്പറ്റി
ഒരിജൻ, പ്രാർഥനയെപ്പറ്റി
ഒരിജൻ, ഉത്തമഗീതഭാഷ്യം
ഒരിജൻ, ലൂക്കാഭാഷ്യം
യോഹന്നാന്റെ സുവിശേഷം, ഒരിജന്റെ ഭാഷ്യം
അലക്സാണ്ട്രിയയിലെ ക്ലെമെന്റ്, പ്രാർഥനയെപ്പറ്റി
ജറുസലേമിലെ വി. സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ
വി. ജോൺ ക്രിസൊസ്തോം, പ്രാർഥനയെപ്പറ്റി
വി. ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം
വി. ജോൺ ക്രിസൊസ്തോം, ബാബിലാസിന്റെ ചരിത്രം
വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ
വി. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന
വി. ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം
വി. അഗസ്റ്റിൻ, പ്രാർഥനയെപ്പറ്റി
വി. അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ
വി. ബേസിൽ, പ്രാർഥനയെപ്പറ്റി
വി. ജറോം, പ്രാർഥനയെപ്പറ്റി
വി.ജറോം, മഹദ്വ്യക്തികൾ
ജന്നാഡിയുസ്, മഹദ്വ്യക്തികൾ
വി. ജോൺ ഡമഷീൻ, സത്യവിശ്വാസം
ബർ എബ്രായാ, പ്രാർഥനയെപ്പറ്റി
ബർ എബ്രായാ, സഭാചരിത്രം രണ്ടാം ഭാഗം (പൗരസ്ത്യ മഫ്രിയാന്മാരെപ്പറ്റി)
മാർ അഫ്രാത്, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പറുദീസാ ഗീതങ്ങൾ
മാർ അപ്രേം, ഉത്പത്തിഭാഷ്യം
മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ
മാർ അപ്രേം, കന്യാത്വഗീതങ്ങൾ
മാർ അപ്രേം, വിശ്വാസഗീതങ്ങൾ
മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സാറോൺ ഭാഷ്യം)
മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ

www.malankaralibrary.com

www.malankaralibrary.com

സെവുഡോ ഡയനീഷ്യസ്, കൂദാശാഭാഷ്യം
ഗബ്രിയേൽ ഖത്രായാ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കാറ്റലോഗ്
മാർ യേശുദ്നാഹ്, സന്യാസചരിത്രം
മാർ തിമോതി രണ്ടാമൻ, കൂദാശാഭാഷ്യം
അർബേലിലെ ജോർജ് (ഗീവർഗീസ്), കൂദാശാഭാഷ്യം
അബ്രഹാം ബർലീഫേ, കൂദാശാഭാഷ്യം
അപ്പസ്തോലികകാനോനകൾ
മാർ ദാദീശോ ഖത്രായാ, ഏകാന്തജീവിതത്തെപ്പറ്റി (അഞ്ചു ഭാഗങ്ങൾ)
മാർ റാബൂളയുടെ സന്യാസനിയമങ്ങൾ
മാർ അബ്രഹാമിന്റെ സന്യാസനിയമങ്ങൾ
മാർ ദാദീശോയുടെ സന്യാസനിയമങ്ങൾ
മാർ ബാബായിയുടെ സന്യാസനിയമങ്ങൾ
മാർ ഫീലൊക്സീനൂസിന്റെ സന്യാസനിയമങ്ങൾ
മാർ യാക്കോബിന്റെ സന്യാസനിയമങ്ങൾ
മാർ കുറിയാക്കോസിന്റെ സന്യാസനിയമങ്ങൾ
മാർ അപ്രേമിന്റെ സന്യാസനിയമങ്ങൾ
വി. അഗസ്റ്റിൻ, ഗിരിപ്രഭാഷണം (ഗിരിപ്രഭാഷണം, ആഗസ്തീനോസിന്റെ ഭാഷ്യം)
വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷഭാഷ്യം (വി. യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസിന്റെ ഭാഷ്യം).
വി. ജോൺ ക്രിസൊസ്തോം, ശ്ലീഹന്മാരുടെ നടപടികൾ (ശ്ലീഹന്മാരുടെ നടപടികൾ, ജോൺ ക്രിസൊസ്തോമിന്റെ ഭാഷ്യം)

# ഫാദർ ഗീവർഗീസ് ചേടിയത്ത്

മലങ്കര കത്തോലിക്കാസഭയിലെ തിരുവനന്തപുരം അതിരൂപതയിൽ അതിരുങ്കൽ ഇടവകയിൽ പെട്ട ഒരു വൈദികനാണ് ഗീവർഗീസ് ചേടിയത്ത് അച്ചൻ (ജനനം 1945). സി.ജി.ദാനിയേലും(+2004) സാറാമ്മയുമാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ പത്തു മക്കളിൽ മൂത്തയാളാണ് അച്ചൻ. ഇളയ ഒരു സഹോദരനായ ഫാദർ തോമസ് ചേടിയത്ത് കൂടി വൈദികനാണ്. വടവാതൂർ സെമിനരിയിലെ പരിശീലനത്തിനു ശേഷം 1969

www.malankaralibrary.com

www.malankaralibrary.com

സഭക്കാരെ കുറ്റവിമുക്തരാക്കുന്നതിനും അവരെയും സഭൈക്യചർച്ചകളിൽ പങ്കെടുപ്പിക്കുന്നതിനും അച്ചൻ തന്റെ തീസിസിൽ ചെയ്ത ആഹ്വാനം ഫലമണിഞ്ഞു കാണുന്നതിൽ അച്ചന് അഭിമാനിക്കാൻ വകയുണ്ട്.

അതുപോലെ കേരളത്തിലെ കാത്തലിക്-മലങ്കര ഓർത്തഡോക്സ് ഡയോലോഗിലും കാതലിക്-യാക്കോബായാ ഡയലോഗിലും 1989 മുതൽ അടുത്തകാലം വരെയും അച്ചൻ പങ്കെടുത്തു. അച്ചൻ തൊണ്ണൂറോളം പുസ്തകങ്ങളും നൂറ്റമ്പതോളം ലേഖനങ്ങളും രചിച്ചിട്ടുണ്ട്. ചിലതൊക്കെ ജർമൻ, ഫ്രഞ്ച്, ഡച്ച് ഭാഷകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. *ക്രിസ്ത്യൻ ഓറിയന്റ്* എന്ന പ്രസിദ്ധീകരണത്തിന്റെ എക്യൂമെനിസം സെക്ഷൻ കൈകാര്യം ചെയ്യുന്നു. *സ്തൂദിയാ എക്യൂമെനിക്കാ (പോളണ്ട്)*, *ക്രിസ്ത്യൻ ഓറിയന്റ്* (കോട്ടയം), *ഐക്യസമീക്ഷ* (തിരുവനന്തപുരം), എന്നീ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ വരാറുണ്ട്. വടവാതൂർ സെമിനരിയിലെ പ്രസിദ്ധീകരണ വിഭാഗത്തിലാണ് മിക്ക ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നത്. സീരി പ്രസിദ്ധീകരണം (കോട്ടയം), ബഥനി സിസ്റ്റേഴ്സ് പ്രസിദ്ധീകരണം (കോട്ടയം), മലങ്കര സെമിനരിയിലെ എം.എസ്. പ്രസിദ്ധീകരണം (തിരുവനന്തപുരം), എന്നിവയിലും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല പുസ്തകങ്ങളുടേയും ഒന്നിലേറെ പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. വടവാതൂർ സെമിനരി, ഇഗ്നേഷ്യസ് സെന്റർ (പട്ടം), നാലാഞ്ചിറ മേജർ സെമിനരി എന്നിവിടങ്ങളിൽ അച്ചന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്.

## മലയാളം പുസ്തകങ്ങൾ


1. പൈതൃകപ്രബോധനം, അഞ്ചൽ, 1973.
2. പെരുന്നാളുകളും വേദവായനക്കുറിപ്പും, തിരുവനന്തപുരം, 1973.
3. കൂദോശീത്തോ ഞായർ, തിരുവനന്തപുരം, 1973.
4. സഭാപിതാക്കന്മാർ, കോട്ടയം, 1980.
5. മലങ്കരഗീതങ്ങൾ, കോട്ടയം, 1981.
6. ക്രൈസ്തവഗീതങ്ങൾ, കോട്ടയം, 1982.
7. സുറിയാനി സഭാപിതാക്കന്മാർ, കോട്ടയം,1982.
8. വി.ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം,(എഡി.), തിരുവനന്തപുരം, 1982.
9. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന (എഡിറ്റഡ്),കോട്ടയം,1982.
10. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം, കോട്ടയം, 1982.
11. ബൈബിൾ ഗീതങ്ങൾ,കോട്ടയം,1983.
12. മാർ തോമായുടെ ദുക്റാനാ, കോട്ടയം,1984.
13. മാർ തോമായുടെ ഇൻഡ്യൻ അനാഫറാ,കോട്ടയം,1984.
14. തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.
15. അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.


www.malankaralibrary.com

www.malankaralibrary.com

54. കുർബാനയുടെ വ്യാഖ്യാനങ്ങൾ, കോട്ടയം, 2000.
55. മാർ ബാബായ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2000.
56. മധ്യകാലസഭാചരിത്രം, കോട്ടയം, 2000.
57. പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.
58. മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 2001 (3-ാം പതിപ്പ്).
59. മാർ അപ്രേം, ഉൽപത്തിഭാഷ്യം, കോട്ടയം, 2001.
60. മാർ അപ്രേം, പറുദീസാഗീതങ്ങൾ, കോട്ടയം, 2001.
61. മാർ അപ്രേം, കന്യാത്വഗീതങ്ങൾ, കോട്ടയം, 2001.
62. മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001.
63. മാർ അപ്രേം, സുവിശേഷഭാഷ്യം, കോട്ടയം, 2002.
64. മാർ ഈശോദാദ്, പുതിയനിയമഭാഷ്യം,കോട്ടയം, 2002.
65. മാത്യൂസ് മാർ അത്തനാസ്യോസിന്റെ കാനോനാകൾ, കോട്ടയം, 2002.
66. വിശുദ്ധ ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2003.
67. വിശുദ്ധ ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്, കോട്ടയം,2003.
68. വിശുദ്ധ ജോൺ ഡമഷീൻ, സത്യവിശ്വാസം, കോട്ടയം, 2003.
69. വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ, കോട്ടയം,2003.
70. ഒരിജൻ, ലൂക്കാഭാഷ്യം, കോട്ടയം, 2005.
71. യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം, കോട്ടയം, 2005.
72. കത്തോലിക്കാവിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും, കോട്ടയം, 2005 (5-ാം പതിപ്പ്).
73. യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം, തിരുവനന്തപുരം, 2006.
74. പ്രാചീന സന്യാസനിയമങ്ങൾ, കോട്ടയം, 2006.
75. വി. ജോൺ ക്രിസൊസ്തോം-ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, കോട്ടയം, 2006.
76. പട്രോളജി, വാല്യം,1, കോട്ടയം, 2006.
77. പട്രോളജി, വാല്യം-2, കോട്ടയം, 2006. .
78. മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്,തിരുവനന്തപുരം,2006.
79. സൈറസിലെ തിയഡൊറെറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്), കോട്ടയം, 2007.
80. കമ്മൂണിയോ ഇൻ ക്രിസ്തോ - നിയമാവലി, തിരുവനന്തപുരം, 2007.
81. പട്രോളജി, വാല്യം-3, കോട്ടയം, 2008.
82. മാർ അപ്രേം, വിശ്വാസഗീതങ്ങൾ, കോട്ടയം, 2008.
83. സുറിയാനി സഭാസാഹിത്യം, 2008
84. മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ, 2009
85. മാർ അപ്രേം, സഭാ ഗീതങ്ങൾ, 2009

www.malankaralibrary.com

www.malankaralibrary.com

**1981**

9. “Unity versus Uniformity: An Ecumenical Question”: ***in*** *Christian Orient* 2/4(1981)141-164.
10. “Unity versus Uniformity: An Ecumenical Question” also ***in*** E*cumenism in Dange*r, Kottayam, 1986,17-40; See the German translation in 1982.
11. ‘‘സഭാപിതാക്കന്മാരുടെ പ്രസക്തി” ***in*** *മതവും ചിന്തയും* 61/6 (1981) 525–534.
12. “മലങ്കര കത്തോലിക്കാ സഭാസൂനഹദോസും മലങ്കരസഭയ്ക്കൊരു പാത്രിയർക്കീസും” ***in*** *ക്രൈസ്തവകാഹളം* 40/2 (1981) 3–5.
13. “വീണ്ടും ഏകറീത്തുവാദം” ***in*** *ക്രൈസ്തവകാഹളം* 40/2 (1981) 9–10.
14. “മലങ്കരസഭയിലെ കുർബാനക്രമം-മാർ യാക്കോബിന്റെ അനാഫറ-പുരാതനമായ ഒരു കുർബാനക്രമത്തിന്റെ സവിശേഷതകൾ” ***in*** *ദുക്റാന* 1/2 (1981) 10–15.
15. “അൻപതുനോമ്പ് മലങ്കരസഭയിൽ” ***in*** *ദുക്റാന* 1/4 (1981) 30–33.
16. “പതിനഞ്ചുനോമ്പ് സീറോ-മലങ്കരസഭയിൽ” ***in*** *ദുക്റാന* 1/8 (1981) 117.
17. “കുരിശടയാളം” ***in*** *ദുക്റാന* 1/9 (1981) 11–14.
18. “എട്ടാംദിവസം – ഒന്നാംദിവസം” ***in*** *ദുക്റാന* 1/12 (1981) 11–15.
19. Book Review: J.Madey, Der von dir Vater und von deinem Sohne nimmt, Paderborn,1980, ***in*** *Christian* Orient, 2/2 (1981)

**1982**

20. “മലങ്കരസഭയിലെ വലിയാഴ്ച ആചരണം” ***in*** *ദുക്റാന* 2/4(1982)19 –23.
21. “ഉത്ഥാനത്തിന്റെ സന്ദേശം” ***in*** *മലങ്കരവിളക്ക്*(തമിഴ്) ഏപ്രിൽ, 1982.
22. “പാതാളം മാർ അപ്രേമിന്റെ ദർശനത്തിൽ” ***in*** *യുവചേതന* 1982.
23. “കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മ- മലങ്കര കത്തോലിക്കാസഭ”, തിരുവനന്തപുരം, 1982 (ലഘുലേഖ).
24. “കിഴക്കിന്റെ കാതോലിക്കോസ്” ***in*** *കതിരൊളി* 21/7 (1982) 227–230.
25. “എക്യൂമെനിസം ഇന്ന്” ***in*** *സിൽവർ ജൂബിലി സുവനീർ*, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, 1982,പേ.127–130.
26. “ഐക്യം ഇന്നിന്റെ ആവശ്യം” ***in*** *ദീപിക* സെപ്തംബർ 11–13,1982.
27. “Einheit im Wiederspruch zur Einfoermigkeit-Ein oekumenisches Problem aus indisch-orientalischer Sicht”, ***in*** *Der Christliche Osten*,

www.malankaralibrary.com

www.malankaralibrary.com

**1986**

41. "കാതോലിക്കോസ്," ***in*** *മാർപാപ്പാ സന്ദർശന സ്മരണിക*, കോട്ടയം, 1986,പേ. 173–181 (കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരണം).
42. "റോമാസാമ്രാജ്യവും തെക്കേ ഇൻഡ്യയും" ***in*** *മാർപാപ്പായുടെ തിരുവനന്തപുരം സന്ദർശനസ്മരണിക*,തിരുവനന്തപുരം, 1986,പേ.24.
43. "The Anomalous Situation in the Indian Church": ***in*** *The Freedom Fighters of the Thomas Christians*, ed. T.Vellilamthadom-Kurianal, Kottayam 1986,p.75-82.
44. Editorial: "Ecumenical Scandal" ***in*** *Christian Orient*, 7/4(1986)153-155.

    Section Editor of *Christian Orient*: Ecumenism (1986-1990)

**1987**

45. Editorial: "Ecumenism in Practice" ***in*** *Christian Orient* 8/4(1987)151-152.
46. "The Thomas Christians - Judaeo Budhist Hindu Christians?": ***in*** *Christian Orient* 8/4(1987)189-190

**1988**

47. Editorial: *Christian Orient/*Ecumenism 9/4(1988) 153-154.

**1989**

48. "Fr.Placid and the Malankara Catholic Church" ***in*** *Christian Orient*,10/4(1989)141-142.

**1990**

49. "The Syriac Manuscripts burned by the order of the Synod of Diamper(1599)" ***in*** *Orientalia Christiana Analecta*, 236, Rome, 1990.p.409-422 (Paper read at the 6th Symposium Syriacum at Louvain on 29-31, August 1988).
50. Editorial *Christian Orient/Ecumenism*, 11/4 (1990)149-150.

**1992**

51. "എന്റെ ധ്യാനാനുഭവം" ***in*** *വചനോത്സവം* 6/9 (1992 ജൂലൈ)21–22.

**1993**

52. "കേരളത്തിലെ ക്രൈസ്തവസഭകൾ" ***in*** *ക്രൈസ്തവകേരളം,* (എഡി.) പോളി കണ്ണൂക്കാടൻ, ആളൂർ, 1993, പേ.9–18

    1993–1996–മൈനർ സെമിനരി റെക്ടർ.
53. "Ms.Vat.Syr. 592,fol.8v-26v: Some Useful Counsels on the Ascetical

www.malankaralibrary.com

www.malankaralibrary.com

**1997**

65. ''മലങ്കരസഭാചരിത്രം'' ***in*** *മാർത്താണ്ഡം രൂപതാസ്ഥാപനം-ബിഷപ്പ് ലോറൻസ് മാർ അപ്രേം സ്ഥാനാരോഹണ സപ്ലിമെന്റ്* (കേരളാടൈംസ് 1997 ജനുവരി 23,വ്യാഴം) പേ. 3-4.10.
66. "മലങ്കര കത്തോലിക്കാ സഭയുടെ എക്യുമേനിക്കൽ ദൗത്യം"-***in*** *മെത്രാഭിഷേക സ്മരണിക* 1997, ബത്തേരി 1997,പേ.19-20.
67. "യാക്കോബായാ, ഓർത്തഡോക്സ്, മലങ്കര കത്തോലിക്കാ സഭാ സമൂഹങ്ങൾക്ക് ഒരു തുറന്ന കത്ത്," ***in*** *ഐക്യദീപം*, 23/9 (1997 സെപ്തംബർ)17-20.
68. "സഭൈക്യത്തിന്റെ പാതയിൽ തുറന്ന മനസ്സോടെ" ***in*** *ക്രൈസ്തവ കാഹളം* 10/1(1997 ജനുവരി)25-28.

    "പ്രോ ഓറിയെന്തെ സുറിയാനി കമ്മീഷനും പൗരസ്ത്യ അസ്സീറിയൻ സഭയുമായുള്ള സഭൈക്യ സംവാദവും", ***in*** *ദുക്റാന* 17/10 (1997 ഒക്ടോബർ) 29-38.
69. "The Pro-Oriente Syriac Commission and Ecumenical Dialogue with the Assyrian Church of the East", ***in*** *Christian Orient*, 18/4 (1997)175-184.

**1998**

70. "ബഥനിയും മലങ്കരസഭയും" ***in*** *ഐക്യദീപം* 24/3 (1998 ഏപ്രിൽ) 8 -9.
71. "കത്തോലിക്കാ സഭയുടെ എക്യുമേനിക്കൽ പ്രവർത്തനങ്ങൾ" ***in*** *ഐക്യദീപം* 25/8(1998 സെപ്തംബർ)38-40.
72. "മറിയം രണ്ടാമത്തെ ഹവ്വാ" ***in*** *ജീവരക്ഷാന്യൂസ്* 1/9(1998) 24-25.
73. "പെറ്റമ്മയെ മറന്നാലും അന്ത്യോക്യയെ മറക്കൂല" ***in*** *മലങ്കരസഭാദീപം* 4/14(1998 മെയ് 16-31)5-6.
74. "ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ" ***in*** *ദുക്റാന* 18/2 (1998 ഫെബ്രുവരി)14-16.
75. "A Voice in the Wilderness", ***in*** *Christian Orient*, 19/1(1998) 13-25; See also the Dutch translation in 1999.
76. "La Controverse des Trois Chapitre-Histoire de la controverse" ***in*** *La Tradition Syriaque- II,*Paris,1998; also *Istina* 43(1998) 75-110, Paris 1998.
77. "The Catholic-Malankara Orthodox Dialogue" ***in*** *Christian Orient*, 19/4 (1998) 153-159.

*www.malankaralibrary.com*

www.malankaralibrary.com

94. "Some Reflections on the Mystery of Incarnation" ***in*** *Christian Orient*, 21/4(2000)153-163.

95. Editorial *Christian Orient*/Ecumenism) 21/4 (2000)151.

**2001**

96. "സഭൈക്യവീക്ഷണം" ***in*** *വൈദികരുടെ വൈദികൻ* (എഡി.) ഇ.ജെ. വർഗീസ്, കോന്നി, 2001, പേ.60-62 (വി.സി.സാമുവൽ അച്ചനേക്കുറിച്ച്).

97. "അലക്സാണ്ഡ്രിയായിലെ മാർ ക്ലീമീസ്" ***in*** *ക്രൈസ്തവകാഹളം* 60/8(2001 ആഗസ്റ്റ്-സെപ്തം.)56-59.

98. "Ecumenism in India" ***in*** *Studia Oecumenica I,* Opole,2001, p.143-152 (on the Reunion Movement of 1930).

99. Dominus Deus" ***in*** *Christian Orient*, 22/1(2001)37-41.

**2002**

100. "മലങ്കരസഭയുടെ അന്ത്യോക്യൻ ബന്ധവും സഭയിലുണ്ടായ പിളർപ്പുകളും" ***in*** *ഐക്യദീപം* 30/8 (2002 നവം.) പേ. 27-30.

101. "വിവാഹം" ***in*** *ലിറ്റർജി പ്രസംഗവേദിയിൽ* (എഡി.) ഫിലിപ്പ് ചെമ്പകശ്ശേരി,തിരുവനന്തപുരം 2002,പേ.152-15.

102. "Pro Oriente Syriac Dialogue" ***in*** *Studia Oecumenica II* (2002) 27-42.

103. "The Week of Prayer for Christian Unity" ***in*** *Mother Calls,*1/3 (2002 January)14-16.

104. "Archbishop Mar Ivanios and Ecumenism" ***in*** *Studia Oecumenica II* (2002) 243-258.

105. "Crisis in a Sister Church: Painful Story of an Apostolic Church" ***in*** *Christian Orient*, 23/4(2002) 151-173.

106. Editorial *Christian Orient/Ecumenism*, 23/4,(2002) p.150.

107. "The Three Crucial Terms in Syriac Theology: Kyana,Qnoma and Parsopa", ***in*** *Harp* 15 (2002) 59-65 ( Festschrift Mar Aprem).

**2003**

108. കുരിശടയാളം" ***in*** *ആരാധനക്രമ വിജ്ഞാനകോശം*, (എഡി.)ജേക്കബ് വെള്ളിയാൻ, കോട്ടയം, 2003, പേ. 268-269.

109. "ഞായറാഴ്ച-എട്ടാംദിവസം, ഒന്നാംദിവസം", ***in*** *ആരാധനക്രമ വിജ്ഞാനകോശം,* (എഡി.) വെള്ളിയാൻ പേ.371-373.

110. "Ecumenism and Reunion;Two Basic Issues" ***in*** *Malankara Voice* 3/4 (2003) 6-7.29

www.malankaralibrary.com

www.malankaralibrary.com

126. A Review of my Book: *The Malankara Catholic Church* by Rajmund Poroda,Opole ***in*** *Studia Oecumenica, 4* (2005) 251-155 (in Polish)
127. "The Churches of the Syriac Tradition in Dialogue", ***in*** *Studia Oecumenica,5* (2005)271-290.
128. "The Malankara Catholic Catholicos and the Catholicate" ***in*** *Studia Oecumenica 5* (2005)87-96.
129. "Syriac Dialogue 4-5" ***in*** *Harp* 18 (2005)83-89.
130. "Preface" to *Moran Etho -27:* Bestellung eines Bischofssitzen Sede Vacante..by Prof.J.Madey.
131. "The Malankara Catholic Church and its new Status in the Catholic Communion" ***in*** *Christian Orient*, 26/4(2005)5-13.
132. Editorial *Christian Orient/Ecumenism,*26/4(2005), p.2-4.
133. "The Malankara Catholic Catholicos and the Catholicate", ***in*** *Ostkirchlilchen Studien* Band 54.Heft 3-4, 2005

**2006**

134. "മാർ അപ്രേം", ***in*** *ദുക്റാന* 25/10 (2006) 57.
135. "നമ്മുടെ കർത്താവിന്റെ കുരിശ്-വി.ജോൺ ക്രിസൊസ്തോമിന്റെ വീക്ഷണത്തിൽ", ***in*** *ദുക്റാന* 26/11 (2006 ജൂലൈ) 30-33.
136. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം എന്ന ഗ്രന്ഥത്തിൽ (എഡി.) ജോൺ കച്ചിറമറ്റം, "റവ.ഡോ.ഗീവർഗീസ് ചേടിയത്ത്" എന്ന ലേഖനം, പിഴക്/കോട്ടയം, പേ.1218-1222 (എന്റെ ജീവചരിത്രവും ഗന്ഥങ്ങളുടെ പേരുകളും കൊടുത്തിട്ടുണ്ട്.
137. "ക്രിസ്തുമതം കേരളത്തിൽ" ***in*** *കേരളവിജ്ഞാനദീപിക*, തിരുവനന്തപുരം, 2006, പേ.73-78.
138. "Ecumenism in India in the 20th Century", ***in*** *Malankara Catholic Convention Souvenir*, New York, 2006, p.74-76.
139. Book Review : Metropolitan Bishop of Damiette, A Documentary on the Nestorian Assyrian Church of the East, Its History, Present Condition and Doctrines ***in*** *Studia Oecumenica 5* (2005) 404-408.
140. A book review by George Nedungatt of my book, *The Malankara Catholic Church* ***in*** *Orientalia Christiana Periodica,* 71/1(2005)222.

*www.malankaralibrary.com*


www.malankaralibrary.com

# OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 288. | G. Chediath | പട്രോളജി - വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി - വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |
| 294. | P. Vadakeoram | Heidegger's Vision of Human Existence in the expression and appropriation of Being 2007, p.417, Rs.300 |
| 295. | J. Kattackal | Gita - A Christian Commentary, 2008, p.250, Rs.100.00 |
| 296. | J. Kattackal | Three Hundred Verses of Bhartrhari: Text, Translation and Christian Commentary, 2008, p.220, Rs.100.00 |
| 297. | S.Kannniyakonil-S.Chirapanath (Ed.), | ധാർമ്മിക ദൈവശാസ്ത്രം, 2008, പേജ് 544, Rs.300.00 |
| 298. | P.Pallath | The Eucharistic Liturgy of the St. Thomas, Christians and the Synod of Diamper, 2008, p.236, Rs.100.00 |
| 299. | A.Mekkattukunnel | പ്രത്യാശയുടെ ചൂണ്ടുപലകകൾ, 2008, p.64,Rs.30.00 |
| 300. | G. Chediath | പട്രോളജി-III, 2008, p.276, Rs.80.00 |
| 301. | G. Chediath | മാർ അപ്രേം, വിശ്വാസഗീതങ്ങൾ, 2008, പേജ് 256, Rs.100.00 |
| 302. | Mar Joseph Neelankavil | Feasts and Celebrations, 2008,p.240, Rs.225.00 |
| 303. | J.Puliurumpil | The Early Christian Settlements of Kerala, 2008, p.172, Rs.90.00 |
| 304. | C.Pyngott | തിരുനാളുകൾ, 2008, p.396, Rs.210.00 |
| 305. | A.Mekkattukunnel | ദൈവവചനം: റൂഹായുടെ സിംഫണി, 2008, p.64,Rs.50.00 |
| 306. | J.Thamarasserry | Church:Sign and Sacrament of Unity, 2009, p.790, Rs.300.00 |
| 307. | L.Arangasserry | Order and Priesthood |
| 308. | J.Kattackal | Dharma Pada, 2009, p.147, Rs.100 |
| 309. | G. Chediath | മാർ അപ്രേം-നിസിബിയൻ ഗീതങ്ങൾ, 2009, p.232, Rs.100 |
| 310. | G. Chediath | മാർ അപ്രേം-സഭാഗീതങ്ങൾ, 2009 |
| 311. | A.Mekkattukunnel | പൗലോസ് ശ്ലീഹാ: ജനതകൾക്കൊരു പ്രകാശ ഗോപുരം, 2009, p.192, Rs.100.00 |

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

www.malankaralibrary.com



മാർ അപ്രേം

# സഭാഗീതങ്ങൾ